കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2017 മേയ്
വില ₹15



## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ചില കഥാപുസ്തകങ്ങൾ

**ആഫ്രിക്കൻ നാടോടിക്കഥകൾ**
ഡി വിനയചന്ദ്രൻ
125രൂപ

**രണ്ടു കുറ്റാന്വേഷണകഥകൾ**
സത്യജിത് റായ്
140രൂപ

**എന്റെ ഓമനക്കഥകൾ**
ഉണ്ണിക്കൃഷ്ണൻ പുതൂർ
50രൂപ

**ശിശിരത്തിലെ ഓക്കുമരം**
പുനരാഖ്യാനം: സി തങ്കം
110രൂപ

**പക്ഷിപുരാണം**
സുരേഷ് മണ്ണാറശ്ശാല
70രൂപ

**സ്കൂൾക്കഥകൾ**
എം കൃഷ്ണദാസ്
60രൂപ

**റഷ്യൻ നാടോടിക്കഥകൾ**
കെ ഗോപാലകൃഷ്ണൻ
650രൂപ

**മാനിപ്പുല്ലുണ്ടായ കഥ**
ഷേർളി എം ജോസഫ്
40രൂപ

**പക്ഷിച്ചന്ത**
ഡോ. രാധിക സി നായർ
40രൂപ

**കുറിഞ്ഞിയുടെ മോഹം**
ബീന ജോർജ്ജ്
35രൂപ

പുസ്തകങ്ങൾ തിരുവനന്തപുരം പാളയം സംസ്കൃതകോളേജ് കാമ്പസിലെ പുസ്തകശാലയിൽ ലഭ്യമാണ്. ഡിഡി/മണിയോർഡർ ആയി പണമയച്ചാൽ കൊറിയറിലും പുസ്തകം ലഭിക്കും. വിശദവിവരത്തിന് എഴുതുക.

**സെയിൽസ് വിഭാഗം**
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്
തിരുവനന്തപുരം 34 ഫോൺ: 0471 2327276
email: sales@ksicl.org

## തളിര് വരിക്കാരാകാൻ

160രൂപയാണ് തളിരിന്റെ വാർഷികവരിസംഖ്യ. ഒറ്റപ്രതി 15രൂപ. വരിക്കാരാവാൻ 160രൂപ ഡിഡിയോ മണിയോർഡറോ ആയി

**എഡിറ്റർ**
**തളിര്**
**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**സംസ്കൃതകോളേജ് കാമ്പസ്**
**പാളയം, തിരുവനന്തപുരം 34**

എന്ന വിലാസത്തിൽ അയയ്ക്കാം. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓഫീസിൽ നേരിട്ടു വന്നും വാർഷികവരിക്കാരാവാം. പത്തുതളിരോ അതിൽക്കൂടുതലോ എടുക്കുന്ന സ്കൂളുകൾക്ക് ഒരുമിച്ചു പണമടക്കുമ്പോൾ 150രൂപ വീതം അടച്ചാൽ മതിയാകും. അതായത് 10തളിരിന് 1500രൂപ മാത്രം. ഇങ്ങനെയുള്ള സ്കൂളുകൾക്ക് 'തളിര് വായനാമത്സര'ത്തിൽ പങ്കെടുക്കാനുള്ള അർഹത ഉണ്ടായിരിക്കും. സംശയങ്ങൾ thaliru@ksicl.org എന്ന ഇ-മെയിലിൽ ചോദിക്കാവുന്നതാണ്.

# തളിര്


പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

മേയ് 2017
വില ₹15
വാർഷികവരിസംഖ്യ ₹160


## ഉള്ളടക്കം



6

## മലയാളം ഒരു ഗാനം

**സച്ചിദാനന്ദൻ**

മലയാളം എല്ലാ വിദ്യാലയങ്ങളിലും നിർബന്ധമാക്കി സർക്കാർ ഉത്തരവിറക്കിക്കഴിഞ്ഞു. മലയാളത്തെക്കുറിച്ച് മനോഹരമായ ഒരു കവിത ഈ ലക്കത്തിൽ വായിക്കാം.

## എന്റെ ഭാഷ ഞാൻ തന്നെയാണ്

**വി മധുസൂദനൻ നായർ**

8

നമ്മുടെ ജീവിതഭാഷ എത്രത്തോളം നമ്മെ സ്വാധീനിക്കുന്നുണ്ടാവും? മലയാളത്തെ മറന്ന് ഇംഗ്ലീഷ് മാത്രം പഠിച്ചാൽ മതിയോ നമ്മൾ? മലയാളത്തിന്റെ പ്രിയകവി എഴുതിയ ലേഖനം അതിനുത്തരം തരും.



## ഒരുക്കാം വീട്ടിലൊരു വന്യജീവിസങ്കേതം

18

**മനോജ് പി**

അവധിക്കാലം പ്രകൃതിനിരീക്ഷണ - പഠനപ്രവർത്തനങ്ങൾക്കു പറ്റിയ സമയമാണ്. അല്പം ക്ഷമയും താത്പര്യവുമുണ്ടെങ്കിൽ നമ്മുടെ വീടുതന്നെ ഒരു വന്യജീവിസങ്കേതമാക്കി മാറ്റാം.




**മുൻമൊഴി** ........ 4
സുഗതകുമാരി

**ആനക്കാര്യം** ........ 5
രാജീവ് എൻ ടി

**കവിതാപരിചയം** ........ 7
എ ആർ രാജരാജവർമ്മ

**വീമ്പ്** ........ 11
ഹിത പി വി

**സ്വർണക്കൊലുസ്** ........ 12
ചന്ദ്രമതി

**അൻപ്** ........ 16
ഡോ. സുജ ശ്രീകുമാർ

**സ്കൂൾഡേയ്സ്** ........ 17
രാജീവ് എൻ ടി

**സമ്മാനം** ........ 24
എസ് ശിവദാസ്

**ജൈവവൈവിധ്യദിനം** ........ 26
എസ് ശാന്തി

**അന്നമൂട്ട്** ........ 30
ശ്രീകുമാർ മുഖത്തല

**കടപയാദി** ........ 32
പള്ളിയറ ശ്രീധരൻ

**ആധാർർ...** ........ 34
ഡോ. രാധിക സി നായർ

**ഉണ്ടാക്കാം** ........ 37
അരവിന്ദ് ഗുപ്ത

**ശൈലി വന്ന വഴി** ........ 38
എം ഗീതാഞ്ജലി

**മഹാഭാരതം** ........ 42
സുഗതകുമാരി

**സിനിമാപരിചയം** ........ 44
സുലോചന റാംമോഹൻ

**അക്ഷരചിത്രം** ........ 46
ഭരണിക്കാവ് കൃഷ്ണൻ

**ഇളംതളിര്** ........ 47



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**എം എസ് കുമാർ**
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

കവർ
**ജയേന്ദ്രൻ**

ആർട്ട്
**അരുണ ആലഞ്ചേരി**

ലേഔട്ട്
**വിഷ്ണു പി എസ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**



**തളിര്**

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790

**e-mail : thaliru@ksicl.org, director@ksicl.org**



**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

**www.ksicl.org**

എന്റെ കുഞ്ഞുങ്ങൾക്ക്,

ഒരുപാടു വ്യസനിക്കുന്ന, ലജ്ജിക്കുന്ന, ഭയപ്പെടുത്തുന്ന വാർത്തകൾ കേട്ട മാസങ്ങളാണിവ. ചെറിയ പെൺകുട്ടികൾ കൊല്ലപ്പെടുന്നു. പീഡിപ്പിക്കപ്പെടുന്നു. മുതിർന്ന ചേച്ചിമാരും ചേട്ടന്മാരും ആത്മഹത്യ ചെയ്യുന്നു. കോളേജുകളിലെല്ലാം കലഹങ്ങൾ, ആത്മഹത്യകൾ. ഓരോ ദിവസവും ദാരുണമായ സംഭവങ്ങളാണ് ടിവിയിലും പത്രങ്ങളിലും നിറയുന്നത്.

നിങ്ങൾ പതിവായി പത്രം വായിക്കാറുണ്ടോ? ടി വി ന്യൂസ് കാണാറുണ്ടോ? വാർത്തകൾ നിങ്ങൾക്ക് വലിയൊരു ലോകം തുറന്നിട്ടു തരികയാണ്. നിങ്ങളുടെ അറിവുകൾ വികസിക്കുകയാണ്. നിങ്ങൾ ജീവിക്കുന്ന ഈ ലോകം അത്ര നല്ലതൊന്നുമല്ല എന്നൊരു മുന്നറിയിപ്പു കൂടിയാണ് വാർത്തകൾ.

അപ്പോൾ നിങ്ങൾ എന്തു ചെയ്യണം? പതിവുപോലെ മതിയോ എല്ലാം? പോരാ, നിങ്ങൾ ജാഗ്രത പാലിക്കണം. സ്വന്തം കാര്യത്തിൽ മാത്രമല്ല, നിങ്ങളുടെ വീട്ടിലെ കൊച്ചുകുട്ടികളുടെ കാര്യത്തിലും കൂട്ടുകാരുടെ കാര്യ



വര: സുധീർ പി വൈ

ത്തിലുമെല്ലാം കൂടുതൽ ശ്രദ്ധവെയ്ക്കണം. അവർ സുരക്ഷിതരാണോ? വെളിയിൽ മാത്രമല്ല, വീടിനുള്ളിലും നിങ്ങൾ സുരക്ഷിതരാണോ എന്നതിൽ ജാഗ്രത പുലർത്തണം.

സ്പർശം എന്ന വാക്കിന്റെ അർഥം തൊടുക എന്നാണ്. നല്ല സ്പർശം, ചീത്ത സ്പർശം എന്നിങ്ങനെ രണ്ടുതരത്തിലുള്ള തൊടലുകളുണ്ട്. അവയുടെ അർഥം കുട്ടിക്കാലത്തുതന്നെ നിങ്ങൾ മനസ്സിലാക്കണം. ഇഷ്ടത്തോടെ, വാത്സല്യത്തോടെ തൊടുന്നതും മോശമായ മനോഭാവത്തോടെ തൊടുന്നതും തിരിച്ചറിയണം. അങ്ങനെയുള്ളവരെ അടുപ്പിക്കാതെ സൂക്ഷിക്കണം. കുറച്ചു മുതിർന്ന കുട്ടികൾക്ക് അതു മനസ്സിലാകും. പക്ഷേ കൊച്ചുകുഞ്ഞുങ്ങൾക്ക് ഒന്നും മനസ്സിലാവുകയില്ല. അതുകൊണ്ട് അവരെ സൂക്ഷിച്ചു പരിപാലിക്കേണ്ടത് അമ്മമാരാണ്. അമ്മൂമ്മമാരാണ്, ചേച്ചിമാരും ചേട്ടന്മാരുമാണ്. ഒരു നോട്ടം നിങ്ങളുടെ ഇളയകുഞ്ഞുങ്ങളുടെ മേൽ നിങ്ങൾക്കുമുണ്ടായിരിക്കണം.


പിന്നെ, ഒന്നു കൂടി പറയാനുണ്ട്. എന്തെങ്കിലും മോശമായ ഒരനുഭവം ഉണ്ടായാൽ അത് ഒരിക്കലും ഒളിപ്പിച്ചുവെയ്ക്കരുത്. ഉടൻതന്നെ അമ്മയോടോ, ടീച്ചറിനോടോ

**നല്ല സ്പർശം, ചീത്ത സ്പർശം എന്നിങ്ങനെ രണ്ടുതരത്തിലുള്ള തൊടലുകളുണ്ട്. ഇഷ്ടത്തോടെ, വാത്സല്യത്തോടെ തൊടുന്നതും മോശമായ മനോഭാവത്തോടെ തൊടുന്നതും തിരിച്ചറിയണം. അങ്ങനെയുള്ളവരെ അടുപ്പിക്കാതെ സൂക്ഷിക്കണം.**

പറയണം. അവർ വേണ്ടതു ചെയ്യുമെന്നാണ് എന്റെ ആശ.

ഭയപ്പെടുത്തുന്ന പീഡനവാർത്തകൾ കേട്ടു പേടിക്കരുത്. ഒരിക്കലും ധൈര്യം കൈവിടരുത്. സ്വന്തം ശരീരത്തെയും ജീവനെയും രക്ഷിക്കുവാനുള്ള മെയ്ക്കരുത്തും മനക്കരുത്തും കുട്ടികൾ വളർത്തിയെടുക്കണം. അതിന് നിങ്ങളെ പ്രാപ്തരാക്കേണ്ടത് തീർച്ചയായും വീട്ടുകാർ മാത്രമല്ല, അധ്യാപകർ കൂടിയാണ്. നല്ലതുവരട്ടെ എന്നു പ്രാർഥിക്കുന്നു.

സ്നേഹത്തോടെ,
**സുഗതകുമാരി**









# മലയാളം ഒരു ഗാനം

സച്ചിദാനന്ദൻ

ഹാ മലയാളമേ നീയില്ലയെങ്കിലീ
ജീവിതമെത്ര നിരർത്ഥം!
നീയില്ലയെങ്കിലെന്നാനന്ദമി,ല്ലെന്റെ
വേദനയ്ക്കില്ലൊരു ഭാഷ.

നീയെന്റെ കാഴ്ചയും കേൾവിയും ചിന്തയും
നീയെൻ വികാര,മെൻ സ്വപ്നം
നീ മഴ പോലെന്നിൽ വാക്കുകൾ പെയ്യുന്നു
നീയേ വെയിലും നിലാവും

നീ വേര്, നീ ചെടി, നീ പൂവ്, നീ ഫലം,
നീ തന്നെ ഭാവി തൻ വിത്തും.
നീ കടൽ പോലേ തിരയടിച്ചെത്തുന്നു
നീ കറങ്ങീടുന്നു കാറ്റായ്.

നീ തന്നെ തുഞ്ചന്റെ സീത, നീ റാണി, നീ
കാനനത്തിൽ പരിത്യക്ത.
നീ വിരിയുന്നൂ വനത്തിന്നിരുട്ടിലും
കല്യാണസൗഗന്ധികം പോൽ.

നിൻ വിജനത്തിലലഞ്ഞൂ ദമയന്തി;
നിന്റെ സാനുക്കളിൽ ലീല.
മോഹിനിയായ് ലാസ്യമാടി നീ, താണ്ഡവ
മായീ പതിതർ തൻ പാട്ടിൽ.

നീ കേരളത്തിൻ തനിമയും കീർത്തിയും
പ്രാണന്റെ സ്പന്ദവും തീയും
നീ ഭൂതവർത്തമാനങ്ങൾ, നീ ഭാവി, നീ-
യാണു ഞങ്ങൾക്ക് പ്രപഞ്ചം.

ഹാ, മലയാളമേ, നിൻ പച്ചയില്ലെങ്കിൽ
ജീവിതമേ മരുഭൂമി.
വന്നേറ്റു വാങ്ങുകീ ഭാഷ കിടാങ്ങളേ
നിങ്ങൾക്കിതല്ലോ വെളിച്ചം.

വര: ടി ആർ രാജേഷ്

കവിതാപരിചയം

# കുയിൽ

എ ആർ രാജരാജവർമ്മ



പ്രിയമേറുമെനിക്കു പാട്ടുകേൾക്കാൻ
കുയിലേ! പാടുകയൊന്നെനിക്കു വേണ്ടി
തെളിവോടു കളിക്ക, പുഷ്പകാലം
വെളിവായെന്നു പറഞ്ഞിടുന്നിതോ, നീ.
ചൊടിയുണ്ടു നിനക്കു പാട്ടു പാടാൻ
മടിതാൻ പിന്നൊരു കൂടു തീർത്തിരിപ്പാൻ
പിടയാളവൾ മുട്ടയിട്ടിടുമ്പോ -
ളടവെയ്ക്കാൻ മറുപക്ഷി വേണമല്ലോ.
വശമില്ല നിനക്കു കൂടുവെയ്ക്കാൻ
വശമായിട്ടതു പിന്നെ വിട്ടുപോയോ?
പലനാളുരുവിട്ട പാഠമെല്ലാ-
മൊരുനാൾ വേണ്ട മറന്നിടാനെനിക്ക്.
ചെറുമുട്ട വിരിച്ചു കുട്ടിയാക്കി-
ത്തരുമാക്കാകനു വന്ദനങ്ങൾ ചൊൽക.
ഒരു നാളുമഹോ മറന്നുകൂടാ
പരനിങ്ങോട്ടുപകാരമൊന്നു ചെയ്താൽ.



വര: ബാബുരാജൻ

# എന്റെ ഭാഷ ഞാൻ തന്നെയാണ്


വി മധുസൂദനൻ നായർ

ശ്രീകൃഷ്ണൻ അർജുനനു പറഞ്ഞു കൊടുക്കുകയായിരുന്നു, ചക്രവ്യൂഹം ഭേദിച്ച് അകത്തു കടക്കുന്നതെങ്ങനെയെന്ന്. യുദ്ധരംഗത്ത്, എതിരാളിയെ നേരിടാൻ സൈന്യങ്ങളെ അണിനിരത്തുന്ന രീതികളിലൊന്നാണ് ചക്രവ്യൂഹം. ഇതു മുറിച്ച് അകത്തു കടന്നാൽ പുറത്തിറങ്ങാൻ അറിഞ്ഞുകൂടെങ്കിൽ ആളുടെ കഥ കഴിഞ്ഞതുതന്നെ.

ശ്രീകൃഷ്ണൻ പറഞ്ഞുകൊണ്ടിരുന്നു. രാത്രിയാണ്. അർജുനൻ അറിയാതെ ഉറങ്ങിപ്പോയി. അപ്പോഴും ഏതോ ഒരു കുഞ്ഞ് അതു മൂളിമൂളിക്കേൾക്കുന്നുണ്ടെന്ന് കൃഷ്ണൻ ശ്രദ്ധിച്ചു. പറയുന്നതു നിറുത്തി. അപ്പുറത്ത് ഉറക്കത്തിലായിരുന്ന സുഭദ്ര (അർജുനന്റെ ഭാര്യ)യുടെ ഗർഭത്തിൽക്കിടന്ന ശിശുവാണ് അത് മൂളിക്കേട്ടുകൊണ്ടിരുന്നത്.

ആ ശിശുവാണ് അഭിമന്യു. ചക്രവ്യൂഹത്തിൽ നിന്ന് പുറത്തുകടക്കുന്നതെങ്ങനെയെന്ന് കൃഷ്ണൻ പറഞ്ഞില്ല. ശിശുവിന് അത് മനസ്സിലാക്കാനും കഴിഞ്ഞില്ല. പിന്നീട്, മഹാഭാരതയുദ്ധത്തിൽ ദ്രോണാചാര്യൻ ചമച്ച ചക്രവ്യൂഹം മുറിച്ച് ഉള്ളിൽക്കടന്ന് അനേകംപേരെ കൊന്ന കുമാരനായ അഭിമന്യു പുറത്തിറങ്ങാൻ കഴിയാതെ കൊല്ലപ്പെട്ടുവെന്നാണ് കഥ.

ശ്രദ്ധിക്കാനൊന്നുണ്ടീ കഥയിൽ. അമ്മയുടെ വയറ്റിൽക്കിടക്കുമ്പോഴേ കുഞ്ഞ് എല്ലാം കേൾക്കുന്നുണ്ട്, അറിയുന്നുണ്ട്. നാദരൂപത്തിൽ എല്ലാം അനുഭവി



ക്കുന്നുണ്ട്. അത് കുഞ്ഞിന്റെ അറിവായി, ഓർമയായി, സംസ്കാരമായി മാറുന്നു.

അമ്മയുടെ വയറ്റിൽക്കിടക്കുമ്പോൾ മുതൽ കുഞ്ഞ് അനുഭവിക്കുകയും അറിയുകയും ചെയ്യുന്ന ഭാഷയാണ് മാതൃഭാഷ. അമ്മയിലൂടെ ചുറ്റുപാടുകളുടെ ജീവിതവും ഓർമകളുമെല്ലാം കുഞ്ഞിൽ പ്രവേശിക്കുന്നു. അതിൽ അമ്മ ജീവിക്കുന്ന സമൂഹവും സംസ്കാരവുമെല്ലാം ഉൾപ്പെടും. അമ്മയുടെ ഭാഷയും അമ്മ ജീവിച്ച സമൂഹത്തിന്റെ ഭാഷയും കൂടെയാണ് മാതൃഭാഷ. ഒരു നാടിന്റെ ഓർമയുടെ ശബ്ദം.

നമുക്കോ, മലയാളമാണ് മാതൃഭാഷ. അതിനുള്ളിൽ നമ്മുടെ വീടിന്റെയും നാടിന്റെയും ഓർമകൾ മുഴുവനുണ്ട്. പഴയകാലങ്ങൾ മുഴുവനുണ്ട്. നാട്ടാചാരവും നാട്ടുവികാരവുമെല്ലാമുണ്ട്. നമ്മുടെ കിളികൾ, നമ്മുടെ പൂവുകൾ, നമ്മുടെ മരങ്ങൾ, നമ്മുടെ മൃഗങ്ങൾ, മലകൾ, പുഴകൾ, കുളങ്ങൾ, കായലുകൾ- എല്ലാമുണ്ട്. ഉച്ചരിക്കുമ്പോൾ എല്ലാം ഉണർന്നുണർന്നുവരും. കേൾക്കുമ്പോൾത്തന്നെ അകമേ തെളിഞ്ഞുതെളിഞ്ഞു വരും.

നമ്മുടെ മാതൃഭാഷ നാം ഉച്ചരിക്കുമ്പോൾ, അതിലുള്ളതെല്ലാം നമ്മുടെയും ഉള്ളിലുണ്ടെന്നു മനസ്സിലാകും. തുമ്പിയും കുരുവിയും പരുന്തും പാമ്പും പാടവും പറമ്പും മലയും നദിയും മരങ്ങളും മരഞ്ചാടികളുമെല്ലാം, എല്ലാം കൂടെയുണ്ടാവും. എല്ലാം, എല്ലാരും, കൂടെയുള്ളവനാണ് ബലവാൻ. എല്ലാ ഓർമയും ഉള്ളിലുള്ളവനാണ് ബലവാൻ.

നമ്മുടെ മാതൃഭാഷയായ മലയാളം ഒട്ടും മോശപ്പെട്ട ഭാഷയല്ല. മോശപ്പെട്ടതാണെന്ന് ആരോ ഒക്കെ നമ്മെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു. നമ്മുടെ ഭാഷ മോശമെങ്കിൽ നമ്മളും മോശമല്ലേ? താണവരാണ് നമ്മൾ എന്നു തോന്നിയാൽ അത് അപകർഷതാബോധമാണ്. ആത്മവിശ്വാസമില്ലായ്മയാണ്. ആത്മബോധമില്ലായ്മയാണ്. ഈ തോന്നൽ നമ്മെ അടിമകളാക്കും. അടിമയ്ക്ക് സ്വാതന്ത്ര്യമില്ല.

ആദ്യം എന്തു മനസ്സിലാക്കണം? നമ്മുടെ ഭാഷ, താണതരം ഭാഷയല്ല, എന്നുതന്നെ. മറ്റു ഭാഷകളെല്ലാം നല്ലതുതന്നെ. നമ്മുടെ മാതൃഭാഷ എല്ലാത്തിനെക്കാളും നല്ലത്. കാരണം അത് എന്റെ സ്വരമാണ്, എന്റെ സമൂഹത്തിന്റെ സ്വരമാണ്. എന്റെ ഭൂതകാലങ്ങളുടെയും വർത്തമാനകാലത്തിന്റെയും സ്വരമാണ്.

ഇന്ന് ഇംഗ്ലീഷിനാണ് ഇവിടെ വലിയ സ്ഥാനം. അതിനു കുഴപ്പമില്ല. എന്നാൽ ഇംഗ്ലീഷിലേ ധാരാളം നല്ല വാക്കുകളുള്ളൂ എന്നു ധരിക്കുന്നതു തെറ്റാണ്.

'വെള്ളം'- ഇതിന് ഇംഗ്ലീഷിൽ എത്ര വാക്കുകളുണ്ട്? അന്വേഷിച്ചുനോക്കൂ. ഒരേയൊരു വാക്ക്. പിന്നെ, ഒരു വിശേഷണപദം കൂടി. അത്രയേ ഉള്ളൂ. മലയാളത്തിലോ? വെള്ളം, നീര്, ജലം, അംഭസ്സ്, അർണം, തോയം, പാനീയം, അംബു, ശംബരം, ജീവനം, ഭുവനം, വനം- ഇങ്ങനെ ഒത്തിരി.

'മര'ത്തിന് ഇംഗ്ലീഷിൽ എത്രവാക്കുകളുണ്ട്? ഒന്നേ ഒന്ന്. നമുക്കോ? വൃക്ഷം, മഹിരുഹം, ശാഖി, വിടപി, തരു, പാദപം, ഭൂരുഹം- ഇനിയുമിനിയും.

'സ്കൈ' എന്നു പറഞ്ഞാൽ കഴിഞ്ഞു ഇംഗ്ലീഷിലെ ആകാശം. നമുക്ക് ആകാശം, മാനം, വിണ്ണ്, എന്നിവ കൂടാതെ വാനം, ഗഗനം, വ്യോമം, വിഹായസ്സ്, നഭസ്സ്, ഖം എന്നിങ്ങനെ എത്ര വാക്കുകൾ!

ഉച്ചാരണംതന്നെ നോക്കൂ. ഇംഗ്ലീഷിൽ 26 അക്ഷരങ്ങളുണ്ടെങ്കിലും 26 ഉച്ചാരണങ്ങളില്ല. എസ്, സി, എക്സ്, സെഡ് തുടങ്ങിയവ ശ്രദ്ധിക്കൂ. 'ഡബ്ളിയു' മാത്രം നോക്കിയാൽ മതി. അതിൽ ഡ്, അ, ബ, ള്, ഇ, യു. ഇത്രയുമുണ്ട്. ഈ അക്ഷരം കൊണ്ട് എന്തു പ്രയോജനം?

ഇതൊന്നും ഇംഗ്ലീഷിനെ ചെറുതാക്കാൻ പറഞ്ഞതല്ല. നമ്മുടെ ഭാഷയ്ക്ക് അതിനെക്കാൾ കരുത്തും സമ്പത്തും ഉണ്ട് എന്ന് ബോധ്യപ്പെടാനാണ്. അൻപത്തിനാലു വർണങ്ങൾ നന്നായി ഉച്ചരിക്കാൻ നമ്മുടെ ഭാഷയിലുണ്ട്. എഴുതുന്നതുപോലെ ഉച്ചരിക്കാനും ഉച്ചരിക്കുംപോലെ എഴുതാനും കഴിയുന്ന ഭാഷയാണ് മലയാളം.

മഴ, മിഴി, വാഴ, തഴ, പുഴ, കുഴ, ചുഴി, ആഴി- ഇതൊക്കെ ഉച്ചരിക്കാൻ ഇംഗ്ലീഷുപോലുള്ള ഭാഷകൾ മാത്രം പഠിച്ചവർക്ക്

**നമ്മുടെ മാതൃഭാഷ നാം ഉച്ചരിക്കുമ്പോൾ, അതിലുള്ളതെല്ലാം നമ്മുടെയും ഉള്ളിലുണ്ടെന്നു മനസ്സിലാകും. തുമ്പിയും കുരുവിയും പരുന്തും പാമ്പും പാടവും പറമ്പും മലയും നദിയും മരങ്ങളും മരഞ്ചാടികളുമെല്ലാം, എല്ലാം കൂടെയുണ്ടാവും.**

കഴിയില്ല. ശ, ഷ, സ എന്നിവ നേരേ ഉച്ചരിക്കണമെങ്കിൽ മലയാളം പഠിക്കണം. മലയാളത്തിന്റെ ഉച്ചാരണങ്ങൾ പഠിച്ചാൽ ലോകത്തിലെ മിക്ക ഭാഷകളും പ്രയാസമില്ലാതെയും തെറ്റാതെയും പഠിക്കാൻ കഴിയും.

ഒരു പ്രധാനകാര്യം കൂടെ. ഏറ്റവും കൂടുതൽ താളങ്ങളും ഈണങ്ങളുമുള്ള ഭാഷയാണ് മലയാളം. സാധാരണ സംഭാഷണത്തിൽപ്പോലും നമ്മുടെ ഭാഷയ്ക്ക് ഒരുപാടു സംഗീതങ്ങളുണ്ട്.

*'ഒന്നാനാം കൊച്ചുതുമ്പീ*
*എന്റെ കൂടെ പോരുമോ നീ*
*നിന്റെ കൂടെ പോന്നുവെന്നാൽ*
*എന്തെല്ലാം തരുമെനിക്ക്?'*

എന്ന് തുമ്പിയും കുട്ടിയുമായുള്ള സംഭാഷണം ഈണത്തിൽ പാടിനോക്കൂ.

*'വാ കുരുവീ വരു കുരുവീ*
*വാഴക്കൈമേലിരി കുരുവീ*
*നാരു തരാം ചകിരി തരാം*
*കൂടുണ്ടാക്കാൻ കൂടെ വരാം.'*

ഇത് ഒരു കിളിത്താളമാവുന്നില്ലേ?

*'കറ്റക്കറ്റക്കയറിട്ട്*
*കയറാലഞ്ചു മടക്കിട്ട്*
*നെറ്റിപ്പട്ടം പൊട്ടിട്ട്*
*കൂടെ ഞാനും പൂവിട്ടു.'*

ഇത് ചൊല്ലുമ്പോൾ തുള്ളിപ്പോവുന്നില്ലേ? ഇങ്ങനെയിങ്ങനെ ആയിരമായിരം ഈണങ്ങളും പാട്ടുകളുമുള്ള ഭാഷയാണ് നമ്മുടെ മലയാളം.

മലയാളം ദരിദ്രഭാഷയല്ല. രണ്ടായിരം വർഷം മുൻപുതന്നെ ഈ ഭാഷയുണ്ടായിരുന്നു. അന്നുതൊട്ട് അതു വളരുകയായിരുന്നു. അതുകൊണ്ടാണ് ഇത്രയധികം വാക്കുകളും താളങ്ങളും ഈണങ്ങളും അതിനുണ്ടായത്. കടൽ കടന്നു വന്നവരും കടലിനക്കരെയായവരും നമ്മുടെ ഭാഷയ്ക്ക് ഒരുപാടു വാക്കുകൾ തന്നിട്ടുണ്ട്. നമ്മൾ അങ്ങോട്ടും ധാരാളം കൊടുത്തിട്ടുണ്ട്. ഇംഗ്ലീഷുകാരുടെ ജാക്ക് നമ്മുടെ ചക്കയാണ്. അവരുടെ മാംഗോ നമ്മുടെ മാങ്ങയിൽ നിന്നുണ്ടായതാണ്. അവരുടെ ജിഞ്ചർ മലയാളനാടിന്റെ ഇഞ്ചിയിൽ നിന്നുണ്ടായതാണ്. എന്തിന്, ഇംഗ്ലീഷിന്റെ 'റൈസ്'പോലും നമ്മുടെ നാട്ടിലെ അരിയിൽ നിന്നെടുത്തതാണ്. 'മകൾ' എന്നർഥമുള്ള ഡോട്ടർ എന്ന ഇംഗ്ലീഷ് വാക്കിന്റെ സ്പെല്ലിംഗ് നോക്കൂ. എന്നിട്ട് വായിക്കൂ- 'ദൗഹിത്ര' എന്നല്ലേ? അതും നമ്മുടെ വാക്കാണ്.

മാതൃഭാഷ ഉറയ്ക്കാത്തവർക്ക് ലോകത്തൊരു ഭാഷയും ഉറയ്ക്കില്ല. മാതൃഭാഷയിൽ പഠിച്ചുതുടങ്ങാത്തവർക്ക് ഭാവനാശക്തി കുറയും. അനുഭവശേഷിയും ചിന്താശേഷിയും കുറയും, സ്വന്തം ബുദ്ധി കുറയും. സമൂഹബന്ധവും സമൂഹസ്നേഹവും കുറയും. സമൂഹത്തിൽനിന്ന് അവർ അന്യരായിപ്പോകും.



ശ്രീ എം ടി വാസുദേവൻ നായർ തിരുവനന്തപുരത്തെ മലയാളം പള്ളിക്കൂടത്തിൽ വന്നപ്പോൾ കുഞ്ഞുങ്ങൾക്കു വേണ്ടി അന്നേരംതന്നെ എഴുതിക്കൊടുത്ത ഒരു ഭാഷാസൂക്തമുണ്ട്. അത് ഉരുവിട്ടാൽ ഓരോ കുട്ടിക്കും മനസ്സിലാകും എന്താണ് എന്റെ ഭാഷയെന്ന്.

“എന്റെ ഭാഷ എന്റെ വീടാണ്. എന്റെ ആകാശമാണ്. ഞാൻ കാണുന്ന നക്ഷത്രമാണ്. എന്നെ തഴുകുന്ന കാറ്റാണ്. എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്. എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്. എന്റെ ഭാഷ ഞാൻ തന്നെയാണ്. ഏതു ദേശത്തിലായിരുന്നാലും ഞാൻ സ്വപ്നം കാണുന്നത് എന്റെ ഭാഷയിലാണ്. എന്റെ ഭാഷ ഞാൻ തന്നെയാണ്.”

നവീനമലയാളത്തിന്റെ എഴുത്തച്ഛനായ എം ടിയുടെ ഈ സൂക്തം കുഞ്ഞുങ്ങൾക്ക് വായ്പ്പാഠമാകട്ടെ, മനപ്പാഠമാവട്ടെ, വഴിപ്പാഠമാകട്ടെ, വരുംകാലപ്പെരുമയുമാകട്ടെ.

എല്ലാം കേൾക്കാൻ കഴിയാത്ത അഭിമന്യുവിന്റെ അവസ്ഥ എന്തായി? സ്വയം രക്ഷിക്കാൻ കഴിയാതായി. പുതിയ ജീവിതത്തിന്റെ യുദ്ധരംഗത്ത് ചക്രവ്യൂഹത്തിനുള്ളിൽപ്പെട്ട കുഞ്ഞുങ്ങൾക്ക് ആത്മരക്ഷയ്ക്ക് സ്വന്തം മൊഴിതന്നെ വേണം, സ്വന്തം സ്വരംതന്നെ വേണം.

കവിത

# വീമ്പ്

ഹിത പി വി

ഉണ്ണിക്കുട്ടൻ
വീമ്പു പറഞ്ഞു
“ഉണ്ടേ വലിയൊരു
കൊമ്പൻ വീട്ടിൽ
തുമ്പിക്കയ്യു-
ണ്ടഴകൊടു കൊമ്പു-
ണ്ടമറലു കേട്ടാ-
ലടിതെറ്റിപ്പോം.”
വീമ്പതു കേട്ടു
കണ്ണു മിഴിച്ചൊരു
വണ്ണാത്തിക്കിളി
ചൊന്നൂ സത്യം
“ഉണ്ടേ കുട്ടനു കൂട്ടായിട്ടൊരു
കൊമ്പില്ലാത്തൊരു
വമ്പില്ലാത്തൊരു
പാവം, പാവം കുഴിയാന.”



വര: ഗോപു പട്ടിത്തറ

കഥ

# സ്വർണക്കൊലുസ്

ചന്ദ്രമതി

ഇഷ്ടക്കുട്ടിയുടെയും ഇഷ്ടല്ലാക്കുട്ടിയുടെയും പിറന്നാൾ ഒരേ ദിവസമാണ്. ഒരേ ദിവസം അല്പസമയത്തിന്റെ വ്യത്യാസത്തിലാണ് അവർ പിറന്നുവീണത്. രണ്ടു പേരുടെയും ജനനത്തീയതി ദിവസമാണ് പിറന്നാൾ അച്ഛനും അമ്മയും ആഘോഷിക്കുക.

പിറന്നാളാഘോഷം പല രീതിയിലും നടത്താം. കേക്കു മുറിക്കാം. വാഴയില വെട്ടിയിട്ട് സദ്യവിളമ്പാം. ഏതെങ്കിലും ഹോട്ടലിൽപോയി ആഹാരം കഴിക്കാം. പക്ഷേ അച്ഛനും അമ്മയ്ക്കും ഇഷ്ടം അതൊന്നുമല്ല. രാവിലെ അമ്പലത്തിലൊക്കെ പോയിവന്നിട്ട് അവർ ഒരുമിച്ചു പോവുക കുറച്ചകലത്തിലുള്ള ഒരു സ്ഥാപനത്തിലേക്കാണ്. അവിടെ പല പ്രായത്തിലുള്ള കുട്ടികളുണ്ട്. അവർക്കു കളിക്കാൻ പാർക്കുണ്ട്. ഇഷ്ടക്കുട്ടിയും ഇഷ്ടല്ലാക്കുട്ടിയും ആ പാർക്കിൽ കുട്ടികൾക്കൊപ്പം കളിച്ചുമറിയും. ഊഞ്ഞാലിൽക്കേറി ഉയർന്നാടും. സീ-സായിൽ കേറി പൊങ്ങിയും താണും കളിക്കും. സ്ലൈഡിൽ കയറി തെന്നിയിറങ്ങും. ഓടിക്കളിക്കും. മരങ്ങൾക്കു പിന്നിൽ ഒളിച്ചുകളിക്കും.

കളിച്ചുതളരുമ്പോൾ ഊണിനുള്ള സമയമാകും. അവിടെ ബെല്ലടിക്കുന്നതാണ് സമയം. അപ്പോൾ കുട്ടികളെല്ലാവരും ഓടി അകത്തുകയറും, കൂട്ടത്തിൽ ഇഷ്ടക്കുട്ടിയും ഇഷ്ടല്ലാക്കുട്ടിയും. ഒരു വലിയ ഹാളിൽ വച്ച് ഇഷ്ടക്കുട്ടിയും അച്ഛനും അമ്മയും ഈ കുട്ടികൾക്കൊപ്പം ഊണുകഴിക്കും. പായസവും ബോളിയും ഒക്കെയുള്ള സദ്യ. കുട്ടികളുടെ ടീച്ചർമാരും ചെറിയ കുട്ടികൾക്കുള്ള ആയയും ഒക്കെ ഒപ്പമിരിക്കും.

യാത്ര പറഞ്ഞിറങ്ങുമ്പോൾ എപ്പോഴും ഇഷ്ടക്കുട്ടിക്കും ഇഷ്ടല്ലാക്കുട്ടിക്കും സങ്കടമാണ്.

''രണ്ടു ദിവസമായി നമ്മൾ ജനിച്ചാൽ മതിയായിരുന്നു.''

ഇഷ്ടല്ലാക്കുട്ടി പറയും.

''എങ്കിൽ രണ്ടുതവണ നമുക്ക് ഇവിടെ വന്ന് കളിക്കാമായിരുന്നു.''

ആ കുട്ടികൾ അച്ഛനും അമ്മയും ഇല്ലാത്തവരാണെന്ന് ഇഷ്ടക്കുട്ടിക്കും ഇഷ്ടല്ലാക്കുട്ടിക്കും അറിയാം. അവർ നോക്കിനിന്ന് ടാറ്റാ പറയുമ്പോൾ രണ്ടുപേരുടെയും കണ്ണുനിറയാറുണ്ട്.

പക്ഷേ ഇഷ്ടക്കുട്ടിയുടെയും ഇഷ്ടല്ലാക്കുട്ടിയുടെയും പല കൂട്ടുകാരും ബന്ധുക്കളും പിറന്നാളാഘോഷിക്കുന്നത് പാർട്ടികളിലൂടെയാണ്. വിളിക്കുന്ന



വര: സുധീർ പി വൈ

പാർട്ടികൾക്കൊക്കെ രണ്ടു പേരും പോകും. സമ്മാനവും കൊടുക്കും. ബന്ധുക്കൾ നടത്തുന്ന പിറന്നാൾപ്പാർട്ടികൾക്ക് അച്ഛനും അമ്മയും കൂടെ വരാറുണ്ട്.

''ഇതുപോലത്തെ പാർട്ടി നടത്തിയെങ്കിൽ നമ്മൾക്കും സമ്മാനങ്ങൾ കിട്ടിയേനെ.'' ഇഷ്ടക്കുട്ടി ഒരിക്കൽ പറഞ്ഞു.

''സമ്മാനങ്ങൾ കിട്ടും. പക്ഷേ ഈ സന്തോഷം കിട്ടില്ലല്ലോ.''

അച്ഛൻ പറഞ്ഞു.

അതു ശരിയാണെന്ന് രണ്ടു കുട്ടികളും സമ്മതിച്ചു.

എന്നിട്ടും ആ പിറന്നാളിന് രാത്രി പാർട്ടിയാക്കാമെന്ന് അച്ഛനും അമ്മയും തീരുമാനിച്ചു. കാരണം ഒരു പാർട്ടിക്കുവേണ്ട കാരണങ്ങൾ ഒരു പാടായെന്ന് എല്ലാവരും പറയാറുണ്ടായിരുന്നു. അച്ഛനു കിട്ടിയ പ്രമോഷൻ, അമ്മയ്ക്കു കിട്ടിയ ഫെല്ലോഷിപ്പ് അതൊക്കെക്കൊണ്ട് അന്നുച്ചയ്ക്ക് പതിവു പിറന്നാൾ പോലെ കുട്ടികളുടെ സ്ഥാപനത്തിലും രാത്രി ബന്ധുക്കളെയും കൂട്ടുകാരെയും വിളിച്ച് വീട്ടിലും ആകാമെന്നവർ തീരുമാനിച്ചു.

''നിങ്ങളുടെ അടുത്ത കൂട്ടുകാരെ വിളിച്ചോളൂ.''

അമ്മ പറഞ്ഞു.

ഇഷ്ടക്കുട്ടിയും ഇഷ്ടല്ലാക്കുട്ടിയും കൂടി ലിസ്റ്റുണ്ടാക്കി. ബിന്ദുമാം, വേദാമാം, ദേവനന്ദന, അനാമിക, റിസ്വാൻ, ഷാഹിനാബീഗം, ഉണ്ണിക്കൃഷ്ണൻ.

ആയിടെ സ്കൂളിൽ ഒരു സംഭവമുണ്ടായി.

സ്കൂളിലെ കുട്ടികൾ സ്വർണം ധരിക്കരുതെന്നത് നിയമമാണ്. അതാരും തെറ്റിക്കാറില്ല. പക്ഷേ ഒരു ദിവസം ഹരിത കെ എസ് വന്നപ്പോൾ



കാലിൽ തിളങ്ങുന്ന രണ്ടു സ്വർണക്കൊലുസുകൾ.

''എന്താ ഹരിതാ ഇത്?''

ബിന്ദുമാം ചോദിച്ചു.

''ഇത് സ്വർണമാണല്ലോ. സ്വർണം സ്കൂളിൽ അനുവദിച്ചിട്ടില്ലെന്ന് അറിയില്ലേ?''

''മാം, അത്...''

ഹരിത പറഞ്ഞു.

''ഇന്നലെ കല്യാണത്തിനു പോയിട്ടുവന്ന് ഊരിവയ്ക്കാൻ മറന്നുപോയതാണ്.''

''നോ എക്സ്ക്യൂസ്.''

ബിന്ദു മാം ദേഷ്യപ്പെട്ടു.

''ഇതെവിടെയെങ്കിലും നഷ്ടപ്പെട്ടാൽ ഞങ്ങൾക്കുണ്ടാകുന്ന തലവേദന എന്താണെന്നറിയാമോ?''

പിന്നെ അവർ ആയയോട് കൊലുസുകൾ ഊരി മാറ്റി വയ്ക്കാനും ഹരിതയുടെ വീട്ടിലേക്ക് ഫോൺചെയ്യാനും പറഞ്ഞു.

പക്ഷേ ആ സമയത്തിനിടയിൽ കൊലുസിന്റെ തിളക്കവും ഭംഗിയും പല കുട്ടികളുടെയും മനസ്സിലേക്ക് പകർന്നിരുന്നു.

ഇഷ്ടക്കുട്ടി പറഞ്ഞു.

'' ഈ പിറന്നാളിന് നമുക്ക് സമ്മാനമായി സ്വർണക്കൊലുസു വാങ്ങിത്തരാൻ അച്ഛനോടും അമ്മയോടും പറയാം.''

സാധാരണയായി അവർക്കു സമ്മാനമായി കിട്ടുക പുസ്തകങ്ങളോ കളിപ്പാട്ടങ്ങളോ ചായപെൻസിലുകളോ ഫ്രോക്കോ ഒക്കെയാണ്.

''അച്ഛന് ഇഷ്ടമാവില്ല.''

ഇഷ്ടല്ലാക്കുട്ടി പറഞ്ഞു.

''അമ്മ മാല മാറ്റിവാങ്ങിക്കണമെന്നു പറഞ്ഞപ്പോൾ അച്ഛൻ സമ്മതിച്ചില്ലല്ലോ.''

കുട്ടികൾ മടിച്ചുമടിച്ചാണെങ്കിലും ആവശ്യം വീട്ടിൽ പറഞ്ഞു. പ്രതീക്ഷിച്ചതുപോലെ അച്ഛൻ എതിർത്തു.

''നിങ്ങൾ രണ്ടുപേരും നല്ല ബുദ്ധിയുള്ള കുട്ടികളാണ്. ബുദ്ധിയുള്ള കുട്ടികൾ സ്വർണത്തിന്റെ പുറകെ പോകാറില്ല. അങ്ങനെയല്ലല്ലോ നിങ്ങളെ വളർത്തിയത്? പിന്നെ എവിടെനിന്നു വന്നു ഈ വൃത്തികെട്ട

ആശയം?''

ഇഷ്ടക്കുട്ടിയും ഇഷ്ടല്ലാക്കുട്ടിയും ഓടിരക്ഷപ്പെട്ടു.

പിറന്നാൾ വന്നു. പതിവുപോലെ സ്ഥാപനത്തിലെ കുട്ടികൾക്കൊപ്പം കളിച്ചു തിമിർത്തു. അവർക്കു മിഠായിയും കേക്കും കൊടുത്ത് അവരോടൊപ്പം സദ്യ കഴിച്ച് വീട്ടിലെത്തിയപ്പോൾ കുട്ടികൾ തളർന്നിരുന്നു.

''കുറച്ചുനേരം ഉറങ്ങൂ.''

അമ്മ പറഞ്ഞു.

''രാത്രി പാർട്ടിക്ക് നല്ല ഫ്രഷായിരിക്കണ്ടേ?''

നഗരത്തിലെ പ്രശസ്തനായ ഡോക്ടറാണ് ഇഷ്ടക്കുട്ടിയുടെയും ഇഷ്ടല്ലാക്കുട്ടിയുടെയും അച്ഛൻ. അതുകൊണ്ടുതന്നെ പിറന്നാൾ പാർട്ടിക്ക് ഒരുപാട് അതിഥികൾ വന്നു. സമ്മാനങ്ങൾ കൊണ്ടുവരരുതെന്ന് പറഞ്ഞിരുന്നെങ്കിലും പലരും സമ്മാനപ്പൊതികളുമായിത്തന്നെയാണ് വന്നത്. അതിഥികളുടെ സ്നേഹം ഏറ്റുവാങ്ങി, കുട്ടികളോടു കളിച്ച് ഇഷ്ടക്കുട്ടിയും ഇഷ്ടല്ലാക്കുട്ടിയും ആഹ്ലാദിച്ചുനടന്നു.

ദീപ ആന്റിയും കുടുംബവും വന്നപ്പോൾ എല്ലാവരും അവരെയും അഭിനന്ദിച്ചു. കാരണം ദീപ ആന്റി എഴുതിയ ഒരു പുസ്തകത്തിന് അവാർഡ് കിട്ടിയത് പത്രത്തിലും ടിവിയിലുമൊക്കെ വാർത്തയായിരുന്നു.

ഭക്ഷണം കഴിക്കാൻ ഇഷ്ടക്കുട്ടിയും ഇഷ്ടല്ലാക്കുട്ടിയും ഇരുന്ന മേശയ്ക്കുചുറ്റും ഇരുന്നവരിൽ ദീപ ആന്റിയുടെ മകൾ അപർണയും ഉണ്ടായിരുന്നു. അനാമികയുടെ അടുത്തിരുന്ന കുട്ടി ഇഷ്ടക്കുട്ടിയോടു പറഞ്ഞു.

''എടോ, എന്റെ പപ്പയും മമ്മിയും നിങ്ങൾക്കു ഗിഫ്റ്റ് തന്നത് എന്താണെന്നറിയാമോ? രണ്ടു സ്വർണമോതിരങ്ങളാ.''

മേശയ്ക്കു ചുറ്റും ഇരുന്ന കുട്ടികൾ ആ കുട്ടിയെ നോക്കി. ആ കുട്ടിയുടെ പേര് മാധവി എന്നാണെന്ന് ഇഷ്ടക്കുട്ടിയും ഇഷ്ടല്ലാക്കുട്ടിയും പരിചയപ്പെട്ടപ്പോൾ മനസ്സിലാക്കിയിരുന്നു.

''സ്വർണമോതിരങ്ങളോ?''

ഇഷ്ടല്ലാക്കുട്ടി അതിശയിച്ചു.

''അച്ഛന് ഇഷ്ടമാവില്ല.''

ഇഷ്ടക്കുട്ടി കൂട്ടിച്ചേർത്തു.

''അതല്ലേ പറയാതെ തന്നത്?''

മാധവി ചിരിച്ചു.

''എനിക്കു ന്യുമോണിയ വന്നപ്പോൾ തന്റെ അച്ഛനാ രക്ഷിച്ചത്. അതിന് എന്തു തന്നാലും മതിയാവില്ലെന്ന് പപ്പയും മമ്മിയും പറഞ്ഞു.

ദീപ ആന്റിയുടെ മകൾ അപർണ ഇടപെട്ടു.

''അതിന് ഇത്ര പറയാനെന്തിരിക്കുന്നു? എന്റെ അമ്മ ഇവർക്കു കൊടുത്തതെന്താണെന്ന് അറിയില്ലല്ലോ. സ്വർണക്കൊലുസാ.''

''ങേ?''

ഇഷ്ടക്കുട്ടിയുടെയും ഇഷ്ടല്ലാക്കുട്ടിയുടെയും മുഖങ്ങൾ വിടർന്നു.

''സ്വർണമോതിരത്തെക്കാൾ എത്രയോ വലുതാണ് സ്വർണക്കൊലുസ്!''

ദീപ ആന്റിയുടെ മകൾ അപർണ വിജയഭാവത്തിൽ ചിരിച്ചു. മാധവി മുഖം കുനിച്ചു. പിന്നെ മാധവി അധികനേരം അവിടെ ഇരുന്നില്ല.

ഇഷ്ടക്കുട്ടിക്കും ഇഷ്ടല്ലാക്കുട്ടിക്കും സ്വർണക്കൊലു



**പിറന്നാൾ പാർട്ടിക്ക് ഒരുപാട് അതിഥികൾ വന്നു. സമ്മാനങ്ങൾ കൊണ്ടുവരരുതെന്ന് പറഞ്ഞിരുന്നെങ്കിലും പലരും സമ്മാനപ്പൊതികളുമായിത്തന്നെയാണ് വന്നത്. അതിഥികളുടെ സ്നേഹം ഏറ്റുവാങ്ങി, കുട്ടികളോടു കളിച്ച് ഇഷ്ടക്കുട്ടിയും ഇഷ്ടല്ലാക്കുട്ടിയും ആഹ്ലാദിച്ചുനടന്നു. ദീപ ആന്റിയും കുടുംബവും വന്നപ്പോൾ എല്ലാവരും അവരെയും അഭിനന്ദിച്ചു. കാരണം ദീപ ആന്റിഎഴുതിയ ഒരു പുസ്തകത്തിന് അവാർഡ് കിട്ടിയത് വാർത്തയായിരുന്നു.**

സുകൾ കാണാൻ തിടുക്കമായി.

അവസാനത്തെ അതിഥിയും പോയപ്പോൾ അവർ അച്ഛനമ്മമാരുടെ അടുത്തുചെന്ന് സമ്മാനപ്പൊതികൾ തുറന്നുനോക്കാമെന്ന് നിർദേശിച്ചു.

''സമ്മാനം വേണ്ടെന്നു പറഞ്ഞാലും പൊതിഞ്ഞു കെട്ടി കൊണ്ടുവരുന്നത് എന്തനാവശ്യമാണ്.''

അച്ഛൻ പറഞ്ഞു.

''തിരികെ കൊടുത്തയയ്ക്കുകയായിരുന്നു ചെയ്യേണ്ടത്.''

''ഇന്നിനി ഒരു പൊതിയും തുറക്കണ്ട.''

അമ്മ പറഞ്ഞു.

''നമ്മളെല്ലാം ക്ഷീണിച്ചില്ലേ! എല്ലാം നാളെയാവാം.''

''കുറച്ചുപൊതികളല്ലേയുള്ളൂ!''

ഇഷ്ടല്ലാക്കുട്ടി പറഞ്ഞു.

''എന്തിനാണ് നാളെയാക്കുന്നത്?''

''സത്യം!''

ഇഷ്ടക്കുട്ടി പറഞ്ഞു.

''അനാമികയുടെ പിറന്നാൾപാർട്ടിക്ക് ഒരു മുറി നിറയെ സമ്മാനങ്ങളുണ്ടായിരുന്നു. ഇത് എന്തു കുറവാ. നമുക്കിപ്പോൾത്തന്നെ നോക്കാമമ്മേ.''

''ഇത്തരം പാർട്ടികളുടെ കുഴപ്പമിതാണ്.''

അച്ഛൻ പറഞ്ഞു.

''കുട്ടികളെ വേണ്ടാത്ത ശീലങ്ങൾ പഠിപ്പിക്കും.''

അവസാനം അവരുടെ നിർബന്ധത്തിനു വഴങ്ങി അച്ഛനും അമ്മയും സമ്മതിച്ചു.

ഉത്സാഹത്തോടെ കുട്ടികൾ പൊതികൾ ഓരോന്നായി തുറന്നു. കളിപ്പാട്ടങ്ങൾ... പുസ്തകങ്ങൾ.... പേനകൾ... ഉടുപ്പുകൾ...

ഒരു ചെറിയ പൊതിയിൽ രണ്ടു മോതിരങ്ങൾ...

സ്വർണക്കൊലുസുകൾ മാത്രം ഇല്ല. ഇഷ്ടക്കുട്ടിയും ഇഷ്ടല്ലാക്കുട്ടിയും പരസ്പരം നോക്കി. ഇനി ആരെങ്കിലും മോഷ്ടിച്ചതാണോ? ദീപ ആന്റിയുടെ മകൾ അപർണ കള്ളം പറഞ്ഞതാണോ?

''എല്ലാം കണ്ടല്ലോ?''

അമ്മ പറഞ്ഞു.

''ഇനി കിടക്കാം.''

തമ്മിൽ ആലോചിച്ചിട്ട് ഇഷ്ടക്കുട്ടിയും ഇഷ്ടല്ലാക്കുട്ടിയും കിടക്കാനൊരുങ്ങുന്ന അച്ഛന്റെ അരികിൽ ചെന്നു.

''അച്ഛാ,''

ഇഷ്ടക്കുട്ടി വിളിച്ചു.

''ങും? എന്താ?''

''ദീപ ആന്റീടെ മകൾ അപർണയില്ലേ? അപർണ പറഞ്ഞു, ദീപ ആന്റി ഞങ്ങൾക്കു സമ്മാനമായി സ്വർണക്കൊലുസാണു തന്നതെന്ന്. അതു കാണുന്നില്ല.''

''സ്വർണക്കൊലുസോ? അതെന്തിന്? നിങ്ങൾ സ്വർണക്കൊലുസു വേണമെന്ന് ദീപ ആന്റിയോടു പറഞ്ഞോ?''

''അയ്യോ ഇല്ലച്ഛാ...''

ഇഷ്ടല്ലാക്കുട്ടി പറഞ്ഞു.

''ഞങ്ങളവരെ എത്രയോ നാളായി കണ്ടിട്ട്.''

''അപർണ ശരിക്കും അങ്ങനെ പറഞ്ഞോ?''

അമ്മ പറഞ്ഞു.

''പറഞ്ഞു അമ്മേ...''

ഇഷ്ടക്കുട്ടി പറഞ്ഞു.

''അനാമികയും മാധവിയും ദേവനന്ദനയും ഒക്കെ കേട്ടതാ.''

''ഇനി നിലത്തെങ്ങാനും വീണുപോയോ?'' അമ്മ സമ്മാനം പൊതിഞ്ഞ കടലാസുകൾക്കിടയിൽ പരതി.

''ഒന്നു വിളിച്ചു ചോദിച്ചാലോ?''

''എന്താണിത്ര ധൃതി? സ്വർണത്തിനോടുള്ള ഭ്രമം ആർക്കും നല്ലതല്ല.''

അച്ഛൻ പറഞ്ഞു.

''ഭ്രമമൊന്നുമല്ല. പക്ഷേ അറിയണ്ടേ?'' അമ്മ പറഞ്ഞു.

അമ്മ തന്നെ ദീപയാന്റിയെ വിളിച്ചു. ഇഷ്ടക്കുട്ടിയും ഇഷ്ടല്ലാക്കുട്ടിയും കാതോർത്തുനിന്നു.

''ദീപ ഉറങ്ങാൻ കിടന്നോ? ഓ, എഴുതുകയാണല്ലേ? ഞാൻ ഒരു കാര്യം ചോദിക്കാൻ വിളിച്ചതാ. അപർണ ഈ കുട്ടികളോടു പറഞ്ഞൂന്ന് അവൾ സ്വർണക്കൊലുസാണ് സമ്മാനമായി അവർക്കു കൊടുത്തതെന്ന്. അതു കാണാത്തതുകൊണ്ട് അവരുടെ നിർബന്ധംമൂലം വിളിച്ചതാ...''

കുറച്ചുനേരം ശ്രദ്ധിച്ചു കേട്ടുനിന്നിട്ട് അമ്മ ഫോൺ വച്ചു. പിന്നെ വിടർന്ന ചിരിയോടെ കുട്ടികളുടെ നേരെ തിരിഞ്ഞു.

''അപർണ കള്ളം പറ

ഞതല്ല. നിങ്ങൾക്കു രണ്ടുപേർക്കും സ്വർണക്കൊലുസുതന്നെയാ ദീപ ആന്റി തന്നത്.''

''എവിടെ? എന്നിട്ടെവിടെ?''

ഇഷ്ടക്കുട്ടിയും ഇഷ്ടല്ലാക്കുട്ടിയും ആകാംക്ഷയോടെ ചോദിച്ചു.

അമ്മ അവർക്കു സമ്മാനമായി കിട്ടിയ പുസ്തകങ്ങൾക്കിടയിൽനിന്ന് രണ്ടു പുസ്തകങ്ങൾ വലിച്ചെടുത്തു.

'സ്വർണക്കൊലുസ്. (കുട്ടികൾക്കുള്ള നോവൽ) ദീപാ ശശിധരൻ'

''ദീപയുടെ അവാർഡ് കിട്ടിയ നോവലാ. ഓരോരുത്തർക്കും ഓരോ കോപ്പിയുണ്ട്.''

അമ്മ പുസ്തകങ്ങൾ അവർക്കു നൽകി.

''നല്ല നോവലാ അത്.''

അച്ഛൻ പറഞ്ഞു.

''ഒരുപാട് പാവപ്പെട്ട ഒരു കുട്ടി സ്വർണക്കൊലുസിനു കൊതിച്ചതും കഠിനാധ്വാനം കൊണ്ട് ജീവിതത്തിൽ വളരെ ഉയർന്നതും പിന്നെ പാവപ്പെട്ട ധാരാളം കുട്ടികൾക്ക് സ്വർണക്കൊലുസിനെക്കാൾ വലിയ സഹായങ്ങൾ ചെയ്തുകൊടുത്തതുമാണ് കഥ. അവൾ നാടിനു തന്നെ അഭിമാനമായി മാറി. ഞാനൊരു നിരൂപണം വായിച്ചിരുന്നു. അന്ന് ഈ പുസ്തകം വാങ്ങി നിങ്ങൾക്കു തരണമെന്നു വിചാരിച്ചതാണ്. യഥാർഥത്തിൽ നിങ്ങൾ വിലമതിക്കേണ്ടത് അക്ഷരങ്ങളെയാണ്.''

ഇഷ്ടക്കുട്ടിയും ഇഷ്ടല്ലാക്കുട്ടിയും പുസ്തകങ്ങളെ നെഞ്ചോടുചേർത്തു.



കവിത

# അൻപ്

**ഡോ. സുജ ശ്രീകുമാർ**

വാകമരത്തിൻ
കൊമ്പിലിരിക്കും
കാക്ക കരഞ്ഞു കാ....കാ...കാ...
കൊക്കു നിറച്ചും
കൊത്തിയെടുക്കാൻ
വറ്റു തിരഞ്ഞൂ കാ... കാ... കാ...
തെക്കു തിരഞ്ഞു വടക്കു ചെരിഞ്ഞു
തക്കം നോക്കീ കാ... കാ....കാ....
മുറ്റത്തെത്തീ വറ്റും കൊത്തി
വെക്കം പാറി കാ....കാ.... കാ...
കൂട്ടിന്നുള്ളിൽ നോക്കിയിരിക്കും
കാക്കക്കുഞ്ഞും കാ... കാ.... കാ...
വറ്റാത്തൻപു നിറച്ചാ വറ്റ്
അമ്മ കൊടുത്തു കാ... കാ... കാ...

വര: ബോബി എം പ്രഭ


സ്കൂൾ ഡെയ്സ്
എൻ ടി രാജീവ്
സുരേഷും കുട്ടികളും വരുന്നുണ്ട്. ഇപ്പോൾ അവരെത്തും.
!
എന്താടാ......ടൗണിലെ വീട്ടിൽ വെള്ളം വറ്റിയപ്പോ എല്ലാവരും കെട്ടും കെട്ടി യിങ്ങുപോന്നു. ഈ നാടും വിട്ട് ടൗണിൽ പോയി വീട് വച്ച നിനക്ക് ഒരു വേനൽ ക്കാലത്തും വെള്ളം കിട്ടാൻ പോണില്ല!
?
? ?
അച്ചാച്ചൻ എന്താ ഇത്ര കടുത്ത ഭാഷ യിൽ, വെള്ളം കിട്ടില്ല എന്ന് ശപിച്ചത്?
അതോ.. എന്നാലല്ലേ എന്റെ ഈ പുന്നാരമക്കളെ വെക്കേഷനിലെങ്കിലും എനിക്ക് ഇവിടെ കൂട്ടിനു കിട്ടൂ..
എനിക്ക് അപ്പോഴേ തോന്നി. അവിടെ ഒരിക്കലും വെള്ളം കിട്ടരുതേ.. എനിക്കീ നാട്ടിൽ കളിച്ചുവളരണം.

# ഒരുക്കാം, വീട്ടിലൊരു വന്യജീവിസങ്കേതം!

മനോജ് പി





വന്യജീവികൾ എന്നു കേൾക്കുമ്പോൾ ആനയും പുലിയും കടുവയുമൊക്കെയുള്ള കാടുകളാണ് ഓർമയിൽ വരിക. എന്നാൽ മനുഷ്യൻ ഇണക്കി വളർത്താത്ത, പ്രകൃതിയിലെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ ജീവിക്കുന്ന എല്ലാ ജീവികളും വന്യജീവികൾ തന്നെ!

അങ്ങനെ നോക്കുമ്പോൾ എത്രയെത്ര വന്യജീവികളാണ് നമ്മുടെ നാട്ടിലും വീട്ടിലും കാണപ്പെടുന്നത്. അണ്ണാൻ വാവലുകൾ, കീരി, മരപ്പട്ടി, വെരുക് എന്നിങ്ങനെയുള്ള ചെറുമൃഗങ്ങൾ, പക്ഷികൾ, ശലഭങ്ങൾ, തുമ്പികൾ അങ്ങനെ നീണ്ടു പോകുന്നു അവയുടെ പട്ടിക.



വെരുക്



കിളികൾക്ക് കുളിക്കാനുള്ള കുളിപ്പെട്ടികൾ

ആഹാരവും താമസ സൗകര്യവും സുരക്ഷയും ഒരുക്കിയാൽ ഇവയിൽ മിക്കതും നമ്മുടെ വീട്ടുവളപ്പിൽ നിത്യസന്ദർശകരോ സ്ഥിരതാമസക്കാരോ ആവും. അതിനുള്ള മാർഗങ്ങൾ എന്തെല്ലാമെന്നു നോക്കാം.

## പക്ഷികൾ

നമ്മുടെ അവധിക്കാലം വേനൽക്കാലം കൂടിയാണ്. വേനൽ കൂടുന്നതോടെ പക്ഷികൾ കുളിക്കാനും ദാഹമകറ്റാനും വെള്ളംതേടി നടക്കും. വീട്ടുവളപ്പിലോ ഉദ്യാനത്തിലോ ഒരു 'ബേർഡ്ബാത്' ഒരുക്കാം.

അധികം ആഴമില്ലാത്ത പരന്ന പാത്രത്തിലോ മൺചട്ടിയിലോ വെള്ളം നിറച്ച് ഉദ്യാനത്തിന്റെയോ വളപ്പിന്റെയോ ആളൊഴിഞ്ഞ ഒരു മൂലയ്ക്കു വയ്ക്കുക. വെള്ളം കിട്ടുമെന്ന് ഉറപ്പായാൽ പിന്നെ പക്ഷികൾ നിത്യസന്ദർശകരാവും. പക്ഷികൾ ഉപയോഗിച്ചു കഴിഞ്ഞ അഴുക്കുവെള്ളം മാറ്റി ചട്ടിയിൽ ദിവസവും നല്ലവെള്ളം നിറയ്ക്കണം.

വേനൽക്കാലം പല പക്ഷികളുടെയും പ്രജനനകാലം കൂടിയാണ്. മാളങ്ങളിലും മരപ്പൊത്തുകളിലും കൂടുവെയ്ക്കുന്ന മിക്ക പക്ഷികൾക്കും മനുഷ്യൻ വെച്ചുകൊടുക്കുന്ന കൂടുപെട്ടികളിൽ (Nest Boxes) കൂടൊരുക്കാൻ ഇഷ്ടമാണ്. മൈന, തത്ത, മണ്ണാത്തിപ്പുള്ള്, അങ്ങാടിക്കുരുവി, നത്ത് എന്നിവയെല്ലാം കൂടുപെട്ടികളിൽ കൂടൊരുക്കും. തടി, മുള, മൺകലങ്ങൾ എന്നിവ കൂടുപെട്ടിയുണ്ടാക്കാൻ ഉപയോഗിക്കാം. പക്ഷികളുടെ വലിപ്പത്തിനനുസൃതമായിരിക്കണം പ്രവേശനദ്വാരം. അല്ലെങ്കിൽ കുഞ്ഞുങ്ങളും മുട്ടകളും കാക്ക, ഓലേഞ്ഞാലി തുടങ്ങിയ വലിയ പക്ഷികളുടെ ആക്രമണത്തിന് ഇരയായിത്തീരും.

നിലത്തുനിന്നും 10–12 അടിയെങ്കിലും ഉയരത്തിലായിരിക്കണം കൂടുപെട്ടികൾ ഉറപ്പിക്കേണ്ടത്. ഈർപ്പത്തിൽനിന്നും ചിതലുകളിൽനിന്നുമുള്ള സംരക്ഷണത്തിനായി പെട്ടിയുടെ പുറംഭാഗത്ത് പച്ച, തവിട്ട് തുടങ്ങിയ നിറങ്ങളിലുള്ള പെയിന്റ് അടിക്കാം. എന്നാൽ ഉൾഭാഗത്ത് യാതൊരു വിധത്തിലുള്ള രാസവസ്തുക്കളും ഉപയോഗിക്കരുത്. കൂടുകൾ പക്ഷികൾക്ക് മുട്ടയിട്ട് കുഞ്ഞുങ്ങളെ വളർത്തുവാനുള്ള സ്ഥലം മാത്രമാണ്. അല്ലാതെ പക്ഷികൾ സ്ഥിരതാമസത്തിന് ഉപയോഗിക്കാറില്ല. എന്നാൽ സുരക്ഷിതമെന്നു തോന്നിയാൽ ഒരേ നെസ്റ്റ് ബോക്സ്തന്നെ പക്ഷികൾ നിരവധി തവണ പ്രജനനത്തിന് ഉപയോഗിച്ചെന്നുവരാം.

## ഭക്ഷണം നൽകാം

പക്ഷികൾക്ക് ആഹാരം നൽകുന്നത് അവയെ ഉദ്യാനത്തിലേക്കും വീട്ടുവളപ്പിലേക്കും ആകർഷിക്കുവാനുള്ള മാർഗങ്ങളിലൊന്നാണ്. തിന, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾ, പപ്പായ, ചക്കപ്പഴം തുടങ്ങിയ പഴവർഗങ്ങൾ എന്നിവയൊക്കെ പക്ഷികൾക്ക് ആഹാരമായി ഉപയോഗിക്കാം.



തടിപ്പെട്ടി കൊണ്ട് കിളിക്കൂട്



നീർക്കാക്ക

## ഇരിപ്പിടങ്ങൾ

നിങ്ങളുടെ വീടിനോടോ വീട്ടുവളപ്പിനോടോ ചേർന്ന് കുളങ്ങളോ, തോടുകളോ, നദികളോ ഉണ്ടെങ്കിൽ അവയുടെ ഓരത്ത് ശാഖകളോടുകൂടിയ ഒന്നുരണ്ടു മരച്ചില്ലകൾ നാട്ടിക്കൊടുക്കുക. മീൻകൊത്തികൾ, നീർകൊക്കുകൾ, കൊക്കുകൾ തുടങ്ങിയ പക്ഷികൾക്ക് ഇരിപ്പിടങ്ങളാവും. ചെറുമീൻകൊത്തി, കാക്കമീൻകൊത്തി, കുളക്കൊക്ക് തുടങ്ങിയ പക്ഷികൾക്ക് ഇരിപ്പിടങ്ങളിലിരുന്ന് ഇരതേടുകയും വിശ്രമിക്കുകയും ചെയ്യുന്ന സ്വഭാവമുണ്ട്.

പഴകിയ തടികൾ, ചുള്ളിക്കമ്പുകൾ എന്നിവയൊക്കെ വീട്ടുവളപ്പിന്റെ ഒരു ഒഴിഞ്ഞ കോണിൽ നിലത്ത് കുത്തി നിർത്തിയശേഷം വെള്ളം നനച്ചാൽ അതിൽ ചിതലുകളും മറ്റുപ്രാണികളും വളരും. മരംകൊത്തികളും (Woodpeckers) ചിലപ്പരും (Babblers) ഇവയെ ഭക്ഷിക്കാനെത്തും.

## പൊന്തകൾ (Hedges)

കൈത (Pandanus fascicularis ) യുടെയും മറ്റും പൊന്തകൾ ഒരു കാലത്ത് നദികൾ, കുളങ്ങൾ, തോടുകൾ എന്നിവയുടെ ഓരത്ത് സാധാരണമായിരുന്നു. പക്ഷികളുടെയും പാമ്പ്, കീരി തുടങ്ങിയ പല ജീവികളുടെയും വാസസ്ഥാനമായിരുന്നു ഇത്തരം പൊന്തകൾ. നിങ്ങളുടെ തോടുകൾക്കോ കുളങ്ങൾക്കോ അരികിൽ ഇത്തരം പൊന്തകൾ ഇല്ലാതായിട്ടുണ്ടെങ്കിൽ അവയെ പുനരുജ്ജീവിപ്പിക്കുവാൻ ശ്രമിക്കുക. വന്യമായി വളരുന്ന പന്നൽച്ചെടികൾ, കരകം പോലെയുള്ള വലിയ പുല്ലുകൾ, കൈതച്ചെടികൾ എന്നിവയെല്ലാംതന്നെ ഇതിന് ഉപയോഗിക്കാം. ഒപ്പം ഞാവൽ, കിളിച്ചെറി തുടങ്ങിയ മരങ്ങളും നട്ടുവളർത്തിയാൽ പഴംതീനിപ്പറവകളും എത്തിത്തുടങ്ങും.



തടിപ്പെട്ടി കൊണ്ടുള്ള കിളിക്കൂടിൽ പക്ഷികൾ കൂടൊരുക്കുന്നു

**മാളങ്ങളിലും മരപ്പൊത്തുകളിലും കൂടുവെയ്ക്കുന്ന മിക്ക പക്ഷികൾക്കും മനുഷ്യൻ വെച്ചുകൊടുക്കുന്ന കൂടുപെട്ടികളിൽ കൂടൊരുക്കാൻ ഇഷ്ടമാണ്. മൈന, തത്ത, മണ്ണാത്തിപ്പുള്ള്, അങ്ങാടിക്കുരുവി, നത്ത് എന്നിവയെല്ലാം കൂടുപെട്ടികളിൽ കൂടൊരുക്കും. തടി, മുള, മൺകലങ്ങൾ എന്നിവ കൂടുപെട്ടിയുണ്ടാക്കാൻ ഉപയോഗിക്കാം.**



പ്ലാസ്റ്റിക്ബേസിനിൽ ഒരുക്കിയിരിക്കുന്ന പാത്രക്കുളം

## ഉദ്യാന ജലാശയങ്ങൾ
(Garden pond)

ഉദ്യാനങ്ങൾക്ക് മോടി കൂട്ടുവാനും ആമ്പൽ, താമര തുടങ്ങിയ ജലസസ്യങ്ങൾ നട്ടുവളർത്തുന്നതിനുമുള്ള ചെറുകുളങ്ങൾ പക്ഷികൾ, തുമ്പി, തവളകൾ എന്നിവയെ ഏറെ ആകർഷിക്കും.



തുമ്പി

തുമ്പികൾ മുട്ടയിടുന്നത് വെള്ളത്തിലാണെന്ന് അറിയാമല്ലോ. ആമ്പലും താമരയും ഇതര ജലസസ്യങ്ങളുമുള്ള കുളങ്ങളിൽ തുമ്പികളും നിത്യസന്ദർശകരാവും. തുമ്പികളുടെയും അവയുടെ ലാർവകളുടെയും പ്രധാനാഹാരങ്ങളിലൊന്ന് കൊതുകുകളാണ്. ഉദ്യാനത്തിനുള്ളിൽ ഒന്നു രണ്ടു ചെറിയ ചുള്ളിക്കമ്പുകൾ കുത്തി നിർത്തിക്കൊടുക്കുന്നത് തുമ്പികൾക്ക് ഇരിപ്പിടമൊരുക്കും. മാത്രമല്ല നിംഫിൽനിന്ന് വിരിഞ്ഞുവരുന്ന പുതിയ തുമ്പികൾക്ക് സഹായകരവുമാവും. കുളത്തിൽ മാനത്തുകണ്ണി, പരൽ, വരാൽ, തുടങ്ങിയ നാടൻമത്സ്യങ്ങളെ വളർത്തുകയും ചെയ്യാം. ഒപ്പം ഗപ്പിപോലെയുള്ള പെട്ടെന്ന് പെറ്റുപെരുകുന്ന മത്സ്യങ്ങളെയും വളർത്തിയാൽ പൊന്മകൾക്ക് (Kingfishers) നല്ലൊരു ആഹാരവും ആവും. അവയ്ക്ക് ഇരിക്കുവാൻ അല്പം ബലമുള്ള മരച്ചില്ലകൾ നാട്ടിക്കൊടുക്കുകയും വേണം.

## പാത്രക്കുളം (Container pond)

സ്ഥലമോ മറ്റു സൗകര്യക്കുറവോ ഉണ്ടെങ്കിൽ തുമ്പികൾക്കും മറ്റുമായി ഒരു ചെറിയ കുളം മുറ്റത്തോ ബാൽക്കണിയിലോ ടെറസ്സിലോ ഒരുക്കാവുന്നതാണ്. ഇതിനായി ബാരലുകളോ, ഉപയോഗശൂന്യ



മരപ്പട്ടി

മായ ബാത്ത്ടബോ, വലിയ പ്ലാസ്റ്റിക്ബേസിനുകളോ ഉപയോഗിക്കാം. ഇവയിൽ കാൽഭാഗത്തോളം മണ്ണ് നിറച്ചതിനുശേഷം ആമ്പലോ മറ്റ് ജലസസ്യങ്ങളോ നട്ടു പിടിപ്പിക്കാം. വെള്ളം നിറച്ച് ആവശ്യത്തിനു സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലത്തു വെയ്ക്കുക. തുമ്പികൾക്ക് ഇരിക്കാനായി ഒന്നോ രണ്ടോ മുളയുടെ ചില്ലകൾ കൂടി കുത്തി നിർത്തി കൊടുത്താൽ നല്ലൊരു പാത്രക്കുളം (Container pond) റെഡി.

## നട്ടുവളർത്താം മരങ്ങൾ

ചാമ്പ, പേര, ഞാവൽ, കിളിച്ചെറി, അത്തിപ്പഴം, മാവ്, പ്ലാവ് എന്നീ ഫലവൃക്ഷങ്ങൾ പക്ഷികളെയും വെരുക്, അണ്ണാൻ, മരപ്പട്ടി എന്നീ ചെറുമൃഗങ്ങളെയും ആകർഷിക്കും. ഇത്തരം വൃക്ഷങ്ങൾ നട്ടുവളർത്തുന്നത് ശുദ്ധമായ പഴവർഗങ്ങൾ ലഭിക്കുന്നതിനോടൊപ്പം നിരവധി ജീവജാലങ്ങളെ സംരക്ഷിക്കുന്നതിനും സഹായിക്കും. ഒപ്പം വേലികളിൽ കൊക്കോ, കാപ്പി എന്നിവ നട്ടുവളർത്തുന്നതും നന്നായിരിക്കും. കാരണം നമ്മുടെ നാട്ടിൽനിന്നും വളരെ വേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ചെറുമൃഗങ്ങളായ വെരുക്, മരപ്പട്ടി എന്നിവയുടെ ഇഷ്ടഭക്ഷണങ്ങൾ കൂടിയാണിവ. വീടിന്റെ ഷെയ്ഡുകളിൽ 4 അടി നീളവും 2 അടി വീതിയും രണ്ടു വശങ്ങളിലും പ്രവേശനദ്വാരവുമുള്ള ഒരു തടിപ്പെട്ടി നീളത്തിൽ പണിതാൽ ഈ മൃഗങ്ങൾക്ക് താമസവും കൂടിയായി.

## വേലികെട്ടാം

പണ്ടു കാലത്ത് നമ്മുടെ വീട്ടുവളപ്പുകൾ വേലികെട്ടിയാണു സംരക്ഷിച്ചിരുന്നത്. പലവിധ സസ്യങ്ങളാൽ ജൈവസമ്പന്നമായിരുന്നു ആ വേലികൾ. അവ നിരവധി പക്ഷികൾക്കും മറ്റു ജീവികൾക്കും ആഹാരവും അഭയവും നൽകിയിരുന്നു. കാലക്രമേണ വേലികൾ മതിലുകൾക്ക് സ്ഥാനം കൈമാറി.

നിരവധി സസ്യങ്ങളും വള്ളിച്ചെടികളും ഇല്ലാതെയായി. നിങ്ങളുടെ വീട്ടുവളപ്പിന് മതിലുകൾ ഇല്ലെങ്കിൽ വേലിപോലെ നാട്ടുമരങ്ങളും വള്ളികളും നട്ടുപിടിപ്പിക്കുക. അരിപ്പൂച്ചെടി, കാട്ടുമുല്ല, മൾബറി, മറ്റു കുറ്റിച്ചെടികൾ, വള്ളികൾ തുടങ്ങി കോവൽ പോലെയുള്ള പച്ചക്കറികളും പാഷൻഫ്രൂട്ടുമൊക്കെ വേലികളിൽ വളർത്താം.

മതിലുകളുള്ള വീട്ടുവളപ്പുകളിൽ മതിലുകൾക്കു ചുറ്റും ഒരു കവർപോലെ ഇങ്ങനെ ചെടികളും മരങ്ങളും നട്ടു വളർത്താവുന്നതുമാണ്.

## ചെറുതേനീച്ച വളർത്താം

നമ്മുടെ നാട്ടിലെ പരാഗകാരി ഷഡ്പദങ്ങളിലൊന്നാണ് ചെറുതേനീച്ച (Small Honey Bee). വീടിന്റെ ഭിത്തികളിലുള്ള ദ്വാരങ്ങളിലും മരപ്പൊത്തുകളിലുമൊക്കെ ചെറു

ചെറുതേനീച്ചക്കൂടിൽ മൺകലം സ്ഥാപിച്ചിരിക്കുന്നു





ഞാവൽ

തേനീച്ചക്കോളനികൾ കാണാം. വീടിന്റെ ചുവരുകളിലും മരപ്പൊത്തുകളിലുമുള്ള ചെറുതേനീച്ചകളെ നമുക്ക് മൺകലത്തിലോ, മുളംകുറ്റിയിലോ തടിപ്പെട്ടിയിലോ മാറ്റിപ്പാർപ്പിക്കാനാവും. വർഷാവർഷം തേൻ കിട്ടുമെന്ന് മാത്രമല്ല ഉദ്യാനത്തിന് നല്ലൊരു അലങ്കാരം കൂടിയാവും ഈ തേനീച്ചപ്പെട്ടി.

മുളംകുറ്റിയാണെങ്കിൽ അത് നെടുകേ രണ്ടായി പിളർന്ന് നന്നായി കഴുകി വൃത്തിയാക്കിയതിനുശേഷം വെയിലത്ത് ഉണക്കിയെടുക്കുക. പിന്നീട് പഴയതുപോലെ ചേർത്തുവെച്ച് കെട്ടുക. കുറ്റിയുടെ ഒരു വശത്ത് തേനീച്ചകൾക്ക് കയറിയിറങ്ങുവാൻ പാകത്തിൽ ഒരു ചെറിയ ദ്വാരം ഇടുക. മറുവശത്ത് ഒരു ചെറിയ ദ്വാരം ഇട്ടതിനു ശേഷം അതിൽ ഒരു പ്ലാസ്റ്റിക്ട്യൂബ് ഉറപ്പിക്കുക. മുളംകുറ്റിക്കു പകരം വായ് വട്ടം അടച്ച മൺകലവും ഇപ്രകാരം ഉപയോഗിക്കാം. തേനീച്ചകൾക്ക് കയറിയിറങ്ങുവാനുള്ള ദ്വാരം ഒരുപാട് വലുതായിരിക്കരുത്. പ്ലാസ്റ്റിക് ട്യൂബിന് കുറഞ്ഞത് രണ്ട് അടിയിൽ കൂടുതൽ നീളം വേണം. ഈ ട്യൂബിന്റെ മറ്റേ അഗ്രം മരപ്പൊത്തിലോ ഭിത്തിയിലോ ഉള്ള ചെറുതേനീച്ചക്കോളനിയുടെ പ്രവേശനദ്വാരത്തിൽ ഉറപ്പിക്കുക. ദ്വാരത്തിനുചുറ്റും സാധാരണ ഗതിയിൽ മെഴുകുകൊണ്ട് ഒരു ടണൽ ഉണ്ടാകും. ഇവിടെനിന്ന് അല്പം മെഴുക് എടുത്ത് പെട്ടിയുടെ പ്രവേശനദ്വാരത്തിൽ പുരട്ടുക. ട്യൂബ് ഭിത്തിയിലോ മരപ്പൊത്തിലോ ഉറപ്പിച്ച ഭാഗത്ത് എംസീൽ പോലുള്ള പശ പുരട്ടി ബലപ്പെടുത്താം.

ഇങ്ങനെ ചെയ്യുമ്പോൾ തേനീച്ചകൾക്ക് പെട്ടിയിലൂടെ കയറി ട്യൂബിനുള്ളിലൂടെ സഞ്ചരിച്ചു വേണം അവയുടെ കൂട്ടിലെത്താൻ. കാലക്രമേണ അവ ഭിത്തിയിലെയോ മരത്തിലെയോ കൂട് ഉപേക്ഷിച്ച് നാം വെച്ചുകൊടുക്കുന്ന പെട്ടിയിലേക്ക് താമസം മാറും. അപ്പോൾ നമുക്ക് ട്യൂബ് വേർപെടുത്തി തേനീച്ചപ്പെട്ടിയെ ഉദ്യാനത്തിലെ സൗകര്യപ്രദമായ ഒരു സ്ഥലത്ത് തൂക്കിയിടുകയോ ഉറപ്പിക്കുകയോ ചെയ്യാം. ഇതിന് ചിലപ്പോൾ ഒന്നോ രണ്ടോ വർഷം കാത്തിരിക്കേണ്ടി വരും എന്നു മാത്രം.

manojpiv@gmail.com

## എന്തൊക്കെ നിരീക്ഷിക്കാം?

1. ബേർഡ് ബാത്തിൽ ഒരു ദിവസം എത്ര ജാതി പക്ഷികൾ വരുന്നുണ്ട്?
2. ഓരോ ജാതി പക്ഷിയും ദിവസം എത്ര തവണ ബേർഡ് ബാത്ത് സന്ദർശിക്കുന്നു?
3. ഒറ്റയ്ക്കാണോ ഇണകളായാണോ വരുന്നത്?
4. കൂട്ടത്തിൽ ദേശാടകരുണ്ടോ? നല്ലൊരു പക്ഷിപ്പുസ്തകത്തിന്റെ സഹായത്തോടു കൂടി പക്ഷികളെ തിരിച്ചറിയാൻ പഠിക്കാം.

## കൂടുപെട്ടി

1. ഏതൊക്കെ പക്ഷികളാണ് കൂടുപെട്ടിയിൽ കൂട്ടുകൂടുന്നത്?
2. ആൺ-പെൺ പക്ഷികൾ ഒന്നിച്ചാണോ കുഞ്ഞുങ്ങൾക്ക് തീറ്റ നൽകുന്നത്?
3. കൂടുപെട്ടിവെച്ച് എത്ര കാലത്തിനുള്ളിലാണ് പക്ഷികൾ അവ ഉപയോഗിച്ചു തുടങ്ങിയത്?

## തുമ്പിക്കുളം

1. എത്ര ജാതി തുമ്പികൾ കാണപ്പെടുന്നു?
2. അവയുടെ മുട്ട, ലാർവ എന്നിവ കാണപ്പെടുന്നുണ്ടോ?
3. ചിത്രശലഭ ഉദ്യാന നിർമാണം തളിരിന്റെ മുൻ ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# സമ്മാനം

**എസ് ശിവദാസ്**

അതൊരു തെളിഞ്ഞ പ്രഭാതമായിരുന്നു. തലേന്നു രാത്രി പെയ്ത മഴയിൽ വഴിയോരത്ത് വെള്ളം കെട്ടിക്കിടക്കുന്നുണ്ട്. കുഞ്ഞുകിളികൾ അതിൽ കുളിക്കുന്നു. മഴയിൽ കുളിച്ചു സന്തോഷിച്ച് മരങ്ങൾ തലയാട്ടിനിൽക്കുന്നു. എവിടെ നിന്നോ ഏതോ ഒരു അമ്മയുടെ താരാട്ടുപാട്ട് ഒഴുകി വരുന്നതും കേൾക്കാം.

ആ നാട്ടുവഴിയിലൂടെയാണ് രണ്ടുപേർ നടന്നു വന്നത്. അവർ പരസ്പരം കൈകൾ കോർത്തുപിടിച്ച് എന്തോ പറഞ്ഞ് ചിരിച്ചുകൊണ്ട് നടക്കുകയാണ്. ആ പുതുപ്പെണ്ണിനെയും ചെറുക്കനെയും തഴുകിക്കൊണ്ട് ഒരു ഇളംകാറ്റു കടന്നുപോയി. കാറ്റിന്റെ തണുപ്പിൽ രസിച്ചുകൊണ്ട് അവൾ പറഞ്ഞു;

''ഇതൊരു നല്ല ദിവസമാണെന്ന് എനിക്കു തോന്നുന്നു.''

''ശരിയാണ്. ഇന്നത്തെ വെളിച്ചത്തിനെന്തു വെളിച്ചം!'' ചെറുക്കൻ മറുപടി പറഞ്ഞു.

''ഞാൻ ഇന്നു രാവിലെ ഒരു മഞ്ഞക്കിളിയെ കണ്ടു. ഇന്ന് എനിക്ക് ഒരു സമ്മാനം കിട്ടുമെന്ന് അപ്പോൾ മുതൽ എനിക്കൊരു തോന്നൽ''.

അങ്ങനെ സംസാരിച്ചുകൊണ്ട് അവർ ദേവാലയത്തിലേക്കു നടന്നു. അപ്പോൾ എവിടെ നിന്നോ റോസാപ്പൂക്കളുടെ സുഗന്ധം അവരെ തഴുകി തലോടി കടന്നുപോയി.

''എന്തൊരു സുഗന്ധം!'' അവൾ സന്തോഷത്തോടെ പറഞ്ഞു.

''ചേട്ടാ, എവിടെ നിന്നാകാം ആ സുഗന്ധം വരുന്നത്?''

''ആർക്കറിയാം. ഏതോ തോട്ടത്തിൽ നിന്നാകാം.''

''അതൊരു മഹാറാണിയുടെ തോട്ടമായിരിക്കും. ആ റാണി എനിക്ക് കുറച്ചു പൂക്കൾ തന്നിരുന്നെങ്കിൽ! ഞാനത് ദേവാലയത്തിൽ ദേവനുമുന്നിൽ സമർപ്പിച്ചേനെ.''

ആ പെൺകുട്ടി അതു പറഞ്ഞുതീർന്നതും വഴിയോരത്തെ വീടിന്റെ വരാന്തയിൽ നിന്നൊരു മധുരസ്വരം ഉയർന്നു.

''വരൂ കുട്ടീ. നിനക്ക് ഇഷ്ടമുള്ളിടത്തോളം നേരം പൂക്കളെ കാണാം. ഓമനിക്കാം. ചുംബിക്കാം. പോകുമ്പോൾ വേണ്ടത്ര പൂക്കൾ പറിച്ചുകൊണ്ടും പോകാം.''

അവർ ശബ്ദം കേട്ട വശത്തേക്കു നോക്കി. അവിടെ അതാ ഒരു അമ്മ. അവരുടെ അമ്മമാരുടെ പ്രായം തന്നെയുള്ള ഒരു വനിത. മാലാഖയെപ്പോലൊരു സുന്ദരി. അവർ കണ്ണടച്ചിരുന്നു ചിരിക്കുകയായിരുന്നു.

ആ ചിരി കണ്ടതോടെ ചെറുക്കന്റെയും പെണ്ണിന്റെയും ആശങ്കകൾ എല്ലാം മാഞ്ഞുപോയി. അവർ ഓടി വരാന്തയിലേക്കു കയറി. അവിടെ കസേരയിലിരുന്ന



വര: ആശ ആർ

സ്ത്രീയുടെ കാലുകളിൽ പിടിച്ച് ബഹുമാനം കാട്ടി. ആ അമ്മ അവരുടെ തലയിൽ കൈവച്ച് അനുഗ്രഹിച്ചുകൊണ്ടു പറഞ്ഞു.

''പോയി എന്റെ റോസാത്തോട്ടം കാണൂ. സന്തോഷിക്കൂ. തിരിച്ചു പോരുമ്പോൾ നിങ്ങൾക്കു വേണ്ടത്ര പൂക്കളും പറിച്ചുകൊള്ളൂ.''

അതുകേട്ടതും അവർ വീടിനോടുചേർന്നുള്ള തോട്ടത്തിലേക്ക് ഓടി. തോട്ടം നിറയെ റോസാച്ചെടികളായിരുന്നു. എല്ലാറ്റിലും പൂക്കൾ.

റോസ്നിറമുള്ള പനിനീർപ്പൂക്കൾ. എല്ലാറ്റിൽ നിന്നും പനിനീരിന്റെ സുഗന്ധം ചുറ്റും പരക്കുന്നുണ്ടായിരുന്നു.

''ഇവിടംതന്നെ സ്വർഗം.'' കൂട്ടുകാരൻ കൂടെ പാടി.

അവരുടെ പാട്ടുകേട്ട് തോട്ടത്തിലെ പൂക്കൾ ആടി. വരാന്തയിലിരുന്ന അമ്മയോ സന്തോഷം കൊണ്ടു കരഞ്ഞു!

ഏറെ നേരം തോട്ടത്തിലൂടെ നടന്ന് പൂക്കളെയും പൂമ്പാറ്റകളെയും ചിത്രശലഭങ്ങളെയുമൊക്കെ കണ്ട് അവർ ആനന്ദിച്ചു. പിന്നെ പെൺകുട്ടി ഒരു കൈ നിറയെ പൂക്കൾ ഞെട്ടോടെ പറിച്ചെടുത്തു. അതുമായി അവർ വരാന്തയിലേക്കു ചെന്നു. വരാന്തയിലെ അമ്മയുടെ കൈയിൽ പിടിച്ചുകൊണ്ട് പെൺകുട്ടി പറഞ്ഞു.

''ഇന്ന് എന്റെ ജീവിതത്തിലെ മറക്കാനാകാത്ത പ്രഭാതമാണ്. ഇന്നലെയായിരുന്നു ഞങ്ങളുടെ വിവാഹം. ഇന്നു രാവിലെ കുളിച്ച് ദേവാലയത്തിലേക്കു പോകുന്ന വഴിയാണ് ഇവിടെ കയറാൻ ഭാഗ്യമുണ്ടായത്. ഞങ്ങൾക്ക് തോട്ടം വളരെ ഇഷ്ടപ്പെട്ടു. എത്ര കണ്ടാലും



മതിവരുകയില്ല.''

''ഇന്നൊരു നല്ല ദിവസമാണ് എന്ന് രാവിലെ തന്നെ ഇവൾ പറഞ്ഞു. ഇന്ന് ഒരു സമ്മാനം കിട്ടുമെന്നും പറഞ്ഞു. എന്നാൽ ഇത്ര നല്ല ഒരു സമ്മാനമായിരിക്കും അതെന്ന് ഞങ്ങൾ കരുതിയില്ല.'' അവൻ കൂട്ടിച്ചേർത്തു.

''ജീവിതം അങ്ങനെയാണു കുട്ടികളേ. നല്ല സ്വപ്നം കാണുന്നവർക്ക് നല്ല സമ്മാനം കിട്ടും. നിങ്ങൾപോയി പ്രാർഥിക്കൂ.''

''ഞങ്ങൾ അമ്മയ്ക്കു വേണ്ടിയും പ്രാർഥിക്കും.''

''നന്നായി. ഇനി നേരം കിട്ടുമ്പോഴെല്ലാം ഈ റോസാത്തോട്ടത്തിലേക്ക് വരണേ. നിങ്ങൾക്കൊരു കുഞ്ഞുണ്ടാകുമ്പോൾ ആ കുഞ്ഞിനെയും കൊണ്ടു വരണം. കുഞ്ഞും പൂക്കൾ കണ്ട് സന്തോഷിക്കട്ടെ. ഞാൻ ഈ റോസാച്ചെടികളെയെല്ലാം വളർത്തി നിർത്തിയിരിക്കുന്നത് മറ്റുള്ളവർക്കു കണ്ട് ആനന്ദിക്കാനാണ്. എനിക്ക് ഒന്നും കാണാനാവില്ല. ജന്മനാ അന്ധയാണ് ഞാൻ. മറ്റുള്ളവർ കണ്ട് സന്തോഷിക്കുന്നതറിഞ്ഞാണ് ഞാൻ സന്തോഷിക്കുന്നത്.''

അപ്പോഴായിരുന്നു അവർ ആ അമ്മയുടെ മുഖത്തേക്കു സൂക്ഷിച്ചു നോക്കിയത്. അവരുടെ രണ്ടു കണ്ണുകൾക്കും കാഴ്ചയില്ലായിരുന്നു! അവർ ഒരിക്കലും ഒരു റോസാപ്പൂവിനെപ്പോലും കണ്ടിട്ടില്ല! മറ്റുള്ളവർക്കായി റോസാപ്പൂക്കൾ നിറഞ്ഞ തോട്ടമുണ്ടാക്കി ആനന്ദിച്ചു ജീവിക്കുകയാണ് ആ അമ്മ!

ദേവാലയത്തിലേക്കു നടക്കുമ്പോൾ അവർ രണ്ടു പേരും കരയുന്നുണ്ടായിരുന്നു. അവിടെ ഇരുന്നു പ്രാർഥിക്കുമ്പോഴും അവരുടെ കണ്ണുകൾ നിറഞ്ഞിരുന്നു. അവർ രണ്ടുപേരും അന്ന് പ്രാർഥിച്ചത് ആ അമ്മയ്ക്കു വേണ്ടിയായിരുന്നു. അന്ന് ആദ്യമായിട്ടായിരുന്നു അവർ തങ്ങൾക്കുവേണ്ടി പ്രാർഥിക്കാതെ മറ്റൊരാൾക്കു വേണ്ടി പ്രാർഥിച്ചതും!

മറ്റുള്ളവർക്കായി ജീവിക്കണമെന്ന വലിയ പാഠം അന്ന് അവർ പഠിച്ചു. അതായിരുന്നു അന്ന് അവർക്കു ലഭിച്ച വിലമതിക്കാനാകാത്ത സമ്മാനം!

# പ്രകൃതിസഞ്ചാരികളായിക്കോളൂ, പക്ഷേ പ്രകൃതിയെ നോവിക്കരുത്

എസ് ശാന്തി

**പ്രകൃതിയുടെ ഏറ്റവും സ്വാഭാവികയിടങ്ങളായ വനങ്ങളിലേക്ക് വിനോദത്തിനും സാഹസികതയ്ക്കുമായി യാത്ര ചെയ്യുന്നവരുടെ എണ്ണം ഇന്ന് കൂടുതലാണ്. കാടിനെ നാം അറിയേണ്ടതുതന്നെ. പക്ഷേ ഈ സഞ്ചാരം പ്രകൃതിയെ നോവിക്കാതെ, പ്രകൃതിയെ അറിയാനും സംരക്ഷിക്കാനും ആവണം എന്നു മാത്രം.**



ഫോട്ടോ: Cameron Strandberg

കാട്ടുതീ

ഇക്കഴിഞ്ഞ ഏപ്രിൽ 17-ാം തീയതിയിലെ ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ് പത്രത്തിന്റെ ആദ്യത്തെ താളിൽ ഇടുക്കി ജില്ലയിലെ വാഗമൺ മലമ്പ്രദേശത്തിന്റെ മനോഹരമായ ഒരു ചിത്രമുണ്ടായിരുന്നു. വേനൽമഴയിൽ പച്ചപുതച്ച ഉരുളൻ കുന്നുകളിൽ വിനോദസഞ്ചാരികൾ ആഹ്ലാദിക്കുന്ന വർണചിത്രം. അതേ പത്രത്തിന്റെ ആറാം താളിൽ മറ്റൊരു ചിത്രവുമുണ്ട്. വാഗമണിലെ പൈൻമരത്തോട്ടങ്ങളിലൂടെ 'ബൈക്ക് റേസ്' നടത്തുന്ന യുവാക്കളുടെ ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രം! '*വാഹനങ്ങൾക്ക് പ്രവേശനമില്ലാത്ത പൈൻ വനങ്ങളിലൂടെ മത്സരബൈക്ക് ഓട്ടം നടത്തുന്ന യുവാക്കൾ വിനോദസഞ്ചാരികൾക്ക് ഗുരുതരമായ ഭീഷണി*' എന്നാണ് ചിത്രത്തിന്റെ തലക്കെട്ട്. അനന്യവും അതിലോലവുമായ ആ പുൽമേടുകൾക്കും ചോലക്കാടുകൾക്കും സംഭവിക്കുന്ന നാശത്തെക്കുറിച്ച് പക്ഷേ വാർത്തയിലൊന്നും പരാമർശമേയില്ല.

വയനാട്ടിലും നെല്ലിയാംപതിയിലുമെല്ലാം ഈ വേനലിൽ ആയിരക്കണക്കിനു ഹെക്ടർ കാടു കത്തിപ്പോയത് നമ്മൾ മാധ്യമങ്ങളിൽ നിന്നറിഞ്ഞു. എന്നാൽ ഇവിടെയെല്ലാം പടർന്ന കാട്ടുതീയുടെ തുടക്കം ഏതോ വിനോദസഞ്ചാരി അലക്ഷ്യമായി വലിച്ചെറിഞ്ഞ സിഗററ്റുകുറ്റിയിൽനിന്നോ ഒരു രസത്തിനായി ഇട്ട തീയിൽനിന്നോ ആണെന്ന് അതതു പ്രദേശത്തെ ജനങ്ങൾക്കേ അറിയൂ. കോടിക്കണക്കിനു വിനോദസഞ്ചാരികളാണ് ലോകത്തെ പ്രകൃതിസുന്ദരഭൂപ്രദേശങ്ങളിലേക്ക് എല്ലാ വർഷവും എത്തിച്ചേരുന്നത്. വിമാനത്തിലും കപ്പലിലും മോട്ടോർ വാഹനങ്ങളിലുമായിട്ടാണ് ഇവർ പർവതങ്ങളിലേക്കും കടൽത്തീരങ്ങളിലേക്കും മഴക്കാടുകളിലേക്കും പവിഴപ്പുറ്റുദ്വീപുകളിലേക്കും എത്തിച്ചേരുന്നത്. 'പുകയില്ലാത്ത, മലിനീകരണമില്ലാത്ത, പ്രകൃതിനാശമില്ലാത്ത വ്യവസായം' എന്നു പേരുകേട്ട വിനോദസഞ്ചാരവ്യവസായം ആയിരക്കണക്കിനു തദ്ദേശീയരുടെ ഉപജീവനമാർഗവും ടൂറിസംകമ്പനികളുടെ കുത്തകലാഭബിസിനസ്സുമാണിന്ന്.

## നിശ്ശബ്ദമായ പ്രകൃതിനശീകരണം

യാത്രകളും തീർത്ഥാടനങ്ങളും എല്ലാ കാലത്തും പ്രകൃതിയുടെ ഏകാന്തതയിൽ നമുക്കു സ്വയം കണ്ടെത്താനായിരുന്നു. പക്ഷേ ഇന്നത്തെ വിനോദസഞ്ചാരം നാഗരികജീവിതത്തിന്റെ മടുപ്പിൽനിന്നും രക്ഷപ്പെട്ട് പ്രകൃതിസൗന്ദര്യത്തിന്റെ പശ്ചാത്തലത്തിൽ നമുക്ക് ഇഷ്ടപ്പെട്ട കാര്യങ്ങൾ ആസ്വദിക്കാനും

അർമാദിക്കാനുമാണ്. അതുകൊണ്ടു തന്നെയാണ് പതിനാലു വർഷം കൂടുമ്പോൾ പൂക്കുന്ന നീലക്കുറിഞ്ഞി മൂന്നാറിൽ പർവതങ്ങളെ സ്വർഗീയമായ ഇളം നീലിമ പുതപ്പിച്ചതു കാണാൻ അവിടെയെത്തുന്നവർ കുറിഞ്ഞിപ്പൂക്കളെ പറിച്ചെടുത്ത് കാറിന്റെ ഡിക്കിയിലിട്ടുണക്കി വഴിയിൽ കളഞ്ഞുപോവുന്നത്. അപൂർവ പക്ഷിയുടെ അടയിരിക്കൽ ഫോട്ടോഗ്രാഫ് ചെയ്യാൻ പോകുന്ന പക്ഷിനിരീക്ഷകർ മറ്റാർക്കും ആ ചിത്രം കിട്ടരുതെന്ന ശാഠ്യത്തിൽ പക്ഷിക്കൂടു നശിപ്പിക്കുന്നത്!

വിനോദസഞ്ചാരികളുടെ സുഖസൗകര്യങ്ങൾക്കായി ശുദ്ധജലവും വൈദ്യുതിയും ആഹാരവും മറ്റു പ്രകൃതിവിഭവങ്ങളും വളരെയേറെ ചൂഷണം ചെയ്യപ്പെടുന്നുണ്ട്. ഉദാഹരണത്തിന് ഉഷ്ണമേഖലയിലെ ദരിദ്രരാഷ്ട്രമായ തായ്‌ലാൻഡിൽ മാത്രം വിനോദസഞ്ചാരികൾക്കായുള്ള ഗോൾഫ് കളിസ്ഥലങ്ങളിൽ പ്രതിവർഷം 1500 കിലോഗ്രാം രാസവളങ്ങളും കീടനാശിനികളും കളനാശിനികളും ഉപയോഗിക്കപ്പെടുന്നു. 60,000 ദരിദ്രഗ്രാമങ്ങൾക്ക് വേണ്ട ജലമാണ് വിനോദസഞ്ചാരവ്യവസായത്തിനായി വേണ്ടിവരുന്നത്.

ആഗോളതലത്തിൽ വിമാനയാത്രികരിൽ വലിയൊരളവും വിനോദസഞ്ചാരികളാണ്. വനഹൃദയങ്ങളിലേക്കും പർവതങ്ങളിലേക്കും തണ്ണീർത്തടങ്ങളിലേക്കും നീളുന്ന റോഡുകളും പായുന്ന വാഹനങ്ങളും പുറംതള്ളുന്ന ഹരിതഗൃഹവാതകങ്ങൾകൂടി കണക്കാക്കിയാൽ ആഗോളതാപനത്തിന്റെ ആക്കം കൂട്ടുന്നതിൽ വിനോദസഞ്ചാരത്തിന്റെ പങ്ക് ഊഹിക്കാമല്ലോ.

വിനോദസഞ്ചാരികൾ സൃഷ്ടിക്കുന്ന ഖരമാലിന്യങ്ങളുടെയും മലിനജലത്തിന്റെയും കണക്കുകൾ ഞെട്ടിപ്പിക്കുന്നവയാണ്.

## ക്ഷയം പരത്തുന്ന വിനോദസഞ്ചാരികൾ

ആഫ്രിക്കയിലെ ചോബ് (Chobe) വന്യജീവിസങ്കേതത്തിൽ ജീവിക്കുന്ന ഒരു തരം കീരികളും (Banded Mangoose) മാളങ്ങളിൽ ജീവിക്കുന്ന മീർകാറ്റുകളും (Meerkat) ക്ഷയരോഗികളായി കൊല്ല

### ജൈവവൈവിധ്യം ജീവന്റെ നിലനില്പിന്

കോടാനുകോടി ജീവജാലങ്ങൾ വസിക്കുന്ന ഒരു മഹാക്ഷേത്രമാണ് ഭൂമിയെ ആവരണം ചെയ്യുന്ന ജീവമണ്ഡലം. ഏകകോശജീവികൾ മുതൽ നീലത്തിമിംഗലങ്ങൾവരെയുള്ള ജന്തുവർഗങ്ങളും ആൽഗകൾ മുതൽ സെക്വയമരങ്ങൾവരെയുള്ള സസ്യജാലങ്ങളും ഒപ്പം മനുഷ്യനും ഉൾപ്പെടുന്നതാണീ ജീവന്റെ ആവാസസ്ഥലം. ഭൂപ്രകൃതിയിലും സമസ്തജീവജാലങ്ങളിലും ദൃശ്യമാവുന്ന വൈവിധ്യത്തിന്റെ സമഗ്രദർശനമാണ് ജൈവവൈവിധ്യം. ധ്രുവപ്രദേശങ്ങൾ മുതൽ സമുദ്രങ്ങളിലെ അഗാധഗർത്തങ്ങൾ വരെയും ഉഷ്ണമേഖലാമഴക്കാടുകൾ മുതൽ സ്വാഭാവികമരുഭൂമികൾ വരെയും ജീവന്റെ അഭയമാണ്. ഭൂമിയിലെ ജീവജാതി (Species)കളുടെ ആകെ എണ്ണം, അവ തമ്മിലുള്ള സാദൃശ്യങ്ങൾ, വൈജാത്യങ്ങൾ, ഓരോ ജീവിയുടെയും ജനിതകഘടനയിൽ കാണുന്ന വൈവിധ്യം, ആവാസവ്യവസ്ഥകളുടെ വൈവിധ്യം ഇവയെല്ലാം ചേർന്നുള്ള വൈവിധ്യങ്ങളുടെ സമ്മിശ്രസമന്വയമാണ് ജൈവവൈവിധ്യം. ഇതിനൊപ്പം കാർഷികവ്യവസ്ഥകളുടെയും കാർഷികയിനങ്ങളുടെയും വൈവിധ്യവും മനുഷ്യസംസ്കാരങ്ങളുടെയും സമുദായങ്ങളുടെയും വൈവിധ്യവും ജൈവവൈവിധ്യത്തിന്റെ ഭാഗമാണ്.

ജീവജാലങ്ങൾ പരസ്പരാശ്രിതബന്ധങ്ങളിലൂടെയും സഹജീവനത്തിലൂടെയുമാണ് ജീവനു നിലനിൽക്കാൻ വേണ്ട എല്ലാ ജീവാഭയവ്യവസ്ഥകളും ഭൂമിയിൽ സൃഷ്ടിക്കുന്നത്. ഈ ജൈവബന്ധങ്ങളുടെ ഭാഗമായി മാത്രമേ എല്ലാ ജീവജാലങ്ങൾക്കും നിലനിൽപ്പുള്ളൂ. ഈ ജീവൽപ്രക്രിയയെ സുഗമമായി മുന്നോട്ടു നയിക്കാൻ ജീവന്റെ അനന്തമായ വൈവിധ്യം അത്യാവശ്യമാണുതാനും.

മേൽപ്പറഞ്ഞ ജീവന്റെ നാനാത്വത്തിന്റെ ഭാഗമാണ് മനുഷ്യനും. അതുകൊണ്ടുതന്നെ നമുക്ക് നിലനിൽക്കാനും പരിണമിക്കാനും, ജീവിക്കുക എന്ന മനോഹരവും ആനന്ദകരവുമായ അവസ്ഥ അനുഭവിക്കാനും അവകാശമുണ്ട്. പക്ഷേ പ്രകൃതിയുടെ നിയമങ്ങളും ജീവബന്ധങ്ങളുടെ ധർമങ്ങളും മനുഷ്യനും അനുസരിക്കേണ്ടിവരും.



ഫോട്ടോ: Charlesjsharp

മീർകാറ്റ്

പ്പെട്ടു. ശാസ്ത്രജ്ഞർ അതിന്റെ കാരണം തിരഞ്ഞു. അതോടെ ഒരു കാര്യം ബോധ്യപ്പെട്ടു. Mycobacterium tuberculosis എന്ന ക്ഷയരോഗാണുവാണ് സഞ്ചാരികളിൽ നിന്ന് വന്യജീവികളെ ബാധിക്കുന്നത്. ന്യൂ സയന്റിസ്റ്റ് എന്ന ബ്രിട്ടിഷ് ശാസ്ത്രമാസികയിലൂടെ ഇക്കാര്യം കാത്‌ലീൻ അലക്സാൻഡർ എന്ന വന്യജീവിശാസ്ത്രജ്ഞ ലോകത്തെ അറിയിച്ചു.

പാശ്ചാത്യനാടുകളിൽനിന്ന് ഏറ്റവും കൂടുതൽ വിനോദസഞ്ചാരികൾ എത്തുന്ന വന്യസുന്ദരപ്രദേശമാണിത്. ടൂറിസ്റ്റ്റിസോർട്ടുകൾക്ക് ചുറ്റും കുന്നുകൂടുന്ന ഖരമാലിന്യക്കൂമ്പാരങ്ങളിൽ നിന്നുള്ള രോഗാണുബാധയാണ് ഇവയെ ക്ഷയരോഗികളാക്കിയത്. കലഹാരി മരുഭൂമിയിലെ മീർകാറ്റുകൾ ഉന്മൂലനാശത്തിനിരയായിക്കഴിഞ്ഞുവെന്ന് വന്യജീവിശാസ്ത്രജ്ഞർ ഭയപ്പെടുന്നു. ടൂറിസം അവിടത്തെ അപൂർവവന്യജീവികളെ കൊന്നൊടുക്കുകയാണെന്നു ചുരുക്കം.

ആഫ്രിക്കയിലെ ഉയരം കൂടിയ കൊടുമുടിയായ കിലിമഞ്ചാരോയുടെ മഞ്ഞുപുതപ്പ് ആഗോളതാപനം മൂലം ഉരുകിത്തീർന്നുകൊണ്ടിരിക്കുകയാണ്. ചൂടുകൂടുകയും മഴ കുറയുകയും ചെയ്യുന്ന ആഗോളതാപന കാലത്ത് ഈ പർവതവനങ്ങളിലേക്ക് ഇരച്ചെത്തുന്ന സഞ്ചാരികൾ കാട്ടുതീ കൂടി പടർത്തിയിട്ടാണത്രേ അവിടം വിടുന്നത്.

വന്യവും സുന്ദരവുമായ ഭൂപ്രദേശങ്ങളിലേക്ക് വിനോദത്തിനും വിജ്ഞാനത്തിനും യാത്രപോവുക എന്നത് നമ്മുടെ ജീവിതത്തിലെ ഏറ്റവും അവിസ്മരണീയമായ അനുഭവമായിരിക്കും. വിനോദസഞ്ചാരവും തീർത്ഥാടനവും പ്രകൃതിസഹവാസവുമൊക്കെ തീർച്ചയായും മനുഷ്യാവകാശത്തിന്റെ ഭാഗമാണ്. പക്ഷേ ഈ അവകാശത്തിന്റെ പേരിൽ ലോകത്തെ അവസാനത്തെ വനത്തുരുത്തുകളും കടൽത്തീരങ്ങളും പവിഴപ്പുറ്റുകളും കൊടുമുടികളും നമ്മൾ നശിപ്പിക്കുകയും മലീമസമാക്കുകയുമാണ്.

'സുസ്ഥിരവിനോദസഞ്ചാരം മനുഷ്യന്റെ വികസനത്തിന്' എന്ന സന്ദേശത്തിന്റെ പൊരുൾ വ്യക്തമാണല്ലോ. ടൂറിസം ഒരു വ്യവസായമായും ഉപജീവനമാർഗമായും വികസിപ്പിക്കുമ്പോൾ സഞ്ചാരികൾ തേടി വരുന്ന ഭൂമിയുടെ സൗന്ദര്യം നശിപ്പിക്കപ്പെടാതെ അവിടെ ബാക്കിയുണ്ടാവണം.

## വിനോദസഞ്ചാരം ഉപേക്ഷിക്കണോ?

സഞ്ചാരത്തിലൂടെ തന്നെയാണ് മനുഷ്യവംശം ലോകം മുഴുവൻ വ്യാപിച്ചതും

ജീവിതത്തെ സമ്പന്നമാക്കിയതും. പക്ഷേ വീണ്ടുവിചാരമില്ലാത്ത മനുഷ്യപ്രവൃത്തികൾ കാരണം ഭൂമിയിലെ ജീവന്റെ അഭയാരണ്യങ്ങളും സുന്ദരവൈവിധ്യങ്ങളും ഇന്ന് ഭീഷണിയിലാണ്. അതിനെ മറികടക്കാൻ വിനോദസഞ്ചാരങ്ങളും പ്രകൃതിസഹവാസങ്ങളും എളിമയാർന്ന തീർത്ഥാടനങ്ങളാവുകയാണു വേണ്ടത്. ഈ വർഷത്തെ ജൈവവൈവിധ്യദിന മുദ്രാവാക്യം 'ജൈവവൈവിദ്ധ്യവും സുസ്ഥിരവിനോദസഞ്ചാരവും' എന്നാക്കിയതിന്റെ ഉദ്ദേശ്യവും മറ്റൊന്നല്ല. അതിനാൽ പ്രകൃതിസഞ്ചാരികളായിക്കോളൂ, പക്ഷേ പ്രകൃതിയെ നോവിക്കരുത്.

cholamala@rediffmail.com

22 മേയ് 2017
അന്താരാഷ്ട്ര ജൈവവൈവിദ്ധ്യദിനം
ജൈവവൈവിദ്ധ്യവും സുസ്ഥിരവിനോദസഞ്ചാരവും

ജൈവവൈവിധ്യത്തെ ഓരോ നിമിഷവും കണ്ടും ആസ്വദിച്ചും തൊട്ടും രുചിച്ചും ആശ്രയിച്ചുമാണ് നമ്മൾ ഈ ഭൂമിയിൽ ജീവിക്കുന്നത്. നമ്മുടെ ചുറ്റും വിരിയുന്ന പൂക്കളും പാടുന്ന കിളികളും ഉയർന്നു പന്തലിക്കുന്ന വൃക്ഷങ്ങളും നമ്മൾ കഴിക്കുന്ന ഭക്ഷണങ്ങളും ഔഷധങ്ങളും കുടിക്കുന്ന പാനീയങ്ങളുമെല്ലാം ജീവന്റെ ഈ വിസ്മയകരമായ പ്രകാശനമാണ്. എന്നാൽ നമ്മുടെ സുഖസൗകര്യങ്ങൾക്കും ഭൗതികവികസനത്തിനും വേണ്ടി നമ്മൾ ഈ മനോഹരവൈവിധ്യത്തെയാകെ ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നു. ജൈവവൈവിധ്യം ഇല്ലാതായാൽ നമ്മുടെ ഭൂമിതന്നെ ഇല്ലാതാവും. ജൈവവൈവിധ്യത്തിന്റെ പ്രാധാന്യം എല്ലാവരിലുമെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് എല്ലാ വർഷവും മെയ് 22 അന്താരാഷ്ട്ര ജൈവവൈവിധ്യദിനമായി ആചരിക്കാൻ ഐക്യരാഷ്ട്രസഭ 1992ൽ തീരുമാനിച്ചത്.

പരിസ്ഥിതിക്കും വികസനത്തിനുമായി ഐക്യരാഷ്ട്രസഭ 1992ൽ ബ്രസീലിലെ റിയോ ഡി ജെനീറോയിൽ കൂടിയ സമ്മേളനം ഭൗമഉച്ചകോടി (Earth Summit) എന്നാണ് അറിയപ്പെട്ടത്. സുസ്ഥിര വികസനത്തിലൂടെ ലോകത്തെ എല്ലാ ജനങ്ങളുടെയും നിൽനിൽപ്പും ഒപ്പം ഭൂമിയുടെ ആരോഗ്യവും ഉറപ്പുവരുത്തുക എന്നതായിരുന്നു ഈ ഉച്ചകോടിയുടെ ലക്ഷ്യം. ഈ സമ്മേളനത്തിൽ ലോകരാഷ്ട്രങ്ങൾ എടുത്ത തീരുമാനങ്ങളിൽ ഒന്നായിരുന്നു ജൈവവൈവിധ്യ അധികാരപത്രം (Convention on biological diverstiy) രൂപീകരിക്കുക എന്നത്. 1993 ഡിസംബർ 29-ന് നിലവിൽ വന്ന ഈ കൺവെൻഷന്റെ ഒരു തീരുമാനമാണ് വർഷത്തിൽ ഒരു ദിവസം ജൈവവൈവിധ്യത്തിന്റെ മൂല്യത്തെക്കുറിച്ച് ലോകജനതയെ ബോധവൽക്കരിക്കാൻ ആചരിക്കണമെന്നത്. ഓരോ വർഷത്തെയും അന്താരാഷ്ട്ര ജൈവവൈവിധ്യദിനത്തിന് വ്യത്യസ്തമായ പ്രതിപാദ്യവിഷയമുണ്ടാവും. 2017-ലെ വിഷയം 'ജൈവവൈവിധ്യവും സുസ്ഥിരവിനോദസഞ്ചാരവും' എന്നതാണ്. ഐക്യരാഷ്ട്രസഭയുടെ തീരുമാനമനുസരിച്ച് 2017 'വികസനത്തിനായുള്ള സുസ്ഥിരവിനോദസഞ്ചാരവർഷം' കൂടിയാണ്.

കവിത

# അന്നമൂട്ട്

ശ്രീകുമാർ മുഖത്തല

സ്കൂളും റോഡും പിന്നിട്ടാലൊരു
തോടുണ്ടരികത്തായ്
തോടുകടന്നാൽ ചെറിയൊരു പീടിക
കാണാമകലത്തായ്
തോടുകടക്കുകയെന്നാൽ ചെറിയൊരു
തെങ്ങിൻ തടിമേലേ
ഓരോ പാദം പിന്നിൽപിന്നിൽ
വയ്ക്കുകയെന്നല്ലോ
പീടികയെന്നുടെ ചങ്ങാതിയുടെ
ബാപ്പ നടത്തുന്നു.
ഓലമറച്ചൊരു ചായ്പാണവിടെ
ചായേം പലഹാരോം
അരികത്തായൊരു ബഞ്ചിൽ ബീഡി-
തെറുക്കുന്നുണ്ടുസ്മാൻ.
കുറിയൊരു ബഞ്ചുണ്ടതിലാണതിഥികൾ
വന്നാലിളവേൽപ്പൂ.
സ്കൂളിലെ മാഷൻമാർക്കു കൊടുക്കും
സംഭാരം വെറുതേ
എന്നുടെ കൂട്ടാമബ്ദുൽ സമദി-
നൊരൂറ്റമതിൻമേലേ
വല്ലപ്പോഴും ഞങ്ങളുമെത്തും
പാലത്തിൻമീതേ
പേടിച്ചോരോ പാദം വച്ചീ-
സേതു കടക്കുമ്പോൾ
അബ്ദുൽ സമദിനു കാണാമപ്പോൾ
പെരിയോരഭിമാനം.
തന്നുടെ കടയിൽ നിറയെയിരിക്കും
പലഹാരത്തിൻമേൽ
ഒറ്റയ്ക്കാണേൽ അബ്ദുൽ സമദൊരു
കണ്ണിൻ കോണാലേ
മെല്ലെവിളിക്കും പിന്നിലെ-
വാതിൽ തുറന്നുകിടക്കുന്നു.
ഉമ്മായുണ്ടവിടെപ്പോഴും
നിറപുഞ്ചിരി തൂകുന്നു
ഇരുകാതിലുമായ് പുത്തനലുക്കുകൾ
ശീലുകൾ പാടുന്നു
കൊച്ചൊരു കുഴിയൻ പാത്രമെടുത്തതി-
ലിത്തിരി നെയ്ച്ചോറും



വര: ആശ ആർ

വാടിയൊരിലയിൽ പത്തിരി ചുട്ടതു-
നാലഞ്ചെണ്ണവുമായ്
കോഴിക്കറിയുടെ കുഞ്ഞിക്കിണ്ണം
കയ്യിൽത്താനേന്തി
ഏതോ പ്രാർഥന ചുണ്ടിലുമായി-
ട്ടുമ്മ നിൽക്കുമ്പോൾ
എന്റെ മനസ്സിലെ വീട്ടുവിലക്കുകൾ
തോട്ടിൽ വീഴുന്നു.
അവിടൊരു കൊച്ചു കുരണ്ടിയിൽ ഞാനും
സമദുമിരിക്കുന്നു
ഉമ്മായുടെ വിരൽ അമ്മക്കിളിയുടെ
ചുണ്ടുകളാവുന്നു.
ഞാനും സമദും കുഞ്ഞിക്കിളികൾ
തീറ്റയെടുക്കുന്നു.
പാടുന്നുണ്ടു പലേപല പക്ഷികൾ
തോടിന്നിരുകരയിൽ
പാറുന്നുണ്ടവ പത്തായ് നൂറായ്
ആകാശത്തിങ്കൽ

തേടുന്നുണ്ടവ കൊറ്റിനുവേണ്ടി
പല പല നാടുകളിൽ
കേഴുന്നുണ്ടവ കിട്ടാക്കനിയുടെ
വേദനയറിയുമ്പോൾ
വർഷം നാൽപ്പതു പിന്നിട്ടെന്നാ-
ലിപ്പോഴും ഞങ്ങൾ
ഞാനും സമദും പക്ഷികൾ ചുണ്ടു-
വിടർത്തിയിരിക്കുന്നു
അന്നം കോരിയ ചുണ്ടായ് വിരലുകൾ
ഇപ്പൊഴുതില്ലെന്നാൽ.
പിന്നോട്ടേക്കു നടന്നീയോർമകൾ
വെറുതേയലയുന്നു
പള്ളിവളപ്പിൽ പാഞ്ചിത്തോലുകൾ
മൂടിയ മൂലയ്ക്കൽ
കുറുകിയ വിരലുകളന്നമുരുട്ടാൻ
വെമ്പുന്നുണ്ടാവാം.

# 'പൈ'യും കടപയാദിയും

**പള്ളിയറ ശ്രീധരൻ**

നാം നമ്മുടെ ജീവിതത്തിൽ അനേകം സംഖ്യകൾ കൈകാര്യം ചെയ്യുന്നുണ്ട്. ഒരർത്ഥത്തിൽ നാം സംഖ്യകളുടെ ലോകത്താണ് ജീവിക്കുന്നത് എന്നു പറയാം.  ഈ സംഖ്യകളിൽ ഏറ്റവും പ്രധാനപ്പെട്ട സംഖ്യ ഏത് എന്ന ചോദ്യത്തിന് ഒരേ ഒരു ഉത്തരമേയുള്ളൂ - പൂജ്യം. പക്ഷേ ലോകത്ത് ഏറ്റവും കൂടുതൽ പേർ പഠനം നടത്തിയിട്ടുള്ള സംഖ്യ ഏതെന്ന് ചോദിച്ചാൽ ഉത്തരം 'പൈ' എന്നായിരിക്കും.

പൈ യാഥാർഥത്തിൽ ഒരു സംഖ്യയേയല്ല. രണ്ടു സംഖ്യകളുടെ അംശബന്ധമാണ്. കൃത്യമായി പറഞ്ഞാൽ ഒരു വൃത്തത്തിന്റെ പരിധിയും വ്യാസവും തമ്മിലുള്ള അംശബന്ധം. ഇതിന്റെ ഏകദേശവിലയായി 22/7 എന്നോ 3.14 എന്നോ എടുക്കാറുണ്ട്.

കാര്യം ഇത്ര നിസ്സാരമായി തോന്നാമെങ്കിലും പൈ അത്ഭുതപ്രതിഭാസമാണ്. ഇതിന്റെ കൃത്യമായ വില ഇതുവരെ ആർക്കും കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല. 3ന് ശേഷം ദശാംശഭാഗത്ത് അക്കങ്ങൾ അനന്തമായി ആവർത്തിക്കുന്നു. ജർമ്മൻകാരനായ ലുഡോൾഫ് തന്റെ ജീവിതം മുഴുവൻതന്നെ ചെലവഴിച്ചത് പൈയുടെ വില കണ്ടുപിടിക്കാനാണ്. ആധുനിക കമ്പ്യൂട്ടറിന്റെ സഹായത്താൽ പൈയുടെ വിലയുടെ ദശാംശസ്ഥാനത്തെ കോടിക്കണക്കിനു സ്ഥാനങ്ങളിലെ അക്കങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്.

പൈയുടെ വിലയിലെ അക്കങ്ങൾ കണ്ടുപിടിക്കാൻ 'May I have a large container of coffee' എന്ന വാചകം ഉപയോഗിക്കാവുന്നതാണ്. ഇതിലെ ഓരോ വാക്കിലെയും അക്ഷരങ്ങളുടെ എണ്ണമാണ് അക്കമായി ഉപയോഗിക്കുന്നത്. ഇതനുസരിച്ച് $\pi$ = 3.1415926 എന്നിങ്ങനെ ലഭിക്കും.  പൈയുടെ

## കടപയാദി - അക്ഷരവും വിലയും

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 0 |
|---|---|---|---|---|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ | ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ | ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ | | | | | |
| യ | ര | ല | വ | ശ | ഷ | സ | ഹ | ള | ഴ |

വിലയിലെ 100 അക്കങ്ങൾ താഴെ കൊടുക്കുന്നു.

3.14159265358979323846264338327950288419716939937510582097494459230781640628620899862803482534211706 79

കടപയാദി ഉപയോഗിച്ച് പൈയുടെ വിലയിലെ അക്കങ്ങൾ കണ്ടുപിടിക്കാൻ മാർഗ്ഗങ്ങൾ പ്രചാരത്തിലുണ്ട്. അവയിൽ ചില മാർഗ്ഗങ്ങൾ താഴെ കൊടുക്കുന്നു.

1.) മലയാളത്തിലുള്ള പ്രസിദ്ധമായ ഒരു കവിത നോക്കൂ.

*ലകടം കൊണ്ട് വട്ടത്തെ*
*പ്പെരുകി കിഴി ശർമ്മഗൈ*
*വിട്ടമായി സൂക്ഷ്മമായ് വട്ടം*
*വരുത്താം വിപരീതമായ്*

ഇവിടെ ലകടത്തിനും ശർമ്മഗൈക്കും വില നൽകേണ്ടത് നേരത്തെ സൂചിപ്പിച്ച കടപയാദി പ്രകാരമാണ്. ല = 3, ക = 1, ട = 1, ശ = 5, മ = 5, ഗ = 3 ആണ് വിലകൾ. കടപയാദിയിൽ ഒരു വാക്കിന്റെ അക്ഷരപ്രകാരമുള്ള വില നൽകുന്നത് വലത്തുനിന്ന് ഇടത്തോട്ടാണ്. അതായത് ല, ക, ട എന്നീ അക്ഷരങ്ങൾ യഥാക്രമം 3, 1, 1 എന്നീ അക്കങ്ങളെ സൂചിപ്പിക്കുമെങ്കിലും ലകടം സൂചിപ്പിക്കുന്നത് 113 നെ ആയിരിക്കും. ഇതുപോലെ ശർമ്മഗം 355നെ സൂചിപ്പിക്കുന്നു. ഇതനുസരിച്ച് പൈയുടെ ഏകദേശവില 355/311 ആയിരിക്കും.

2.) കോഴിക്കോട് ജില്ലയിലെ വടകരയ്ക്കടുത്ത് കടത്തനാട്ടിലെ ശങ്കരവർമരാജ തന്റെ സദ്രത്നമാലയിൽ പൈയുടെ 16 ദശാംശസ്ഥാനങ്ങൾ വരെയുള്ള വിലയ്ക്ക് 'ഭദ്രാം ബുധിസിദ്ധജയ ഗണിതശ്രദ്ധയാസ്മൽ ഭ്രുപഗി' എന്ന് നൽകിയിരിക്കുന്നു.

കടപയാദി അനുസരിച്ച് തന്നെയാണ് ഇതിലെ അക്ഷരങ്ങളുടെ വില നിർണയിക്കുന്നത്. മറ്റ് അക്ഷരങ്ങൾ സൂചിപ്പിക്കുന്ന അക്കങ്ങൾ താഴെ കൊടുക്കുന്നു. ഇതനുസരിച്ച് ശങ്കരവർമയുടെ മേൽ സൂചിപ്പിച്ച വരി 3.14159265358979324 നെയാണ് സൂചിപ്പിക്കുന്നത്.

3. പൈയുടെ വിലയിലെ അക്കങ്ങൾ ഓർക്കാനുള്ള മറ്റൊരുവഴി ചണ്ഡാംശു ചന്ദ്രാധമകുംഭിപാല എന്നാണ്. അക്കങ്ങൾ വലതുനിന്നും ഇടത്തോട്ട് എടുക്കുന്നതു പ്രകാരം ഈ വരി സൂചിപ്പിക്കുന്നത് താഴെക്കൊടുക്കുന്നു.

ഇതനുസരിച്ച് $\pi$ യുടെ വില 3.14159265358 എന്ന് ലഭിക്കുന്നു.

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ച | ണ് | ഡാം | ശു | ച | ന്ദ്രാ | ധ | മ | കും | ഭി | പാ | ല |
| 8 | 5 | 3 | 5 | 6 | 2 | 9 | 5 | 1 | 4 | 1 | 3 |

4. പൈയുടെ വിലയിലെ 32 അക്കങ്ങൾ കാണാൻ താഴെ കൊടുത്തിരിക്കുന്ന രണ്ട് വരികൾ സഹായിക്കും. ഈ വരികളിലെ ഓരോ അക്ഷരവും സൂചിപ്പിക്കുന്ന അക്കങ്ങളും താഴെ കൊടുക്കുന്നു.

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഗോ | പി | ഭാ | ഗ്യ | മ | ധു | പ്രാ | ത | | ശൃ | ഡി | ശോ | ഭ | ധി | സ | ന്ധി | ഗ |
| 3 | 1 | 4 | 1 | 5 | 9 | 2 | 6 | | 5 | 3 | 5 | 8 | 9 | 7 | 9 | 3 |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഖ | ല | ജീ | വി | ത | ഖാ | താ | വ | | ഗ | ല | ഹ | ല | ര | സം | ധ | ര |
| 2 | 3 | 8 | 4 | 6 | 2 | 6 | 4 | | 3 | 3 | 8 | 3 | 2 | 7 | 9 | 2 |

ഭാരതീ കൃഷ്ണ തീർത്ഥജിയുടെ Vedic Mathematics എന്ന ഗ്രന്ഥത്തിലാണ് മേൽപ്പറഞ്ഞ വരികൾ ഉള്ളത്. ഇവ ശ്രീകൃഷ്ണനെയും ശ്രീ ശങ്കരനെയും ആരാധിക്കുന്ന വരികളാണെന്നാണ് ആ ഗ്രന്ഥത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. കൂടാതെ പൈയുടെ വിലയിലെ 32 അക്കങ്ങൾ ക്രമത്തിൽ കാണാമെന്നും പ്രസ്തുത ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നു. ഇത്രയും അത്ഭുതകരമായ വരികൾ ലോകസാഹിത്യത്തിലെവിടെയെങ്കിലും ഉണ്ടോ എന്ന് സംശയമാണ്.

palliyarasreedharan@gmail.com

# ആധാർർർ...

ഡോ. രാധിക സി നായർ

പഠിക്കാത്തേനൊന്നുമല്ല വഴക്കുപറഞ്ഞത്. ടിവി കണ്ടോണ്ടിരുന്നതിനുമല്ല. നല്ല കോരിച്ചൊരിയണ മഴയായിരുന്നു. പുതുമഴ. ഒരുപാടുദിവസം ചൂടുസഹിച്ചു സഹിച്ച് കിടന്നതിനുശേഷം പെയ്ത ആദ്യമഴ. സത്യമായിട്ടും മഴ പെയ്തു തുടങ്ങിയപ്പോൾ മുതൽ അനുവിന് സന്തോഷം അടക്കാൻ തോന്നിയില്ല. എന്തൊരു രസമാണ് മുറ്റത്തുനിന്നു മഴ നനയാൻ. ഇറമ്പിലൂടെ വന്നു വീണുകൊണ്ടിരുന്ന മഴത്തുള്ളിയിൽ ആദ്യം കൈവിരൽ നീട്ടി തൊട്ടുനോക്കി. 'അനൂ ആദ്യത്തെ മഴയാണ്. നനഞ്ഞാൽ പനിപിടിക്കു'മെന്ന് അമ്മ പറഞ്ഞപ്പോൾ വിരലു വലിച്ച് അനു അനുസരണക്കുട്ടിയായതാണ്. പക്ഷേ എത്രയെന്നുവച്ച് അടങ്ങിയിരിക്കും. ഇടയ്ക്കൊരു നല്ല കാറ്റു വീശിയടിച്ചപ്പോൾ തൂവാനം ഇറയത്തെ നനച്ചു. ബെഞ്ചിലിരുന്ന് തിണ്ണയുടെ വക്കിലേക്ക് ഇറയത്തൂടെ ഒലിച്ചു വീഴുന്ന മഴനാരുകളുടെ ചന്തം കണ്ടിരുന്ന അനൂന്റെ പെറ്റിക്കോട്ടു നനച്ച് കാറ്റ് പതുങ്ങിച്ചിരിച്ച് കടന്നുപോയി. അമ്മ കണ്ടാൽ വഴക്കു തീർച്ച. അനു വീണ്ടും അനുസരണക്കുട്ടിയായി. പക്ഷേ മഴ സമ്മതിക്കണ്ടേ. സ്കൂളിൽവച്ച് മഴപെയ്തപ്പോൾ അടുത്തിരിക്കുന്ന ആൽബിനാണ് അനുവിന് കടലാസുവഞ്ചി ഉണ്ടാക്കാൻ പഠിപ്പിച്ചുകൊടുത്തത്. വഞ്ചീക്കേറി നമുക്കു കടലിലൂടെ ദാ ഇങ്ങനെ പോകാമെന്ന് പറഞ്ഞ് മഴവെള്ളത്തിൽ ആൽബിൻ ആ വള്ളം ഒഴുക്കിവിട്ടത് അനു കണ്ടു. എന്നാപ്പിന്നെ നോട്ടുപുസ്തകത്തീന്ന് ഒരു താളു കീറി ബോട്ടുണ്ടാക്കിയാലോ? പിന്നെ ഒട്ടും താമസിച്ചില്ല. മലയാളം കേട്ടെഴുത്തു പുസ്തകത്തിലെ ഒരു പുറം കീറിയെടുത്ത് ബോട്ടുണ്ടാക്കാൻ വേണ്ടി കടലാസു മടക്കിയതും അനുവിന്റെ ചെവിയിൽ രണ്ടുവിരലിന്റെ പിടി വീണു.

അമ്മയാണ്. അടുക്കളയിൽനിന്നു പപ്പടം കാച്ചണ മണം വന്നു തുടങ്ങിയതേയുണ്ടായിരുന്നുള്ളൂ. ഇത്ര പെട്ടെന്ന് അമ്മ പപ്പടം കാച്ചിയോ? എങ്കിൽ ഒരെണ്ണം തിന്നിട്ടുതന്നെ കാര്യം. വിരലിന്റെ പിടിക്കൊപ്പം അനുവിന്റെ കാതിലേക്ക് ശകാരത്തിന്റെ ഈയത്തുള്ളികൾ വന്നുവീണു.

''പുസ്തകത്തീന്ന് പേപ്പർ കീറുന്നോ? ഇന്ന് അച്ഛനിങ്ങ് വരട്ടെ. പെണ്ണിന് കളി കൂടി



വര: ടി ആർ രാജേഷ്



**അമ്മ ഇങ്ങനാണ്. തുടങ്ങിയാപ്പിന്നെ നിർത്തില്ല. ഇനീപ്പോ പണ്ടു കഷ്ടപ്പെട്ടു പഠിച്ചത്, പാഠപുസ്തകമില്ലാതിരുന്നത്, പുസ്തകം പകർത്തിയെഴുതി പഠിച്ചത്, മണ്ണെണ്ണവിളക്കിന്റെ കീഴിലിരുന്നു പഠിച്ച് ഒരിക്കൽ മുടിക്കു തീ പിടിച്ചത്, മഴയത്ത് കുടയില്ലാതെ സ്കൂളിപ്പോകാതിരുന്നത്, മഴ തുടർന്നപ്പോൾ ചേമ്പില കുടയായി പിടിച്ചുപോയത് ഒക്കെ മഹാഭാരതം പറയും.**

പോകുന്നുണ്ട്. പഠിക്കാനുള്ള പുസ്തകത്തീന്ന് പേപ്പർ കീറല്ലേന്ന് എത്ര തവണ പറഞ്ഞിട്ടുണ്ടെടീ? കുമാരൻ കടേല് പോയപ്പോ വാങ്ങാനുള്ള സാധനങ്ങളുടെ ലിസ്റ്റെഴുതാൻ ഒരു കാക്കഷണം കടലാസ് കീറിയപ്പോ എന്തായിരുന്നു പെണ്ണിന്റെ ചാട്ടം. അന്ന് അച്ഛന്റെ സപ്പോട്ടുംകൂടെ. അച്ഛനിങ്ങുവരട്ടെ. പരീക്ഷ തുടങ്ങീട്ടില്ല. അതിന്റേടേലാണ് പുസ്തകത്തീന്ന് പേപ്പർ കീറിയതല്ലേ.''

അമ്മ ഇങ്ങനാണ്. തുടങ്ങിയാപ്പിന്നെ നിർത്തില്ല. ഇനീപ്പോ പണ്ടു കഷ്ടപ്പെട്ടു പഠിച്ചത്, പാഠപുസ്തകമില്ലാതിരുന്നത്, പുസ്തകം പകർത്തിയെഴുതി പഠിച്ചത്, മണ്ണെണ്ണവിളക്കിന്റെ കീഴിലിരുന്നു പഠിച്ച് ഒരിക്കൽ മുടിക്കു തീ പിടിച്ചത്, മഴയത്ത് കുടയില്ലാതെ സ്കൂളിപ്പോകാതിരുന്നത്. മഴ തുടർന്നപ്പോൾ ചേമ്പില കുടയായി പിടിച്ചുപോയത് ഒക്കെ മഹാഭാരതം പറയും.

വേണ്ടായിരുന്നു. ആ ആൽബിനാണ് ഒക്കേം ചെയ്തുവച്ചത്. അവൻ പഠിപ്പിച്ചില്ലായിരുന്നെങ്കി ഇപ്പോഴിങ്ങനെ 'കുരുത്തക്കേടു' കാണിക്കുമായിരുന്നോ?

അച്ഛൻ വന്നാൽ വഴക്കു പറയില്ലായിരിക്കും. ചിലപ്പോ 'പോട്ടെടീ നീയതങ്ങ് കള' എന്ന് അമ്മയെ സ്നേഹിക്കും. ഇല്ലെങ്കിൽ അമ്മ കാണാൻ വേണ്ടി ദേഷ്യപ്പെടുമെങ്കിലും അമ്മ കാണാതെ അനൂനെ കണ്ണിറുക്കിക്കാട്ടി സ്നേഹിക്കും.

അച്ഛൻ വൈകിട്ടു വരണവരെ അനു പിന്നെ കളിക്കോ തർക്കുത്തരം പറയാനോ അമ്മയെ ദേഷ്യം പിടിപ്പിക്കാനോ പോയില്ല.

ഇനി വീണ്ടും എന്തെങ്കിലും തല്ലുകൊള്ളിത്തരം കാണിച്ചാൽ അമ്മ ചന്ദ്രഹാസമിളക്കും. 'ചന്ദ്രഹാസം ഇളക്കുക' എന്നത് അമ്മയുടെതന്നെ പ്രയോഗമാണ്. അച്ഛൻ അമ്മയോടു ദേഷ്യപ്പെടുമ്പോ അമ്മ പറയണ വാക്ക്. ഹാസം എന്നാൽ ചിരിയെന്നാണ് അനു പഠിച്ചിട്ടുള്ളത്. ചന്ദ്രഹാസമെന്നാൽ അപ്പോൾ ചന്ദ്രന്റെ ഹാസം ചിരിയെങ്കിൽ നിലാവല്ലേ എന്ന് അനു പലപ്പോഴും ചിന്തിച്ചിട്ടുണ്ട്.



ചന്ദ്രഹാസം രാവണനു പരമശിവൻ നൽകിയ വാളിന്റെ പേരാണെന്നു പറഞ്ഞത് അമ്മൂമ്മയാണ്. അമ്മൂമ്മയ്ക്കിങ്ങനെ ഒരുപാടു കഥയറിയാം. അമ്മൂമ്മയും അപ്പൂപ്പനും താമസിക്കണ, അമ്മേടെ കുടുംബവീടിന്റെ പടിഞ്ഞാറേത്തൊടിയിലാണ് അനുവിന്റെ വീട്. എപ്പോ വേണേലും ഒറ്റയോട്ടത്തിന് അവിടെത്താം. മച്ചും നിലവറകളും അകത്തളോം നടുമുറ്റവുമൊക്കെയുള്ള ആ വീടാണ് അനുവിനിഷ്ടം കൂടുതൽ.

ചില രാത്രികളിൽ അപ്പൂപ്പനും അമ്മൂമ്മയ്ക്കും കൂട്ടുകിടക്കാൻ പോകും അനു. അന്നുരാത്രിയിൽ 'ഉറങ്ങെടീ' എന്നു പറഞ്ഞുള്ള അമ്മേടെ ശകാരം കേൾക്കാതെ അനുവിന് ഇഷ്ടമുള്ളപ്പോ ഉറങ്ങാം. അമ്മയാണീ പെണ്ണിനെ വഷളാക്കണതെന്നുള്ള അമ്മയുടെ കുശുമ്പുവർത്തമാനം പിറ്റേന്നു കേൾക്കാം.

ഇന്നൊരു കാര്യം തീരുമാനിച്ചിട്ടുണ്ട്. അച്ഛൻ വന്നാൽ നോട്ടുപുസ്തകത്തീന്നു പേപ്പറുകീറിയ കാര്യം അമ്മ പറഞ്ഞുകൊടുത്താൽ, അച്ഛൻ വഴക്കു പറഞ്ഞാൽ, സത്യായിട്ടും കണ്ണുരണ്ടാണെ സത്യം അനു പിന്നെ വീട്ടിൽ നിൽക്കില്ല. അപ്പൂപ്പന്റേം അമ്മൂമ്മേടേം വീട്ടിലേക്കു പോകും. പോകുമ്പോ ആരും വഴക്കു പറയില്ല ശകാരിക്കില്ല.

അച്ഛൻ വന്നപ്പോ അമ്മ പറഞ്ഞുകൊടുത്തു.

കടേലെന്തോ പ്രശ്നമുണ്ടെന്നു തോന്നുന്നു. അച്ഛന് നല്ല ദേഷ്യോം ക്ഷീണോം ഒക്കെയുണ്ടായിരുന്നു.

പോട്ടെടീന്നല്ല അച്ഛൻ പറഞ്ഞത്. അനൂനെ കണ്ണിറുക്കി കാണിച്ച് കള്ളസൂത്രം പറേകമല്ല ചെയ്തത്.

മുറ്റത്തുകിടന്ന മ്ലാഞ്ഞിൽ വലിച്ചിളക്കി ഒരടി. ഹോ! പൊന്നീച്ച പറന്നെന്നു തോന്നി കണ്ണീന്ന്. കൂടെ വഴക്കും. അമ്മ ഓടിവന്നു പിടിച്ചു മാറ്റീലായിരുന്നെങ്കിൽ ഇനീം തച്ചേനെ.

മിണ്ടുന്നില്ല ഇനി ആരോടും. മാത്രമല്ല അപ്പൂപ്പന്റെ കൂടെ താമസിക്കാനും പോണു. തിരിച്ചുവരുന്ന പ്രശ്നമില്ല. വലിയവായിലേ കരഞ്ഞ് അനു പറഞ്ഞു.

''ഞാൻ പോണേ. അപ്പൂപ്പാ ഓടിവായോ, അമ്മൂമ്മേ എനിക്കാരുമില്ലേ. അയ്യോ.''

അമ്മ വാ പൊത്തിപ്പിടിക്കാൻ ശ്രമിച്ചെങ്കിലും കുതറിമാറി അനു നിലവിളി തുടർന്നു.

''ഓ ശരി പൊയ്ക്കോ, ഇനി ഇങ്ങോട്ടു വരണ്ട. അപ്പൂപ്പന്റേം അമ്മൂമ്മേടേം അടുത്തു പൊയ്ക്കോ. ഇനി ഇവിടെ വേണ്ട. പറഞ്ഞാ കേക്കാത്ത കുട്ടിയെ ഈ വീട്ടിനാവശ്യമില്ല.'' അച്ഛൻ ഉറക്കെപ്പറഞ്ഞു.

''എന്റെ പുസ്തകോം ബുക്കും ഞാൻ കൊണ്ടോവും.''

''പൊയ്ക്കോ, പഠിക്കേണ്ടത് നീയല്ലേ.''

''എന്റെ പാവക്കുട്ടീയേം ഉടുപ്പുമൊക്കെ കൊണ്ടോവും.'' കരച്ചിലടക്കി അനു പറഞ്ഞു.

''പൊയ്ക്കോ. പാവേടെ കൂടെ കളിക്കണത് നീയല്ലേ. ഉടുപ്പിടണമെങ്കിൽ കൊണ്ടു പൊയ്ക്കോ.''

''ചായപ്പെൻസിലും സ്കൂൾബാഗും കുടേം...'

''ഓ, ഒക്കെയെടുത്തോ.''

''ചെരിപ്പും കൊണ്ടോവും കസേരേം.''

''ഓ. ആയിക്കോട്ടേ..''

കരച്ചിലിനിടയിൽ അനു പിന്നെയും ഒരൂട്ടം പറഞ്ഞു. അതു കേട്ടപ്പോ അച്ഛൻ ചിരിച്ചോണ്ടോടി വന്നെടുത്ത് ഉമ്മവച്ചതെന്തിനെന്നു മനസ്സിലായില്ല.

''എനിക്കെന്റെ ആധാർകാർഡും വേണം.''

ഉണ്ടാക്കാം

# കടലാസു ടെലിസ്കോപ്പ്

അരവിന്ദ് ഗുപ്ത


കടലാസുകുഴലുകൾ ഉപയോഗിച്ച് ടെലിസ്കോപ്പ് നിർമ്മിക്കാം.



**ആവശ്യമുള്ള സാധനങ്ങൾ**

- വ്യത്യസ്ത വണ്ണമുള്ള മൂന്ന് കാർഡ്ബോർഡ് കുഴലുകൾ-നീളം30സെ.മീ.
- 70cm, 100cm വരെ ഫോക്കൽ ദൂരമുള്ള കോൺവെക്സ് ലെൻസ് -1
- 1സെ.മീ - 4സെ.മീ വരെ ഫോക്കൽദൂരമുള്ള കോൺകേവ് ലെൻസ് - 1
- പശ

മുന്നറിയിപ്പ്
ഒരു കാരണവശാലും സൂര്യനെ ടെലിസ്കോപ്പിലൂടെ നേരിട്ട് നോക്കുവാൻ പാടുള്ളതല്ല.




1 6.8സെ.മീ, 6.4സെ.മീ, 6 സെ.മീ വീതം വ്യാസമുള്ള മൂന്ന് കുഴലുകൾ.



2 വണ്ണം കൂടിയ കുഴലിനുള്ളിൽ വണ്ണം കുറഞ്ഞ കുഴൽ ഇറക്കിവയ്ക്കുക. പരസ്പരം നിരക്കിനീങ്ങാവുന്ന രീതിയിലാവണം കുഴലുകൾ.



3 ഫോക്കൽദൂരം കുറഞ്ഞ ലെൻസ് ഒരു കാർഡ്ബോർഡ് ഡിസ്കിൽ പശവച്ച് ഉറപ്പിക്കാം. വ്യാസം കൂടിയ ലെൻസ് ആണ് കിട്ടിയതെങ്കിൽ അത് കുഴലിൽ നേരിട്ട് പശ തേച്ച് ഉറപ്പിക്കാം.




4 ഡിസ്കിന്റെ നടുവിലെ ദ്വാരത്തിൽ ലെൻസിന്റെ നടുഭാഗം വരുന്ന രീതിയിൽ ഒട്ടിക്കണം.



5 കാർഡ്ബോർഡ് ഡിസ്കിൽ പശ തേച്ച് വണ്ണം കുറഞ്ഞ കുഴലിന്റെ അറ്റത്ത് ഒട്ടിക്കാം. ഇതാണ് ഐപീസ്. ഇതിലൂടെയാണ് ദൂരക്കാഴ്ചകൾ കാണാൻ നാം നോക്കേണ്ടത്.



6 ഫോക്കൽദൂരം കൂടിയ ലെൻസിന്റെ വശങ്ങളിൽ പശ തേച്ച് കുഴലിന്റെ മറ്റേ അറ്റത്ത് ഉറപ്പിക്കാം. ഇതാണ് ഒബ്ജക്റ്റീവ് ലെൻസ്.



7 ടെലിസ്കോപ്പ് റെഡി.



8 ഇനി അകലെയുള്ള വസ്തുക്കളെയും രാത്രിയിലെ ചന്ദ്രനെയുമെല്ലാം ടെലിസ്കോപ്പിലൂടെ നിരീക്ഷിച്ചുനോക്കൂ.

# ഹെർക്കുലിസ്

**എം ഗീതാഞ്ജലി**

ദേവന്മാരുടെ രാജാവായ സ്യൂസ് ദേവന്റെയും ആൽക്കമിനി എന്ന മനുഷ്യരാജകുമാരിയുടെയും മകനാണ് ഹെർക്കുലിസ്. ഇങ്ങനെയൊരു മകൻ തന്റെ ഭർത്താവിന് ജനിച്ചിട്ടുണ്ടെന്നറിഞ്ഞപ്പോൾ ദേവറാണിയായ സ്യൂസിന്റെ പത്നി ഹീരാദേവിക്ക് അതികഠിനമായ അമർഷവും സങ്കടവും ഉണ്ടായി. മകനെ ദേവനാക്കി മാറ്റാൻ സ്യൂസ് ശ്രമിച്ചു. പക്ഷേ, ഹീരാദേവിയെ അതു കോപിഷ്ഠയാക്കി. അവൾ ആവശ്യപ്പെട്ടു.

''ഹെർക്കുലിസ് വീരനാണെന്നു തെളിയിക്കാതെ അവനെ ദേവനാക്കുന്നത് ഒട്ടും ശരിയല്ല. വളർന്നു യുവാവാകുമ്പോൾ പന്ത്രണ്ടു സാഹസിക പ്രവൃത്തികൾ ചെയ്ത് അവൻ തന്റെ ധൈര്യവും കരുത്തും തെളിയിക്കണം. എന്നാലേ ദേവനാക്കി മാറ്റാൻ ഞാൻ സമ്മതിക്കൂ.''

സ്യൂസിന് സമ്മതിക്കാതെ തരമില്ലാതായി. മാത്രമല്ല എങ്ങനെയെങ്കിലും ഈ കുഞ്ഞിനെ നശിപ്പിച്ചേ പറ്റൂ എന്നുമാത്രമായി ഹീരയുടെ ചിന്ത. ഓരോ തരത്തിൽ അവനെ കൊല്ലുവാനുള്ള ഉപായങ്ങൾ അവൾ ആലോചിച്ചുതുടങ്ങി. ഒരു വയസ്സു മാത്രമുള്ള കുഞ്ഞിന്റെ മുറിയിലേക്ക് ഒരിക്കൽ രണ്ടു വിഷസർപ്പങ്ങളെ ഹീരാദേവി വിട്ടു. വലിയ മൽപ്പിടുത്തത്തിനൊടുവിൽ കുഞ്ഞു ഹെർക്കുലിസ് രണ്ടു സർപ്പങ്ങളെയും ഞെരിച്ചുകൊന്നു. ഹെർക്കുലിസിന് അമാനുഷികശക്തിയുണ്ടെന്ന് അന്നേ ആളുകൾക്കു ബോധ്യമായി.

വളർന്നുവരുന്ന ഹെർക്കുലിസിനെ എല്ലാ വിദ്യകളും അഭ്യസിപ്പിക്കാൻ വളർത്തച്ഛനായ ആംഫിട്രിയോൺ രാജാവ് ശ്രദ്ധിച്ചു.



വാൾപ്പയറ്റിലും അസ്ത്രവിദ്യയിലും മൽപ്പിടുത്തത്തിലും കുതിരയോട്ടത്തിലുമെല്ലാം ഹെർക്കുലിസ് പ്രാവീണ്യം നേടി. സംഗീതത്തിലും സാഹിത്യത്തിലും മിടുക്കു കാണിച്ചു. അസാധാരണ ബുദ്ധിശക്തിയും മെയ്ക്കരുത്തും സൗന്ദര്യവുമുള്ള ഹെർക്കുലിസ് വളരെ സൗമ്യനും ആയിരുന്നു. കാരണം കൂടാതെ ആരോടും വഴക്കടിക്കില്ല. എന്നാൽ മറ്റുള്ളവരെ നിരന്തരം ദ്രോഹിക്കുന്നവരെ തന്റെ ബലം കൊണ്ട് കീഴടക്കി ശിക്ഷ നൽകാൻ മടിയുമുണ്ടായിരുന്നില്ല. എല്ലാവർക്കും അവനെ ഇഷ്ടമായി.

യുവാവായ ഹെർക്കുലിസിന് ഒരു പ്രത്യേക സാഹചര്യത്തിൽ യൂറിസ്ത്യൂസ് രാജാവിന്റെ ദാസനായി ജീവിക്കേണ്ടി വന്നു. ഈ കാലഘട്ടത്തിൽ അതിസാഹസികമായ പന്ത്രണ്ടു കാര്യങ്ങൾ യൂറിസ്ത്യൂസ് രാജാവ് ഹെർക്കുലിസിനോട് ചെയ്യാനാവശ്യപ്പെട്ടു.

നിമേയാമലകളിൽ യഥേഷ്ടം വിഹരിച്ച് ആളുകളെ കൊന്നുതിന്നിരുന്ന ഒരു ഭീകരസിംഹത്തെ കൊല്ലുവാനാണ് രാജാവ് ആദ്യം ആവശ്യപ്പെട്ടത്. ഹെർക്കുലിസിന് മുപ്പതു ദിവസം ആ ഭയങ്കരൻ സിംഹത്തിനോട് ഒറ്റയ്ക്ക് പോരാടേണ്ടിവന്നു. ആയുധങ്ങൾ കൊണ്ടൊന്നും ഒരു പോറൽ പോലും ആ സിംഹത്തിനുമേൽ ഏൽപ്പിക്കാൻ പറ്റില്ലെന്നു മനസ്സിലായപ്പോൾ ആയുധങ്ങളെല്ലാം ഒഴിവാക്കി ഹെർക്കുലിസ് സിംഹവുമായി മൽപ്പിടുത്തമാരംഭിച്ചു. മണിക്കൂറുകൾ നീണ്ടുനിന്ന മൽപ്പിടുത്തത്തിനുശേഷം ഹെർക്കുലിസ് തന്റെ കൈകൾകൊണ്ട് ആ സിംഹത്തെ ഞെരിച്ചുകൊന്നു. അതിന്റെ തോലുരിഞ്ഞ് വസ്ത്രമായി ധരിച്ചു. അതിന്റെ തല ശിരോകവചമാക്കി മാറ്റി.

സിംഹത്തെ കൊന്ന് നാട്ടിൽ തിരിച്ചെത്തിയ ഹെർക്കുലിസിനോട് യൂറിസ്ത്യൂസ് രണ്ടാമതായി ആവശ്യപ്പെട്ടത് ഹൈഡ്രെ എന്ന ഭീകര ജീവിയെ കൊല്ലാനാണ്. നായയുടെ ശരീരവും ഒമ്പതു തലകളുമുള്ള ഒരു ഭീകര ജീവിയാണ് ഹൈഡ്രെ. അതിന്റെ തലകളിൽ ഏതെങ്കിലുമൊന്ന് മുറിച്ചുമാറ്റിയാൽ തത്സ്ഥാനത്ത് ഒമ്പതു തലകൾ പുതിയതായി മുളച്ചു വരും. ഹൈഡ്രെ പാർത്തിരുന്ന ഗുഹയ്ക്കു മുന്നിൽ ഹെർക്കുലിസ് എത്തി. തീയാളുന്ന അമ്പുകൾ എയ്ത് ഓരോ തലയും അയാൾ മുറിച്ചുവീഴ്ത്തി. അറ്റത്ത് തീപ്പന്തം കെട്ടിയ ഒരു നീണ്ട കുന്തം കയ്യിൽ കരുതിയിട്ടുണ്ടായിരുന്നു. ഓരോ തലയുടെയും സ്ഥാനത്ത് പുതിയ തലകൾ മുളച്ചു വരുന്നതിനുമുമ്പ് തീപ്പന്തം കൊണ്ട് ആ ഭാഗം കരിച്ചുകളഞ്ഞു. അങ്ങനെ ഹെർക്കുലിസ് ഹൈഡ്രെയുടെ കഥ കഴിച്ചു.

മൂന്നാമതായി യൂറിസ്ത്യൂസ് നിർദേശിച്ചത് കൊറിണിയയിലെ സ്വർണക്കൊമ്പുള്ള മാനിനെ പിടിച്ചു കൊണ്ടുവരാനാണ്. സ്വർണക്കൊമ്പും പിച്ചളക്കാലുകളുമുള്ള ഈ അത്ഭുതമാനിന് ശബ്ദത്തെക്കാൾ വേഗത്തിൽ ഓടാൻ കഴിയുമായിരുന്നു. നാട്ടിലേക്കിറങ്ങി വിളവുകൾ നശിപ്പിച്ച് ജനങ്ങൾക്കു വളരെയേറെ ശല്യം ചെയ്തിരുന്നു ഈ മാൻ. ഹെർക്കുലിസിന്റെ കാൽപ്പെരുമാറ്റം കേൾക്കുമ്പോഴേക്കും കാറ്റിനെക്കാൾ വേഗത്തിൽ ഓടിമറയുന്ന മാനിനെ തേടിത്തേടി ഒരു വർഷം അയാൾ നടന്നു. ഒടുവിലൊരുനാൾ, നദിക്കരയിൽ വെള്ളം കുടിക്കാനെത്തിയ മാനിനെ ഒരു ചെറു ശബ്ദം പോലുമുണ്ടാക്കാതെ ഹെർക്കുലിസ് അമ്പെയ്തു വീഴ്ത്തി. അതിനെയും തോളിലെടുത്ത് യൂറിസ്ത്യൂസിന്റെ അരികിലെത്തിയ ഹെർക്കുലിസിനെ നാലാമത്തെ സാഹസിക വെല്ലുവിളി കാത്തു നിൽക്കുന്നുണ്ടായിരുന്നു.

എറിമന്തിയാസിലെ കാട്ടുപന്നിയെ ജീവനോടെ പിടിച്ചു കൊണ്ടുവരണം. ആ പന്നിയുടെ തേറ്റയുടെ സ്പർശനമേൽക്കുന്ന ഏതു ജീവിയും തത്ക്ഷണം ചാവും. കാടും നാടുമിളക്കി ജനങ്ങളെയെല്ലാം ഭീതിയിലാഴ്ത്തി തിമർത്തുനടന്നിരുന്ന ആ കാട്ടുപന്നിയെ ഹെർക്കുലിസ് ശക്തികൊണ്ടും യുക്തി കൊണ്ടും തോൽപ്പിച്ച് പിടിച്ചുകെട്ടി രാജാവിനു മുന്നിൽ ഹാജരാക്കി.

ദുഷ്കരമായ അടുത്ത

ഹൈഡ്രെ പാർത്തിരുന്ന ഗുഹയ്ക്കു മുന്നിൽ ഹെർക്കുലിസ് എത്തി. തീയാളുന്ന അമ്പുകൾ എയ്ത് ഓരോ തലയും അയാൾ മുറിച്ചുവീഴ്ത്തി. ഓരോ തലയുടെയും സ്ഥാനത്ത് പുതിയ തലകൾ മുളച്ചു വരുന്നതിനുമുമ്പ് തീപ്പന്തം കൊണ്ട് ആ ഭാഗം കരിച്ചുകളഞ്ഞു. അങ്ങനെ ഹെർക്കുലിസ് ഹൈഡ്രെയുടെ കഥ കഴിച്ചു.

പ്രവൃത്തി ഒരു തൊഴുത്ത് വൃത്തിയാക്കലായിരുന്നു. എലിസിലെ രാജാവായ ഈൗജിയാസിന്റെ കാലിത്തൊഴുത്ത്. ആയിരക്കണക്കിനു പശുക്കളും കാളകളുമുള്ള ആ തൊഴുത്ത് ആർക്കും വൃത്തിയാക്കാൻ കഴിഞ്ഞിരുന്നില്ല. ചാണകവും മൂത്രവും നിറഞ്ഞൊഴുകി തൊഴുത്തും സമീപപ്രദേശങ്ങളുമെല്ലാം മാലിന്യക്കൂമ്പാരമായിരുന്നു. ഈ വമ്പൻ തൊഴുത്ത് ഒരു പകൽകൊണ്ടു വൃത്തിയാക്കാനായിരുന്നു ഹെർക്കുലിസിനു കിട്ടിയ നിർദേശം. അയാൾ തൊഴുത്തു വന്നു കണ്ടു. പിന്നീട് സമീപപ്രദേശത്തൂടെ ശക്തിയായി ഒഴുകിക്കൊണ്ടിരുന്ന ഒരു നദിയിലെ വെള്ളം തൊഴുത്തിലേക്കു തിരിച്ചുവിട്ടു. നദീജലപ്രവാഹത്തിൽ തൊഴുത്തിലെയും ചുറ്റുമുള്ള സ്ഥലങ്ങളിലെയും ചാണകമലകൾ ഒഴുകിപ്പോയി. തൊഴുത്ത് വൃത്തിയായി.

ആറാമതായി ഹെർക്കുലിസിന് ചെയ്യേണ്ടിവന്നത് സ്റ്റിംഫാലിയൻ പക്ഷികളുടെ ആക്രമണം ഇല്ലാതാക്കലായിരുന്നു. മനുഷ്യരെപ്പോലും തിന്നുന്ന ഈ ഭീകര കാട്ടുപക്ഷികൾക്ക് പിച്ചളയുടെ നീണ്ട കൊക്കുകളും നഖങ്ങളും ചിറകുകളുമാണുണ്ടായിരുന്നത്. പറ്റംപറ്റമായി സഞ്ചരിക്കുകയും ഏതു ജീവിയെ കണ്ടാലും ഒന്നിച്ചാക്രമിച്ച് കൊത്തിക്കീറിത്തിന്നുകയും ചെയ്യുന്ന അവയെയും ഹെർക്കുലിസ് തന്റെ ബുദ്ധി



ശക്തികൊണ്ട് തോൽപ്പിച്ചു.

വായിൽനിന്നും തീയും പുകയും വമിക്കുന്ന ഒരു കൂറ്റൻ കാളയെ ഒറ്റയ്ക്കു കീഴടക്കുക, ത്രാസിയായിലെ രാജാവായ ദിയോമേഡസിന്റെ വളർത്തുമൃഗങ്ങളും നരഭോജികളുമായ പെൺകുതിരകളെ കൊല്ലുക എന്നിവയായിരുന്നു ഏഴാമത്തെയും എട്ടാമത്തെയും സാഹസിക പ്രവൃത്തികൾ. ഈ രണ്ട് ദുഷ്കരപ്രവൃത്തികളും ഭംഗിയായി നിർവഹിച്ചെത്തിയ ഹെർക്കുലിസിന് കിട്ടിയ ഒമ്പതാമത്തെ വെല്ലുവിളി ആമസോൺ രാജ്ഞിയായ ഹിപ്പോളിറ്റേയുടെ അരയിലുള്ള സ്വർണയരഞ്ഞാണം കൊണ്ടുവരിക എന്നതായിരുന്നു. അതിക്രൂരരും ശൂരരും ആയിരുന്ന ഹിപ്പോളിറ്റേ റാണിയെയും അവരുടെ പെൺപടയാളികളെയും യുദ്ധത്തിൽ തോൽപ്പിച്ച് രാജ്ഞിയെ വധിച്ച് സ്വർണയരഞ്ഞാണവുമായി ഹെർക്കുലിസ് തിരികെ വന്നു.

അടുത്ത വെല്ലുവിളി ആർക്കും തോൽപ്പിക്കാനാവാത്ത ഗെരിയോണിന്റെ കന്നുകാലികളെ പിടിച്ചുകൊണ്ടുവരിക എന്നതായിരുന്നു. ഗെരിയോണിനു അരയ്ക്കു മുകളിലേക്ക് മൂന്ന് ഉടലുകളും മൂന്നു തലകളും ആറ് കൈകളുമുണ്ടായിരുന്നു. രണ്ടുതലയുള്ള ഭീകരനായ ഓർത്തരൂസ് എന്ന നായ എല്ലായ്പ്പോഴും കാവലും ഉണ്ടായിരുന്നു. വലിയ സാഹസിക പോരാട്ടത്തിനൊടുവിൽ ഹെർക്കുലിസ് ഓർത്തരൂസിനെയും ഗെരിയോണിയനെയും വധിച്ച് കന്നുകാലികളെ പിടിച്ചുകെട്ടി യൂറിസ്ത്യൂസിന്റെ അരികിലെത്തി.

ഹീരാദേവിയുടെ ആപ്പിൾത്തോട്ടത്തിൽനിന്ന് സ്വർണ ആപ്പിളുകൾ കൊണ്ടുവരാനായിരുന്നു അടുത്ത നിർദേശം. ഈ യാത്രയിലും ഒരുപാട് പ്രതിബന്ധങ്ങളുണ്ടായിരുന്നു. ഒരുപാടുപേരുമായി ഏറ്റുമുട്ടേണ്ടിവന്നു. മാസങ്ങളെടുത്തു ഈ യാത്രയ്ക്ക്. ഒടുവിൽ തോട്ടത്തിന് കാവൽ നിന്നിരുന്ന ആയിരം തലയുള്ള ലാഡോൺ എന്ന ഭീകരജീവിയെ കൊന്ന് ഹെർക്കുലിസ് ആപ്പിളുകൾ പറിച്ചെടുത്തു.

യൂറിസ്ത്യൂസിന്റെ പന്ത്രണ്ടാമത്തെ വെല്ലുവിളി പാതാളലോകത്തു പോയി അവിടത്തെ ഭീകരനായ സേർബരൂസ് എന്ന നായയെ പിടിച്ചുകെട്ടി കൊണ്ടുവരിക എന്നതായിരുന്നു. പല പ്രയാസങ്ങളും തരണംചെയ്ത് പാതാളരാജാവായ ഹെയ്ഡിസിന്റെ കൊട്ടാരത്തിലെത്തി ഹെർക്കുലിസ്, സർപ്പങ്ങൾ പത്തി വിടർത്തിയാടുന്ന നീണ്ട മൂന്നു തലകളും ഗദപോലുള്ള വാലുമുള്ള സേർബരൂസിനെ ഏറെ നേരത്തെ മൽപ്പിടുത്തം കൊണ്ട് കീഴടക്കി. ബന്ധനസ്ഥനായ സേർബരൂസിനെ യൂറിസ്ത്യൂസിന്റെ മുമ്പിൽ കാഴ്ചവച്ചു. ഏതായാലും ആ സാഹസിക പ്രവൃത്തിയോടെ യൂറിസ്ത്യൂസ് ഹെർക്കുലിസിന് തന്റെ ദാസ്യവൃത്തിയിൽ നിന്ന് മോചനം നൽകി.

സാഹസികതയോടെ ചെയ്തു തീർക്കാനുള്ള വളരെ ദുഷ്കരങ്ങളായ പ്രവൃത്തികൾക്ക് ഇംഗ്ലീഷു ഭാഷയിൽ ഹെർക്കുലിയൻ ടാസ്ക് (Herculean task) എന്ന പേരു വീണത് ഇങ്ങനെയാണ്. ഇംഗ്ലീഷിൽ Herculean എന്ന പദം നാമവിശേഷണമാണ് (adjective). Herculean എന്ന പദത്തിനർഥം 'something that needs very great strength' എന്നാണ്.

## തളിരിലേക്ക് രചനകൾ ക്ഷണിക്കുന്നു.

പത്തുവയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് ഉതകുന്നതും പുതുമയുള്ളതുമായ രചനകൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, കാർട്ടൂൺ തുടങ്ങി ഏതു രൂപത്തിലുള്ള രചനകളും ആവാം. യുണിക്കോഡിൽ ടൈപ്പ് ചെയ്ത രചനകൾ thaliru@ksicl.org എന്ന ഇമെയിൽ വിലാസത്തിലാണ് അയച്ചുതരേണ്ടത്. തപാലിലും അയയ്ക്കാം. പ്രസിദ്ധീകരിക്കാത്ത രചനകൾ തിരിച്ചയയ്ക്കുന്നതല്ല.

എഡിറ്റർ
തളിര്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34

# മഹാഭാരതം

സുഗതകുമാരി

## ഭഗവദ്ദൂത്

ശുഭസമയംനോക്കി കുളിച്ച് മഞ്ഞപ്പട്ടുടുത്ത് കിരീടവും ആഭരണങ്ങളും പുഷ്പഹാരവും ചാർത്തി ശ്രീവാസുദേവൻ, ശൈബ്യം, സുഗ്രീവം, മേഘപുഷ്പം, വലാഹകം എന്ന നാലു വെള്ളക്കുതിരകളെ പൂട്ടിയതും പൊന്നിൻകൊടിമരത്തിൽ ഗരുഡധ്വജം പാറുന്നതും മേരുശൃംഗംപോലെ പെരുതായി വിളങ്ങുന്നതുമായ മഹാരഥത്തിലേറി സാത്യകിയുമൊത്ത് ഹസ്തിനപുരത്തേക്കു യാത്ര തിരിക്കുകയായി. പുറപ്പെടുംമുമ്പ് ചുറ്റുംവന്നു വന്ദിച്ച പാണ്ഡവന്മാരുടെ പൂജയേറ്റും ഹസ്തിനപുരിയിൽ പുത്രന്മാരെയോർത്തു തപിച്ചു കഴിയുന്ന അമ്മ കുന്തീദേവിയെ ആശ്വസിപ്പിക്കേണമേ എന്ന് കണ്ഠമിടറിപ്പറയുന്ന യുധിഷ്ഠിരന്റെ ആകുലത ദർശിച്ചും ക്രോധദുഃഖങ്ങളാൽ വിറകൊണ്ട് ഭീമസേനൻ സിംഹത്തെപ്പോലെ ഘോരമായി ഗർജിച്ചത് ചെവിക്കൊണ്ടും വഴിയരികിൽ കൂട്ടംകൂട്ടമായി വന്നുനിന്നു വണങ്ങുന്ന ജനങ്ങളെ തൃക്കൺപാർത്തു പുഞ്ചിരിയാൽ അനുഗ്രഹിച്ചും മാർഗമധ്യത്തിൽ കാത്തുനിന്ന മഹർഷിമാരെ പ്രണമിച്ചും ഒന്നുകാണാൻ കൊതിച്ചു കാത്തുനിൽക്കുന്ന സ്ത്രീസമൂഹങ്ങൾ വാരിവാരി തൂകുന്ന പുഷ്പാച്ചർനയേറ്റും ആകാശവും ഭൂമിയും രഥഘോഷംകൊണ്ടു മുഴക്കിയും ശ്രീകൃഷ്ണഭഗവാൻ ഹസ്തിനപുരിയിലേക്ക് എഴുന്നള്ളത്തായി.

ഈ വരവറിഞ്ഞ ധൃതരാഷ്ട്രർ നഗരം അടിച്ചുതളിച്ച് അലങ്കരിക്കുവാനും കൊടിക്കൂറകൾ തൂക്കിയും പുഷ്പങ്ങൾ വിതറിയും ശ്രീകൃഷ്ണനെ എതിരേൽക്കുവാനും കൽപ്പന നൽകി. അദ്ദേഹത്തിനു വസിക്കുവാൻ ദുശ്ശാസനന്റെ ഗംഭീരമായ കൊട്ടാരം ഒരുക്കിയിട്ടു. ദുര്യോധനനൊഴിച്ചുള്ള പുത്രന്മാർ രാജകീയാഡംബരങ്ങളോടെ തേരേറി വിശിഷ്ടാതിഥിയെ സ്വീകരിക്കുവാൻ ഏർപ്പാടു ചെയ്തു. നർത്തകിമാരും ഗായകരും കന്യകമാരും ജനസഹസ്രങ്ങളും വാദ്യഘോഷങ്ങളോടെ സ്വീകരണത്തിനു കാത്തുനിൽപ്പായി. പൊന്നണിത്തേരുകളും ആനകളും ഭൂഷണങ്ങളണിഞ്ഞ ആയിരക്കണക്കിനു ദാസീദാസന്മാരെയും മഹാധനങ്ങളും ശ്രീകൃഷ്ണന് സമ്മാനിക്കാൻ ധൃതരാഷ്ട്രർ ഒരുങ്ങവേ, വിദുരർ പറഞ്ഞു.

'മഹാരാജൻ, വാസുദേവൻ അങ്ങയുടെ ഒരു സമ്മാനവും സ്വീകരിക്കുകയില്ല. വൃഥാ അതിനൊരുങ്ങേണ്ടതില്ല.'

പുരത്തിൽ പ്രവേശിച്ച വാസുദേവൻ തന്നെക്കാണാൻ തിക്കിത്തിരക്കുന്ന ജനാവലിയുടെ ഇടയിലൂടെ സമന്ദഹാസം നീങ്ങി ധൃതരാഷ്ട്രമന്ദിരത്തിലെത്തി. അദ്ദേഹത്തെയും ഭീഷ്മദ്രോണാദികളെയും അഭിവാദ്യം ചെയ്തിട്ട് ദുശ്ശാസനമന്ദിരത്തിൽ പാർക്കാനുള്ള ക്ഷണം നിരസിച്ച് വിദുരഗൃഹത്തിലേക്കു പോയി. അവിടെ ദീർഘവർഷങ്ങളായുള്ള പുത്രവിരഹത്താൽ ദു:ഖിതയായി കഴിയുന്ന സ്വന്തം പിതൃസഹോദരിയായ കുന്തീദേവിയെക്കണ്ടു നമസ്കരിച്ചു. തന്റെ മക്കൾക്കു രക്ഷിതാവും സഖാവും പ്രാണതുല്യനുമായ ആ തേജോമയരൂപത്തെക്കണ്ട് കുന്തിക്ക് ദു:ഖാശ്രുക്കളും ആനന്ദാശ്രുക്കളും ഒന്നിച്ചു പൊഴിയുകയായി. തന്റെ സഹോദരപുത്രനായ കൃഷ്ണനെ മാറോടണച്ചു പുണർന്നുകൊണ്ട് കുന്തീദേവി സങ്കടങ്ങൾ പറഞ്ഞു തുടങ്ങി.

'കൃഷ്ണാ, ദേവകീനന്ദനാ, എന്റെ കുട്ടികൾ എങ്ങനെ കഴിയുന്നു? ബാല്യത്തിൽത്തന്നെ അച്ഛൻ നഷ്ടപ്പെട്ട അവർ ലാളിച്ചു വളർത്തപ്പെട്ടവരാണ്. കൊട്ടാരത്തിൽ പട്ടുമെത്തയിൽ ഉറങ്ങി ശീലിച്ച അവർ കൊടുംകാട്ടിൽ വെറുംനിലത്ത് എങ്ങനെ കിടന്നുറങ്ങി? പുലരിയിൽ വന്ദികളുടെയും ഗായകരുടെയും മംഗളഗാനങ്ങൾ കേട്ടുണരുന്ന അവർ കാട്ടുമൃഗങ്ങളുടെ ഘോരശബ്ദം കേട്ട് ഉണർന്നതെങ്ങനെ? തങ്കനിറവും ഉയർന്ന നാസികയുമുള്ള ദേവേന്ദ്രതുല്യനായ എന്റെ

മൂത്തമകൻ യുധിഷ്ഠിരൻ കുശലിയായിരിക്കുന്നുവോ? എന്റെ ഭീമൻകുട്ടി, വിശപ്പടങ്ങാത്തവൻ, ശുണ്ഠിക്കാരനും ഭീമാകാരനുമായ അവൻ സുഖമായിരിക്കുന്നുവോ? എന്റെ അർജുനനോ? വില്ലാളിവീരനും സുകുമാരനും ദേവതുല്യനുമായ അവൻ കാട്ടിൽ വെറും മണ്ണിൽ കിടന്നതോർക്കുമ്പോൾ എന്റെയുള്ളുപൊട്ടുന്നു. എന്റെ കുഞ്ഞുമക്കളായ നകുലസഹദേവന്മാരോ? അവർക്കു സുഖമാണോ? എന്നെ പിരിഞ്ഞ് അവർ എങ്ങനെ കഴിയുന്നു? കൃഷ്ണാ, വാസുദേവാ, എന്റെ പ്രിയപുത്രി പാഞ്ചാലിയോ? സുഖമോ അവൾക്ക്? ഹാ! ഇത്രയേറെ വീരന്മാരായ നാഥന്മാരുള്ള അവൾ എത്ര ഭീകരമായ അപമാനദു:ഖം സഹിച്ചു! കൃഷ്ണാ, അവളെയോർത്ത് പൊള്ളുകയാണ് എന്റെയുള്ളം.'

കുന്തീദേവി കോപതാപങ്ങളോടെ തുടർന്നു.

'മാധവാ, പതിനാലുവർഷമായി എന്റെ ഉണ്ണികളെ ഞാൻ കണ്ടിട്ട്. നീ ഈവിധം പറയൂ എന്റെ മൂത്തമകനോട്, ഉണ്ണീ യുധിഷ്ഠിരാ, ധർമം കെട്ടുപോയിരിക്കുന്നു. ജീവിതം പാഴാക്കാതിരിക്കുക. ഞാൻ പരാധീനയായി ഇവിടെ ജീവിക്കുന്നത് നിന്ദ്യമാണ് എന്ന് നീ ഓർമിക്കുക. കൃഷ്ണാ, അർജുനനോടും ഭീമനോടും പറയൂ, ക്ഷത്രിയസ്ത്രീ പ്രസവിക്കുന്നത് എന്തിനാണോ അതിനുള്ള കാലമായീ എന്ന്. നകുലനോടും സഹദേവനോടും പറയുക, ജീവൻ പോകുന്നെങ്കിൽ പോകട്ടെ, കിട്ടാനുള്ളതു വിക്രമത്തോടെ നേടുക എന്ന്. പാഞ്ചാലിയെ സഭയിൽ അപമാനിച്ചതിന്റെ ഫലം കിട്ടാറായി എന്നോർമിപ്പിക്കുക. കൃഷ്ണാ, നീ നാഥനായിരിക്കെ ഞങ്ങൾക്ക് എന്തുകൊണ്ട് ഇത്രയേറെ ദുസ്സഹ ദു:ഖങ്ങളുണ്ടാകുന്നു? എന്റെ അവസ്ഥ ഞാൻ സഹിച്ചുകൊള്ളാം. എന്റെ മകളെ, കൃഷ്ണയെയോർക്കുമ്പോഴാണ് ഉള്ളിൽ അഗ്നിയുയരുന്നത്.'

**കൃഷ്ണാ, അർജുനനോടും ഭീമനോടും പറയൂ, ക്ഷത്രിയസ്ത്രീ പ്രസവിക്കുന്നത് എന്തിനാണോ അതിനുള്ള കാലമായീ എന്ന്. നകുലനോടും സഹദേവനോടും പറയുക, ജീവൻ പോകുന്നെങ്കിൽ പോകട്ടെ, കിട്ടാനുള്ളതു വിക്രമത്തോടെ നേടുക എന്ന്. പാഞ്ചാലിയെ സഭയിൽ അപമാനിച്ചതിന്റെ ഫലം കിട്ടാറായി എന്നോർമിപ്പിക്കുക.**



വര: ജയേന്ദ്രൻ

പുത്രരെ ഓർമിച്ചു നീറുന്ന ആ അമ്മയെ ആശ്വസിപ്പിച്ചുകൊണ്ട് വാസുദേവൻ ഇങ്ങനെ പറഞ്ഞു.

'അമ്മേ, അവിടുന്ന് വീരപത്നിയും വീരപ്രസുവുമാണ്. ദു:ഖവും സുഖവും അറിവുള്ളവളേ, അവിടുന്ന് എല്ലാം സഹിച്ചേ മതിയാകൂ. പാണ്ഡവരും കൃഷ്ണയും അവിടുത്തെ നമസ്കരിച്ചു കുശലംചോദിക്കുന്നു. അവർ അരോഗരായി ശക്തരായി കഴിയുന്നു എന്നറിയിക്കുന്നു. അമ്മേ, ശത്രുജയത്തിനുശേഷം ഭൂമിക്ക് അധിപതികളായി അവർ അവിടുത്തെ മുന്നിൽവന്നു വന്ദിക്കുന്നതാണ്.'

കുന്തിയെ വലംവെച്ചു വന്ദിച്ച് കൃഷ്ണൻ വിദുരഗൃഹത്തിലേക്കുപോയി അവിടെ വിശ്രമിച്ചു. (തുടരും)




# 'കൊച്ചൗവ്വ പൗലോ അയ്യപ്പ കൊയ്‌ലോ' കുട്ടികൾക്കൊരു സന്ദേശം

**സുലോചന റാംമോഹൻ**

ലോകസിനിമാചരിത്രം പരിശോധിച്ചാൽ കുട്ടികൾക്കായുള്ള സിനിമകൾ ഏറെയുണ്ട്. എന്നാൽ മലയാളത്തിലേക്കു വരുമ്പോൾ അത്തരം സിനിമകൾ തുലോം കുറവാണ് എന്നു കാണാം. എന്നാൽ കുട്ടികളുടെ സിനിമ എന്ന വേർതിരിവില്ലാതെ കുറച്ചധികം സിനിമകൾ മലയാളത്തിൽ ഇറങ്ങിയിട്ടുണ്ട്. കുട്ടികൾക്കു പ്രാധാന്യമുള്ള 101 ചോദ്യങ്ങൾ എന്ന സിനിമയിലൂടെ മലയാളത്തിൽ അരങ്ങേറ്റം കുറിച്ച സിദ്ധാർത്ഥ ശിവ സംവിധാനം ചെയ്ത കൊച്ചൗവ്വ പൗലോ അയ്യപ്പ കൊയ്‌ലോ എന്ന സിനിമയും കുട്ടികളുടെ കഥയാണു പറയുന്നത്. മുതിർന്നവർക്ക് ബാലിശം എന്നു തോന്നുന്ന പല ആഗ്രഹങ്ങളും കുട്ടികൾക്ക് വളരെ വലുതാണ്. അത്തരം ആഗ്രഹങ്ങളെ കുട്ടികളുടെ ഉയർച്ചയ്ക്കായി എങ്ങനെ മാറ്റിത്തീർക്കാം എന്നാണ് ഈ സിനിമ പറയുന്നത്.

മലയാളത്തിൽ കുട്ടികൾക്കായുള്ള സിനിമകൾ അത്രയധികമുള്ളതായി അറിവില്ല. കുട്ടികളിൽ ചലച്ചിത്രാവബോധം വളർത്തണമെന്ന ആഗ്രഹം ഒട്ടുമേയില്ലാത്ത ഒരു സമൂഹമായതിനാലാവാം ഇങ്ങനെ സംഭവിക്കുന്നത്. പഠിത്തകാര്യങ്ങളിൽനിന്ന് അവരുടെ ശ്രദ്ധ തിരിക്കുകയും അവരെ 'ചീത്ത'യാക്കുകയും ചെയ്യുന്ന എന്തൊക്കെയോ സിനിമകളിലുണ്ട് എന്നു ചിന്തിക്കുന്നവർ ഏറെയാണ്.

എന്നാൽ അടുത്ത കാലത്തായി, സമൂഹത്തിൽത്തന്നെ കുട്ടികൾക്കെതിരെയുള്ള അക്രമങ്ങൾ അധികമായിത്തുടങ്ങിയ സാഹചര്യത്തിൽ, കുട്ടികളുടെ പ്രശ്നങ്ങൾ പ്രമേയമാക്കിയുള്ള സിനിമകൾ മുഖ്യധാരയിൽത്തന്നെ വരുവാൻ തുടങ്ങിയിട്ടുണ്ട്. 'സ്കൂൾ ബസ്', 'ആൻമരിയ കലിപ്പിലാണ്,' 'ഗപ്പി', 'കൊച്ചൗവ്വ പൗലോ അയ്യപ്പ കൊയ്‌ലോ' എന്നിങ്ങനെ കുട്ടികൾക്കായുള്ള സിനിമകൾ എന്നുള്ള വേർതിരിവില്ലാതെ പ്രദർശനത്തിനെത്തിയ പലതും പ്രേക്ഷകസ്വീകാര്യത നേടുകയുണ്ടായി. കുട്ടികൾക്ക് പ്രധാന വേഷങ്ങളുള്ള 'ജിലേബി', 'ഫിലിപ്സ് ആൻഡ് ദി മങ്കിപെൻ', 'ജോ ആൻഡ് ദി ബോയ്', എന്നിവയും പ്രസക്തമായ വിഷയങ്ങളാണ് കൈകാര്യം ചെയ്തിരിക്കുന്നതെന്നു കാണാവുന്നതാണ്.

'കൊച്ചൗവ്വ പൗലോ അയ്യപ്പ കൊയ്‌ലോ' വ്യത്യസ്തമായ പേരിനാൽ ശ്രദ്ധിക്കപ്പെട്ട സിനിമയാണ്. പൗലോ കൊയ്‌ലോ എന്ന എഴുത്തുകാരന്റെ ലോകപ്രശസ്തിയാർജിച്ച 'ദി ആൽക്കെമിസ്റ്റ്' എന്ന നോവലിലെ ഒരു ഉദ്ധരണിയാണ് ഈ പേരിനാധാരമായി പ്രമേയത്തിലുള്ളത്. കൊച്ചൗവ്വ എന്നു ഗ്രാമീണർ സ്നേഹത്തോടെ വിളിക്കുന്ന അജയ്കുമാർ എന്ന ചെറുപ്പക്കാരൻ ഗ്രാമത്തിലെ കുട്ടികളെ പ്രചോദിപ്പിക്കാനായി ഈ ഉദ്ധരണി സദാ ഉരുവിട്ടു നടക്കുന്നു – 'നിങ്ങൾ എന്തെങ്കിലും തീവ്രമായി ആഗ്രഹിക്കുകയാണെങ്കിൽ, ഈ പ്രപഞ്ചം മുഴുവൻ അതിനായി നിങ്ങളുടെ സഹായത്തിനെത്തിയിരിക്കും.'

അയ്യപ്പൻ എന്ന ബാലന് ഏറ്റവുമധികം ആഗ്രഹം വിമാനത്തിൽ കയറണമെന്നതാണ്. ഗൾഫിൽ ജോലി ചെയ്യുന്ന അച്ഛൻ രണ്ടു തവണ അതിനായി ഒരുക്കങ്ങൾ

നടത്തുന്നുണ്ടെങ്കിലും അവസാന നിമിഷം പ്രതിബന്ധങ്ങളാൽ അയ്യപ്പന് ആഗ്രഹസാഫല്യമുണ്ടാകുന്നില്ല. രണ്ടാം തവണ അച്ഛന് അപകടമരണം സംഭവിച്ചുവെന്ന വാർത്തയാണ് ഗ്രാമത്തിലെ കൊച്ചുവീട്ടിലെത്തുന്നത്. അതോടുകൂടി അയ്യപ്പനൊഴികെ മറ്റാർക്കും അവന്റെ ആഗ്രഹം ഒരു പ്രധാന വിഷയമല്ലാതെയായി.

യാദൃച്ഛികമായി അയ്യപ്പൻ ഒരു ദിവസം കൊച്ചൗവ്വയുടെ ഉദ്ധരണി കേൾക്കാനിടയാകുന്നു. ഗ്രാമത്തിലെ കുട്ടികളെ നീന്തൽ പഠിപ്പിക്കുന്നതിനിടെയാണ് കൊച്ചൗവ്വ അതു പറയുന്നത്. നീന്തൽ പഠിക്കുന്നത് വെറും വിനോദത്തിനായല്ല, ജീവിതത്തിൽ ഉയരങ്ങളിലെത്താനും അതു സഹായിച്ചേക്കാം എന്നാണു കൊച്ചൗവ്വയുടെ സിദ്ധാന്തം. അന്താരാഷ്ട്രതലത്തിലുള്ള നീന്തൽമത്സരങ്ങളിൽ പങ്കെടുത്ത് വിജയിക്കുന്നവർക്ക് കൂടുതൽ പരിശീലനത്തിനായി വിദേശത്ത് പോകുവാനും അതുവഴി ധനികനും പ്രശസ്തനുമാകുവാനുമുള്ള സാധ്യതകളുണ്ട് എന്ന കൊച്ചൗവ്വയുടെ പ്രഖ്യാപനം കേട്ട് അയ്യപ്പന്റെ സ്വപ്നം വീണ്ടും പൂവിടുകയാണ്.

നീന്തലിനോട് ഒട്ടും താത്പര്യമില്ലെങ്കിലും വിമാനം കയറാനാവുമെങ്കിൽ അതു പരിശീലിക്കുകതന്നെ എന്ന ദൃഢനിശ്ചയത്തോടുകൂടി അവൻ നീന്തൽ പഠിക്കാൻ ആരംഭിക്കുന്നു.

സമപ്രായക്കാരായ മറ്റു കുട്ടികളെക്കാൾ ആഗ്രഹവും നിശ്ചയദാർഢ്യവുമുള്ളതിനാൽ അയ്യപ്പൻ പെട്ടെന്നുതന്നെ ഏറ്റവും മിടുക്കനായ നീന്തൽ വിദ്യാർത്ഥിയാവുന്നു. കൊച്ചൗവ്വയ്ക്ക് അതോടുകൂടി അവനിൽ പ്രത്യേക താത്പര്യമായി. അവനോട് കൂടുതലടുക്കുമ്പോഴാണ് അവന്റെ ദീർഘകാല സ്വപ്നത്തിന്റെ കഥ കൊച്ചൗവ്വ മനസ്സിലാക്കുന്നത്. അന്താരാഷ്ട്ര നീന്തൽ മത്സരത്തിൽ പങ്കെടുപ്പിക്കുവാനായി പിന്നീടുള്ള ശ്രമങ്ങൾ ചെയ്യുന്നത് മുഴുവൻ കൊച്ചൗവ്വ എന്ന തൊഴിലില്ലാ ചെറുപ്പക്കാരനാണ്.

നാട്ടിൻപുറത്തുകാരുടെ നിഷ്കളങ്കതയും അകൃത്രിമ ജീവിതവും സാധാരണക്കാരുടെ പരസ്പര സഹായസഹകരണ മനോഭാവവുമെല്ലാം ഈ ചെറിയ സിനിമയെ സമ്പന്നമാക്കുന്ന കാഴ്ചകളാണ്. ഒരു കൊച്ചുകുട്ടിയുടെ സ്വപ്നവും അത് സാധ്യമാകാത്തതിലുള്ള തീവ്രദുഃഖവും നിരാശയുമെല്ലാം കൃത്യമായി പകർത്തിയിട്ടുണ്ട് ഈ സിനിമ. അവനെ സഹായിക്കാനെത്തുന്ന നാട്ടുകാർ, അവനായി അമ്പലത്തിൽ വഴിപാടു നേരുന്ന കളിക്കൂട്ടുകാരി എന്നിങ്ങനെ മറ്റുള്ളവരിലൂടെ ആ സ്വപ്നം വികസിക്കുന്നതും സഫലീകൃതമാകുന്നതുമാണ് കുട്ടികൾക്കുള്ള സന്ദേശമായി മാറുന്നത്. പൗലോ കൊയ്‌ലോയുടെ നിരീക്ഷണം പ്രാവർത്തികമാക്കുവാൻ നമുക്കാവശ്യം തീവ്രമായ ഒരാഗ്രഹവും അതിന്റെ പൂർത്തീകരണത്തിനായുള്ള നിരന്തരപരിശ്രമവുമാണ് എന്നു നമ്മോടു പറയുകയാണ് ഈ ചിത്രം.




സിദ്ധാർത്ഥ ശിവയാണ് ഈ ചിത്രത്തിന്റെ തിരക്കഥയും സംവിധാനവും. കൊച്ചൗവ്വയായി അഭിനയിക്കുന്ന കുഞ്ചാക്കോ ബോബനാണ് നിർമ്മാതാവ്. കേന്ദ്രകഥാപാത്രമായ അയ്യപ്പനെ അവതരിപ്പിക്കുന്നത് രുദ്രാക്ഷ്, നടൻ സുധീഷിന്റെ മകൻ കൂടിയാണ്. അമ്മ

യായി മുത്തുമണി, അമ്മൂമ്മയായി കെ പി എ സി ലളിത, അപ്പൂപ്പനായി നെടുമുടി വേണു, ചിറ്റപ്പനായി മണിയൻപിള്ള രാജുഎന്നിവരും അരങ്ങു തകർക്കുന്നുണ്ട്. കുട്ടികളെ പറ്റിച്ചു പണമുണ്ടാക്കുന്ന മദ്യപാനിയായ ഒരു നാട്ടുകാരനായി സുരാജ് വെഞ്ഞാറമൂടും ചിത്രത്തിലുണ്ട്. അന്താരാഷ്ട്ര നീന്തൽമത്സരം നടത്തുന്ന ക്ലബ്ബിന്റെ പ്രസിഡന്റായി മുകേഷിനുമുണ്ട് പ്രസക്തമായ വേഷം. നാട്ടിൻപുറത്തു നിന്നെത്തുന്ന സ്വിംസൂട്ടിനു പകരം ഒറ്റത്തോർത്തുടുത്തു നീന്താനിറങ്ങുന്ന അയ്യപ്പനെ പരിഹസിക്കുന്ന നഗരവാസികളായ കുട്ടികളെ തന്റെ നീന്തൽ മികവിനാൽ തോൽപ്പിക്കുന്ന അയ്യപ്പന് എല്ലാ





സിദ്ധാർത്ഥ ശിവ

സഹായവും ലഭിക്കുന്നത് മുകേഷിൽ നിന്നാണ്. മത്സരത്തിൽ ജയിക്കുകയും പിന്നീടുള്ള പരിശീലന യാത്രയ്ക്കുള്ള മുതൽമുടക്കു തയ്യാറാക്കുകയും ചെയ്തിട്ടും ഒരു പ്രാവശ്യം കൂടി സ്വപ്നസാഫല്യം മുടങ്ങുന്നതാണ് ക്ലൈമാക്സിലെ ഒരു ട്വിസ്റ്റ്. പക്ഷേ ആഗ്രഹം തീവ്രതരമായതിനാൽ പ്രപഞ്ചമതിനായി എങ്ങനെയൊരുങ്ങുന്നു എന്നിടത്താണ് സിനിമയുടെ സന്ദേശം തികഞ്ഞ പ്രചോദനമായി മാറുന്നത്. എന്തുകൊണ്ടും കുട്ടികൾ കണ്ടിരിക്കേണ്ടതും പൂർണമായി ഉൾക്കൊള്ളേണ്ടതുമായ ജീവിതപാഠമാണ് സിദ്ധാർത്ഥ ശിവ അണിയിച്ചൊരുക്കിയ 'കൊച്ചൗവ്വ പൗലോ അയ്യപ്പ കൊയ്‌ലോ' എന്ന ഈ മനോഹര സിനിമ.

# അക്ഷരചിത്രം

**ഭരണിക്കാവ് കൃഷ്ണൻ**

A ഉപയോഗിച്ച്
ഓട്ടൻതുള്ളൽക്കാരന്റെ മുഖം വരയ്ക്കാം.





ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

# എന്റെ സ്വപ്നത്തിലെ നിള!

**അർച്ചന റ്റി, ക്ലാസ് 9 ജി,**
**എം എൻ കെ എം ജി എച്ച് എസ് എസ്,**
**പുലാപ്പറ്റ പി ഒ, പാലക്കാട് 678632**

ഇന്നു ഞാൻ നേരത്തേ കിടന്നു. കിടക്കയിൽ കയറിക്കിടന്നതേ എനിക്ക് ഓർമയുള്ളൂ. ഞാൻ സ്വപ്നത്തിലേക്ക് വഴുതിവീണു. ഞാൻ നിൽക്കുന്നത് ഒരുകാലത്ത് കരകവിഞ്ഞൊഴുകിയ ഭാരതപ്പുഴയുടെ തീരത്താണ്. ഭാരതപ്പുഴ എന്നോട് കഥ പറയുകയാണ്. അവളുടെ ജീവിതകഥ. അവൾ പറഞ്ഞുതുടങ്ങി. ''ഞാൻ ഭാരതപ്പുഴ. ഒരുകാലത്ത് ജലസമൃദ്ധിയോടെ കരകവിഞ്ഞൊഴുകിയ പാലക്കാടിന്റെ സ്വന്തം നിള. എന്നെ നോക്കി കവികൾ എന്തെല്ലാം പാടിയിരിക്കുന്നു. എന്റെ ജീവൽസ്പന്ദങ്ങളാം മണൽത്തരികളിൽ കളിച്ചവർ, പാടിയവർ, എഴുതിയവർ... എല്ലാം, എത്ര പേർ? എന്നാൽ കാലംമാറി. നിങ്ങളും മാറി. ഒപ്പം എന്നെയും നിങ്ങൾ മാറ്റി. നിങ്ങളുടെ അത്യാഗ്രഹത്താൽ ജീവൽസ്പന്ദങ്ങളാം മണൽത്തരികളെ നിങ്ങൾ വാരിയെടുത്തു. എന്റെ രൂപം മാറിത്തുടങ്ങി. നദിയിൽ നിന്ന് അരുവിയിലേക്ക്. അരുവിയിൽ നിന്ന് തോടിലേക്ക്. തോടിൽനിന്ന് നീർച്ചാലിലേക്ക്. ഇന്ന് വെറും നീർച്ചാൽ മാത്രമാണ് ഞാൻ. ഞാനൊരു മണൽപ്പരപ്പു മാത്രമാവുകയാണ്. ഞാനെങ്ങനെയിങ്ങനെയായി? ആരെന്നെയിങ്ങനെയാക്കി? എന്തിനെന്നെ ഇങ്ങനെയാക്കി?'' പെട്ടെന്ന് ഞാൻ സ്വപ്നത്തിൽ നിന്ന് ഉണർന്നു. എന്നാലും എന്റെ മനസ്സിൽ അവൾ ചോദിച്ച ചോദ്യങ്ങൾ ബാക്കി. ആ ചോദ്യങ്ങൾ ഉത്തരം ലഭിക്കാതെ മനസ്സിൽ അലയുന്നു. എന്നാൽ ഒന്നെനിക്കറിയാം. നിളയെ ഇങ്ങനെയാക്കിയതിൽ നമ്മുടെ പങ്ക് എത്രയോ വലുതാണ്....



വര: ഗോപു പട്ടിത്തറ

## വര



അനൻ ജോസഫ്, ക്ലാസ് 6, ബോയ്സ് എച്ച് എസ് എസ്, പുനലൂർ

# ഞാൻ അമ്മേടെ പൊന്നോമന



നന്ദന എം. ക്ലാസ് 6 ബി,
പി കെ എം എ യു പി സ്കൂൾ, ചിറ്റിലഞ്ചേരി,
പാലക്കാട് 678704

*"പിണങ്ങിപോയെന്നാലും
പിന്നെ ഞാൻ വിളിക്കുമ്പോൾ
കുണുങ്ങിക്കുണുങ്ങി നീ
ഉണ്ണുവാൻ വരാറില്ലേ...."*

അമ്മയ്ക്ക് അത്രയ്ക്കും ഇഷ്ടപ്പെട്ട ഞാൻ കുട്ടിക്കാലത്ത് അങ്ങനെ കുണുങ്ങി ചെല്ലാറുണ്ടായിരുന്നു. പിണക്കത്തേക്കാൾ വലുതാണെന്റെ ഭക്ഷണക്കൊതി. അതറിയാമായിരുന്ന അമ്മ മോര് കൂട്ടിക്കുഴച്ച ചോറ് എടുത്തുവച്ചു മാടിവിളിച്ച് "വാ മോളേ, വിശക്കും, ഇത്തിരി ഉണ്ടിട്ടു പോ" എന്നു വിളിക്കുന്നതും കൊതിച്ചിയായ ഞാൻ പിണക്കം മാറ്റിവച്ച് നാണംകുണുങ്ങി അടുത്തുചെന്ന് അർധസമ്മതം ഭാവിച്ച് കൈനീട്ടുന്നതും എന്റെ മനസ്സിലെ മായാത്ത ചിത്രമാണ്.



വര: ഗോപു പട്ടിത്തറ

# ഏത് അല്പവിഭവനും കയറിക്കളിക്കാവുന്ന പുറമ്പോക്കുഭൂമിയല്ല ബാലസാഹിത്യം - ടി പത്മനാഭൻ




ഏറ്റവും മികച്ച ബാലസാഹിത്യം ഉണ്ടായിട്ടുള്ളത് ഇന്ത്യയിലാണെന്ന് കഥാകൃത്ത് ടി പത്മനാഭൻ അഭിപ്രായപ്പെട്ടു. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മാർച്ച് 24ന് പയ്യന്നൂരിൽ സംഘടിപ്പിച്ച ബാലസാഹിത്യ ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏത് അല്പവിഭവനും കയറിക്കളിക്കാനുള്ള പുറമ്പോക്കുഭൂമിയല്ല ബാലസാഹിത്യം. ഏറെ ഗൗരവത്തോടെ സമീപിക്കേണ്ട ഒന്നാണ് അത്. മികച്ച സാഹിത്യകാരരെല്ലാം മികച്ച ബാലസാഹിത്യകാരർ കൂടിയാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അദ്ധ്യക്ഷനായിരുന്നു. ഭരണസമിതി അംഗം റൂബിൻ ഡിക്രൂസ്, പി വി കുഞ്ഞപ്പൻ, പയ്യന്നൂർ കുഞ്ഞിരാമൻ, ഇ പി ആർ വേശാല, ജി ഡി നായർ, കെ കൃഷ്ണൻ എന്നിവർ സംസാരിച്ചു. അൻപതോളം ബാലസാഹിത്യകാരർ ക്യാമ്പിൽ പങ്കെടുത്തു. ബാലസാഹിത്യമേഖലയിലെ പ്രമുഖർ ക്ലാസുകൾ നയിച്ചു.

## സർഗവസന്തം 2017 ലോഗോ കവി പ്രഭാവർമ്മ പ്രകാശിപ്പിച്ചു



കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കായി നടത്തുന്ന സർഗവസന്തം 2017 സംസ്ഥാനതല അവധിക്കാലക്യാമ്പുകളുടെ ലോഗോ പ്രഭാവർമ്മ വിനോദ് വൈശാഖിക്കു നൽകി പ്രകാശിപ്പിച്ചു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ ചടങ്ങിൽ സംബന്ധിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിലെ ആർട്ടിസ്റ്റ് അരുണ ആലഞ്ചേരിയാണ് ലോഗോ രൂപകല്പന ചെയ്തത്.

# സർഗവസന്തം 2017




കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കായി വേനലവധിക്കാലത്തു സംഘടിപ്പിക്കുന്ന സഹവാസക്യാമ്പുകൾ ആരംഭിച്ചു. നാടകം, കവിത, കഥ, ചിത്രരചന, മാധ്യമം, പരിസ്ഥിതി, ശാസ്ത്രം എന്നീ വിഷയങ്ങളിലാണ് ക്യാമ്പുകൾ. സംസ്ഥാനതല ഉദ്ഘാടനം പ്രശസ്ത കഥാകൃത്ത് മുണ്ടൂർ സേതുമാധവൻ നിർവഹിച്ചു. ഏപ്രിൽ 9ന് പാലക്കാട് മുണ്ടൂർ ഐ ആർ ടി സിയിൽ നടന്ന ചടങ്ങിൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അദ്ധ്യക്ഷനായിരുന്നു. നാടകക്യാമ്പാണ് പാലക്കാട് നടന്നത്. നരിപ്പറ്റ രാജുവിന്റെ നേതൃത്വത്തിലായിരുന്നു ക്യാമ്പ്.



## അധഃസ്ഥിതർക്ക് വിദ്യ നിഷേധിച്ച കാലത്തിന്റെ പ്രതിനിധിയാണ് ഏകലവ്യൻ

### മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ

അധഃസ്ഥിതർക്ക് വിദ്യ നിഷേധിച്ച കാലത്തിന്റെ പ്രതിനിധിയാണ് ഏകലവ്യനെന്ന് മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ അഭിപ്രായപ്പെട്ടു. വേർതിരിവില്ലാത്ത നന്മയുള്ള ലോകത്തെ സൃഷ്ടിക്കാൻ ഏകലവ്യന്റെ കഥ പ്രചോദനമാകണം, മന്ത്രി പറഞ്ഞു. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കായി നടത്തുന്ന സർഗവസന്തം 2017 കവിതാക്യാമ്പ് കൊല്ലം മൺറോത്തുരുത്തിൽ ഏപ്രിൽ 17ന് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. ചടങ്ങിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അദ്ധ്യക്ഷനായിരുന്നു. മൺറോത്തുരുത്ത് പഞ്ചായത്തുപ്രസിഡന്റ് ബിനു കരുണാകരൻ, കവി വിനോദ് വൈശാഖി, മാർത്തോമാ ധ്യാന കേന്ദ്രം ഡയറക്ടർ ഫാ. മാത്യു മത്തായി, ഇൻസ്റ്റിറ്റ്യൂട്ട് പ്രതിനിധികളായ ബി എസ് പ്രദീപ്കുമാർ, സാജി എസ് വി എന്നിവർ സംസാരിച്ചു. വിവിധ ജില്ലകളിൽനിന്നുള്ള നാൽപ്പതോളം കുട്ടികൾ പങ്കെടുത്തു. ഗിരീഷ് പുലിയൂർ ആണ് ക്യാമ്പ് ഡയറക്ടർ.

വിനോദ് വൈശാഖി, ശ്രീജിത്ത് പെരുന്തച്ചൻ, വി എസ് ബിന്ദു, ഡോ. സി ഉണ്ണി

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.

Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.



ക്കൃഷ്ണൻ, സിപ്പി പള്ളിപ്പുറം, ഡോ. സിഗ്മ സതീഷ്, കുരീപ്പുഴ ഫ്രാൻസിസ്, ജയചന്ദ്രൻ കടമ്പനാട് എന്നിവർ കുട്ടികളുമായി സംവദിച്ചു. കവി ഡി വിനയചന്ദ്രന്റെ സ്മൃതി മണ്ഡപം കുട്ടികൾ സന്ദർശിച്ചു. സമാപന സമ്മേളനം കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്തു.

## വായന കുറയുന്നു എന്ന് ആശങ്കപ്പെടേണ്ട
## ടി ഡി രാമകൃഷ്ണൻ




വായന കുറയുന്നു എന്ന് ആശങ്കപ്പെടേണ്ടെന്ന് ടി ഡി രാമകൃഷ്ണൻ. വലിയ ആത്മവിശ്വാസമുള്ള കുട്ടികളാണ് ഇപ്പോഴുള്ളത്. ഒരു പുസ്തകം വായിക്കാൻ കിട്ടാൻ ഏറെ പ്രയാസമായിരുന്നു പണ്ട്. എന്നാൽ ഇന്നങ്ങനെയല്ല. നിരവധി സാധ്യതകളാണ് ഇന്ന് കുട്ടികൾക്കു മുന്നിലുള്ളത്. അദ്ദേഹം പറഞ്ഞു. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച കുട്ടികൾക്കായുള്ള സർഗവസന്തം 2017 കഥാക്യാമ്പ് കോട്ടയത്ത് ഏപ്രിൽ 21ന് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നുഅദ്ദേഹം.

ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അദ്ധ്യക്ഷനായിരുന്നു. ഭരണസമിതി അംഗം സെബാസ്റ്റ്യൻ പള്ളിത്തോട് ക്യാമ്പ് ഡയറക്ടർ ജി ആർ ഇന്ദുഗോപൻ, ഡോ. കുര്യാസ് കുമ്പളക്കുഴി, ജെ എൻ സെലിൻ തുടങ്ങിയവർ സംസാരിച്ചു.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017

RNI No. 20076/70 May 2017
Regd KL/TV (N)/399/2015-2017 Published on 29-04-2017 Vol:23, Issue:05, ₹15



**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം**

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org

# ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് പാലക്കാട് തുടങ്ങിയയിടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പുസ്തകത്തിന്റെ വില MO/DD ആയി അയച്ചാൽ തപാൽവഴി പുസ്തകം ലഭ്യമാകും.




## തളിര്

**കുട്ടികളുടെ മാസിക**
**വില 15രൂപ**

**വാർഷികവരിസംഖ്യ 160രൂപ**
വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക.